

# കടലാസുവഞ്ചി

അനുഭവങ്ങളുടെ തിരമാലകൾതാണ്ടി
ഓർമ്മകളുടെ ദുനിയാവിലേക്കൊരു യാത്ര.....

**ANNUAL MAGAZINE 2020**
**COLLEGE OF ENGINEERING MUNNAR**





മായുകില്ല നിങ്ങൾ
ഒരിക്കലും. സ്മരണയായി സമർപ്പിക്കുന്നു
ഞങ്ങളുടെ ഓരോ ജീവനും. പതറാതെ
മുന്നോട്ട്.....

# അകാലത്തിൽ മാഞ്ഞുപോയവർ



പ്രജീഷ്



ഡേവിഡ്



ലൂസി



## സന്തോഷ് കുളങ്ങര

ജീവിതയാത്രയുടെ ആദ്യ ഘട്ടത്തിലാണല്ലോ നിങ്ങൾ എഞ്ചിനീയറിംഗ് കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥികൾ. ആ യാത്ര ആവേശഭരിതമായ ഒന്നാവണം. ലക്ഷ്യത്തിൽ എത്തിച്ചേരുന്ന ഒരു യാത്ര ആവണം, ഒപ്പം സഹജീവികൾക്ക് പ്രയോജനമുണ്ടാവുന്ന ഒരു യാത്രയും ആകണം. അങ്ങനെയൊരു യാത്ര എല്ലാ വിദ്യാർത്ഥികൾക്കും സാധ്യമാവട്ടെ എന്ന് ഞാൻ ആശംസിക്കുന്നു. മൂന്നാർ എഞ്ചിനീയറിംഗ് കോളേജിൻെറ മാഗസിൻ 2020 ക്ക് എല്ലാവിധ ആശംസകളും.



## സുജിത് ഭക്തൻ

എൻെറ കരിയർ യാത്രകളിലാണ് എന്ന് ഞാൻ മനസ്സിലാക്കുന്നത് മൂന്നാറിൽ വെച്ചാണ്, ഇവിടെ നിന്നും 3 വർഷം മുൻപ് മൂന്നാറിൽ വെച്ചാണ് എൻെറ യാത്രകളുടെ ആരംഭം. എൻെറ ജീവിതത്തിൽ ഞാൻ എത്ര തവണ മൂന്നാർ സന്ദർശിച്ചിട്ടുണ്ടെന്ന് എനിക്ക് തന്നെ അറിയില്ല. എന്തോ ഒരു പ്രത്യേക ശക്തി എന്നെ ഇപ്പോഴും മൂന്നാറിലേക്ക് ആകർഷിക്കുന്നുണ്ട്. ഏത് വിദേശ രാജ്യത്ത് പോയാലും തിരികെ വന്നയുടൻ ഞാനൊരു മൂന്നാർ യാത്ര പോകും. മനസ്സും ശരീരവും ഒന്ന് ശാന്തമാക്കുവാൻ ഇടുക്കി എന്നെ വളരെയധികം സഹായിക്കുന്നുണ്ട്. എന്തോ വല്ലാത്ത ഒരു പ്രണയമാണ് എനിക്ക് മൂന്നാറിനോട്. എൻെറ പ്രിയപ്പെട്ട മൂന്നാറിൽ സ്ഥിതി ചെയ്യുന്ന കോളേജ് ഓഫ് എഞ്ചിനീയറിംഗ് ഇറക്കുന്ന കോളേജ് മാഗസിന് എൻെറ എല്ലാ വിധ ആശംസകളും. അവിടെ പഠിക്കുന്ന നിങ്ങൾ ഓരോ വിദ്യാർത്ഥികളും ഭാഗ്യം ചെയ്തവരാണ്. ഇന്നല്ലെങ്കിൽ നാളെ നിങ്ങളും പ്രണയിക്കും നമ്മുടെ സ്വന്തം മൂന്നറിനെ.



## മുരുകൻ കാട്ടാക്കട

മാഗസിൻ 2020 യ്ക്കും കോളേജിനും മാഗസിൻ കമ്മിറ്റിക്കും വിദ്യാർത്ഥികൾക്കും എല്ലാ ആശംസകളും വിജയങ്ങളും നേരുന്നു. ഇതൊരു പ്രതിസന്ധി ഘട്ടമാണെന്ന് നമുക്കറിയാം. എല്ലാ അർത്ഥത്തിലും മാനവരാശി ഒരു പ്രതിസന്ധിയെ തരണം ചെയ്യുന്നതിനുള്ള തത്രപാടിലാണ്. മൂന്നാർ എഞ്ചിനീയറിംഗ് കോളേജിലെ വിദ്യാർത്ഥികളുടെ ഈ അതിജീവന കാലത്തെ മാസസിന് ജീവിതയാത്രയാണ് പ്രമേയം. നമ്മൾ ഈ യാത്ര തുടരുക തന്നെ ചെയ്യും. എല്ലാ പ്രതിസന്ധികളെയും അതിജീവിച്ച്കൊണ്ട് നമ്മൾ യാത്ര തുടരുക തന്നെ ചെയ്യും. 2020 ലെ കോളേജ് മാഗസിന് എന്റെ ഹൃദയം നിറഞ്ഞ ആശംസകൾ നേരുന്നു.



## എൻ.വി.സോമരാജൻ

പ്രകൃതി മാതാവിന്റെ മടിത്തട്ടിൽ ഉദയ സൂര്യന്റെ അരുണകിരണങ്ങളും, അസ്തമയ സൂര്യന്റെ പൊൻകിരണങ്ങളും ഏറ്റുവാങ്ങി മനോഹാരിതയുടെ പച്ച മേലാപ്പും ചാർത്തി തലമുറകൾക്ക് അറിവിന്റെ അക്ഷയ ജ്യോതി പകർന്ന് പരിലസിക്കുന്ന കോളേജ് ഓഫ് എഞ്ചിനീയറിംഗ് മൂന്നാറിലെ വിദ്യാർത്ഥികളുടെ സർഗ്ഗാത്മകത മൂന്നാറിന്റെ ഹൃദയ ധമനികളെ പുളകച്ചാർത്ത് അണിയിച്ചു കൊണ്ട് ഒഴുകുന്ന മുതിരപ്പുഴ, നല്ലതണ്ണി, കുണ്ടള എന്നീ പുഴകളുടെ ഓളങ്ങൾ പോലെ ഏവരേയും തഴുകിയുണർത്തി അതിവേഗം അവിരാമം മാനവികതയുടെ മണിനാദമായി ദിഗന്തങ്ങളിൽ മാറ്റൊലിക്കൊള്ളട്ടെയെന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുന്നു. എല്ലാവിധ നന്മകളും ഭാവുകങ്ങളും നേരുന്നു.



കേരള സർക്കാർ

**പിണറായി വിജയൻ**

മുഖ്യമന്ത്രി

നം.472/പസ്/സി.എം.ഒ/2020.

ജൂലൈ 21, 2020.

**<u>സന്ദേശം</u>**

കോളേജ് ഓഫ് എഞ്ചിനീയറിംഗ് മൂന്നാർ ഈ അധ്യയന വർഷത്തെ കോളേജ് മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷം.

വിദ്യാർത്ഥികളുടെ സർഗ്ഗാത്മക രചനകൾ, കോവിഡ്കാല അനുഭവക്കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തി പ്രസിദ്ധീകരിക്കുന്ന മാഗസിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

**പിണറായി വിജയൻ**



ഡോ. കെ.ടി.ജലീൽ
ഉന്നത വിദ്യാഭ്യാസ, ന്യൂനപക്ഷ ക്ഷേമ,
വഖഫ് & ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി

കേരള സർക്കാർ

തിരുവനന്തപുരം

തീയതി 05-08-2020

## സന്ദേശം

കോളേജ് ഓഫ് എഞ്ചിനീയറിംഗ്, മൂന്നാർ 2020 വർഷത്തെ കോളേജ് മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിയുന്നതിൽ സന്തോഷമുണ്ട്.

ഈ മാഗസിൻ നിലപാടുകളുടെ തെളിമ കൊണ്ടും സമീപനത്തിലെ കൃത്യത കൊണ്ടും സമ്പന്നമാകട്ടെ എന്ന് പ്രത്യാശിക്കുന്നു.

കലാലയ മാഗസിന് എല്ലാവിധ ഭാവുകങ്ങളും നേർന്നു കൊണ്ട്

സ്നേഹപൂർവ്വം

ഡോ. കെ. ടി.ജലീൽ



ഡോ. ജയരാജു മാധവൻ
പ്രിൻസിപ്പാൾ

## സന്ദേശം

എല്ലാ യാത്രകൾക്കും ആരംഭവും അവസാനവുമുണ്ട്.....
ഇടത്താവളങ്ങളും ഇടവേളകളുമുണ്ട്.......
ജീവിതമെന്ന യാത്രയും വ്യത്യസ്തമല്ല.
അതൊരു നദിയുടെ യാത്ര പോലെയാണ്.

നീർച്ചാലുകൾ സംഗമിച്ച് മഹാനദിയായി

നിരന്നും, നിവർന്നും, പരന്നും, കുതിച്ചും, കിതച്ചും പിന്നെ മെലിഞ്ഞു....ഒഴുകുന്ന നദിയുടെ നീർച്ചാൽ സംഗമ ഭൂമിയാണ് കലാലയങ്ങൾ...ജീവിതത്തിൻെറ നിമ്നോന്നതങ്ങളിലൂടെ കുതിച്ചു പായാൻ.... ഈ കിതപ്പിൻെറ കാലത്തും നമുക്ക് കരുത്തു നേടാം........

ആശംസകളോടെ
ഡോ. ജയരാജു മാധവൻ
ചീഫ് എഡിറ്റർ

# Staff Editor



മനോജ് ആർ

എല്ലാ വർഷത്തെയും പോലെ ഇത്തവണയും കോളേജ് ഓഫ് എഞ്ചിനീയറിംഗ് മൂന്നാർ ആനുവൽ മാഗസിൻ ആയി നിങ്ങൾക്ക് മുന്നിലേക്ക് എത്തുകയാണ്. പതിവ് പോലെ ഒരു വിഷയം ആസ്പദമാക്കിയാണ് എഡിറ്റോറിയൽ ബോർഡ് മാഗസിനെ അവതരിപ്പിക്കുന്നത്–'ജീവിതയാത്ര'.

കൊറോണ വൈറസ് നമ്മെയെല്ലാം ലോക് ഡൗൺ ആക്കി, യാത്രകൾ മുടങ്ങിയിരിക്കുന്ന ഒരു സമയത്താണ് ഈ 'കടലാസുവഞ്ചി' തയ്യാറാക്കിയത്. എല്ലാവരും ഒരു യാത്ര പോകാൻ ആഗ്രഹിക്കുന്നുണ്ടാവാം. ഓരോ യാത്രയും പകരുന്ന ഒരു ഊർജമുണ്ട്....ഒരു നവോന്മേഷമുണ്ട്. അതുപോലെ നമുക്കും മനസുകൊണ്ട് ഒരു യാത്ര പോകാം.....'കടലാസുവഞ്ചി' യിൽ.

ഇതിൻെറ അണിയറയിൽ പ്രവർത്തിച്ച ഓരോരുത്തരേയും അഭിനന്ദിക്കുന്നു. പ്രത്യേകിച്ച് കൊറോണക്കാലത്തെ അനിശ്ചിതത്വത്തിൽ മരവിച്ച് നിൽക്കതെ വഞ്ചിയിറക്കാൻ അമരത്തു നിന്ന സ്റ്റുഡൻറ് എഡിറ്റർ നവനീതയും കൂട്ടുകാരും. ഒപ്പം വഞ്ചിയിലെ കാഴ്ചകൾ അവതരിപ്പിച്ചവരേയും.

ഒരു പ്രത്യേകത കൂടി പറഞ്ഞു കൊള്ളട്ടെ. കോളേജ് അതിൻെറ യാത്ര തുടങ്ങിയിട്ട് 20 വർഷങ്ങൾ പിന്നിടുമ്പോളാണ് 'കടലാസുവഞ്ചി' നിങ്ങളിലേക്ക് എത്തിച്ചേരുന്നത്.

മനോജ് ആർ

# Student Editor



നവനീത യൂ എസ്

" അന്യഥാ ചിന്തിതം കാര്യം.
ദൈവമന്യത്ര ചിന്തയേത്."

നാം ഒരു വിധത്തിൽ ചിന്തിക്കുന്നു ദൈവം അത് മറ്റൊരു വിധത്തിൽ ചിന്തിക്കുന്നു.

ഓളങ്ങൾ പോലെ ആണ് ജീവിതവും. ചിലപ്പോൾ ഉയരും ചിലപ്പോഴത് താഴും. ആ ഓളങ്ങളിൽ പൊങ്ങിയും, താണും, ആടിയുലഞ്ഞും പൊയ്ക്കൊണ്ടിരിയ്ക്കുന്ന നാം ആകുന്ന കടലാസുവഞ്ചി. ഒരുപാട് മുഖങ്ങൾ, അനുഭവങ്ങൾ അതിലേറെ കാര്യങ്ങൾ പഠിച്ചും ആ യാത്രയിൽ.......
"അനുഭവത്തേക്കാൾ വലിയൊരു പാഠവും, ജീവിതത്തേക്കാൾ വലിയൊരു വിദ്യാലയവും ഇല്ല."
എങ്കിലും ഈ തോണി കടിഞ്ഞാണില്ലാത്ത കുതിരയെപ്പോലെ അതിവേഗം പൊയ്ക്കൊണ്ടിരിക്കും...ഒരു ലക്ഷ്യത്തിലേക്ക്. ജീവിതയാത്രയിലെ ഓരോ നിമിഷങ്ങളും കണ്ടുമറന്നതും കാണാനാഗ്രഹിച്ചതുമായ കാഴ്ച്ചയെ ഓർമ്മിപ്പിക്കാനായി ആ കടലാസുവഞ്ചിയിൽ ഒരു യാത്ര പോകാം...

" അനുഭവങ്ങളുടെ തിരമാലകൾതാണ്ടി ഓർമ്മകളുടെ ദുനിയാവിലേക്കൊരു യാത്ര......"



# കടലാസുവഞ്ചി

അങ്ങ് ദൂരെയാണ് ആ നീലാകാശം. താഴ്ന്ന് പൊങ്ങുന്ന ഓളപ്പരപ്പിന് മീതെ, കടലാസു വഞ്ചി തന്റെ യാത്രക്കൊരുങ്ങി, എത്ര ദൂരത്തേക്കെന്നറിയില്ല ഓളങ്ങൾ വിഴുങ്ങുന്നത് വരെ നീലാകാശത്തെ പിന്തുടരുക തന്നെ ചെയ്യും. ഒരു നീണ്ട യാത്രക്ക് നേരം ആയി.



ANNUAL MAGAZINE 2020
COLLEGE OF ENGINEERING MUNNAR


| | | |
|---|---|---|
| Chief Editor | : | Dr. Jayaraju Madhavan |
| Staff Editor | : | Mr. Manoj R |
| Student Editor | : | Ms. Navaneetha U S |
| Editorial Board | : | Ms. Sunanda S<br>Ms. Seethal Anna Thomas<br>Ms. Anjana S<br>Mr. Bijish Krishnan U K<br>Mr. Arjun M V |
| Design & Layout | : | Mr. Abhijith S Pillai<br>Mr. Sourav A S<br>Mr. Athul Ajay Ghosh |
| Illustrations | : | Mr. Clintu Tom Chacko<br>Mr. Vaishagh P |
| Owner Of Publication | : | College of Engineering Munnar |




ജ്വലിച്ച് തീരുംമുമ്പേ അണച്ചത് എന്തിനാണ് കാലമേ
അണയുകില്ല ഞങ്ങൾ എന്നും ജ്വലിച്ച്തന്നെ നിൽക്കും.



മരണവീട്ടിലെ മഴ
തോരുന്നില്ല
ശപിച്ചുകൊണ്ട് ബന്ധുക്കൾ
മഴയെ പ്രണയിച്ചവന്റെ
മരണത്തിനു
വരാതിരിക്കാനാവില്ലല്ലോ
എന്ന് മഴയും...!

എ അയ്യപ്പൻ

July 29 1920

അതിരാവിലെ കനത്ത മഞ്ഞാണ്, മനസും ശരീരവും
ഒരു പോലെ വിറങ്ങലിച്ചു പോകുന്ന തണുപ്പ് . ഇനി
ഒരു യാത്രപോക്ക് ഉണ്ടോ എന്ന് അറിയില്ല. ചിലപ്പോൾ
ഇത് എന്റെ അവസാനത്തെ താളുമായിരിക്കും.
പ്രകൃതിയുടെ പല ഭാവങ്ങളും കണ്ടിരിക്കുന്നു.
ജീവിതത്തിൽ ആദ്യമായി ഭയം തോന്നുന്നു.
ദുരിദപെയ്ത്ത് തീരുന്നില്ല. ഒരു മനുഷ്യസമൂഹത്തിന്റെ
വിയർപ്പും കഷ്ടപ്പാടും എല്ലാം ഒരു നിമിഷം കൊണ്ട്
ഒലിച്ച് പോയിരിക്കുന്നു. താണ്ടി വന്ന വഴികൾ ഇല്ല,
കണ്ടുമുട്ടിയ ആൾക്കാരും ഇല്ല, ഇപ്പോൾ ഞാൻ
ഒരാൾമാത്രം. കാലമേ.... എന്നേയും നീ മയിച്ച്
കളയുകയാണോ ഈ ഓളപ്പരപ്പിൽ?

അതോ ഈ നാടിനേതന്നെയോ? യാത്ര
അവസാനിപ്പിക്കാൻ കഴിയാത്ത ഒരു സഞ്ചാരി ആയി
ഞാനും വിടവാങ്ങിയേക്കാം.......





# കഥയുറങ്ങുന്ന വഴിയിലൂടെ

19ാം നൂറ്റാണ്ടിൻെറ തുടക്കം. ഇന്ത്യയിൽ ബ്രിട്ടീഷുകാർ കച്ചവടത്തിനും മറ്റുമായി നമ്മുടെ നാട്ടിലേക്ക് വന്ന കാലം. കാടുകളും, അരുവികളും, കറുത്ത തടാകങ്ങളുമായി മഞ്ഞിൽ പൊതിഞ്ഞൊരു പ്രദേശം. പുരോഗമനം എന്തെന്ന് പോലും അറിയാത്ത കുറച്ച് ജനങ്ങൾ കാടിൻെറ താഴെയായി താമസിച്ചു വന്നു. കാടിൻെറ സംഗീതം കേട്ട് വളർന്നവർക്ക് അവിടമെല്ലാം മനപ്പാഠം ആയിരുന്നു. എന്തോ കാരണം കൊണ്ട് ശപിക്കപ്പെട്ട ആനക്കൂട്ടങ്ങൾ മലയായി മാറിയെന്ന് അവർ സങ്കൽപ്പിച്ച്പോന്ന ആനമുടി പശ്ചിമഘട്ടത്തിൻെറ കാവൽക്കാരനായി തലയുയർത്തി നിന്നു. ബ്രിട്ടീഷുകാർ അക്കാലത്ത് ഇന്ത്യയുടെ പല ഭാഗങ്ങളിലായി അധികാരം സ്ഥാപിച്ചു തുടങ്ങി. തമിഴ്നാട്ടിലും ഇവർ ഇവർ എത്തിയതോടെ മദ്രാസ് പ്രസിഡൻസി രൂപം കൊണ്ടു. ഒരിക്കൽ തിരുവിതാംകൂർ സർക്കാരും, മദ്രാസ് പ്രസിഡൻസിയും തമ്മിൽ അതിർത്തി തർക്കം ഉണ്ടായി. തർക്കം പരിഹരിക്കാനായി അക്കാലത്തെ കൃഷിയിടങ്ങളിലെ സൂപ്പ ർവൈസറും, ബ്രിട്ടീഷ് ഉദ്യോഗസ്ഥനായ ജോൺ ഡാനിയൽ മൺറോയെ ഭൂമിയുടെ സർവ്വേ ചുമതല ഏൽപ്പിച്ചു. ഘോരവനങ്ങളിലൂടെ സഞ്ചരിക്കാനും, കാട്ടുപാത കാണിച്ച് സഹായിക്കാനുമായി കണ്ണൻ ദേവൻ എന്ന മുതുവാൻ വംശത്തിലെ സഹോദരന്മാർ അദ്ദേഹത്തിൻെറ കൂടെ സഞ്ചരിച്ചു. ഘോരവനം താണ്ടി മലകൾ കയറി എത്തിയ മൺറോയെ കാത്തിരുന്നത് മൂന്നാർ എന്ന്, നാം ഇന്ന് അറിയുന്ന പ്രദേശത്തിൻെറ പ്രകൃതി ഒരുക്കിയ ദൃശ്യവിരുന്നായിരുന്നു. എല്ലാ ത്തിനും

ഉപരിയായി യൂറോപ്യൻ കാലാവസ്ഥ എന്ന പോലെ തണുപ്പും, കണ്ണിന് കുളിർമ്മ നൽകുന്ന കോടയും. ആ പ്രദേശത്തിൻെറ സൗന്ദര്യം കണ്ട മൺറോ, അവിടുത്തെ സാധ്യതകളും മനസ്സിലാക്കി, അവ സ്വന്തമാക്കണമെന്ന് ആഗ്രഹിച്ചു. തുടർന്ന് നാം ഇന്ന് കാണുന്ന മൂന്നാറിനെ കെട്ടിപ്പടുക്കാനുള്ള ശ്രമങ്ങൾ തുടങ്ങി. തിരുവിതാംകൂർ സർക്കാരിൻെറയും, പൂഞ്ഞാർ രാജവംശത്തിൻെറയും അനുമതി ലഭിച്ചശേഷം മലനിരകളാൽ ചുറ്റപ്പെട്ട സ്ഥല ത്തിൻെറ കൃഷി സാധ്യതകൾ മനസ്സിലാക്കി സ്ഥലങ്ങൾ ഭാഗിച്ച് പാട്ടത്തിന് നൽകി. കേരള ത്തിൽ നിന്നും തമിഴ്നാട്ടിൽ നിന്നുമായി ആളുകൾ ഇവിടേക്ക് വന്ന് ബ്രിട്ടീഷ് അധികാരികളുടെ അടിമകളായി തൊഴിൽ ചെയ്തു. ആദ്യകാലങ്ങളിൽ സുഗന്ധവ്യഞ്ജനങ്ങൾ കൃഷി ചെയ്തു വന്നു. പിന്നീട് ഭക്ഷ്യ ക്ഷാമത്തെ തുടർന്ന് വിളകൾ കൈമാറ്റം ചെയ്ത് കാട്ട് വഴികളിലൂടെ കാളവണ്ടികളിലും, തലചുമടായും മലകൾ കയറി മറ്റ് സാധനങ്ങളും ഇവിടേക്ക് എത്തിച്ചു. മദ്രാസിലും മറ്റിടങ്ങളിലുമായി താമസിച്ച ബ്രിട്ടീഷുകാർ ചൂട് സമയങ്ങളിൽ വന്ന് വിശ്രമിക്കുവാൻ ഉള്ള സ്ഥലമായി മാറിയ മൂന്നാറിലേക്ക് യൂറോപ്യൻ പഴവർഗ്ഗങ്ങളും, പച്ചക്കറികളും കൃഷിചെയ്യാൻ എത്തിച്ചു. ഒപ്പം ചെറിയ തോതിൽ തേയില കൃഷിയും ആരംഭിച്ചു.

കൂടെ സഞ്ചരിച്ച് ഒരു പ്രകൃതി സുന്ദരിയെ കാണിച്ചു കൊടുത്ത സഹോദരന്മാരോട് ആദരവ് തോന്നിയ മൺറോ, മൂന്നാറിലെ മലനിരകൾക്ക് കണ്ണൻദേവൻ ഹിൽസ് എന്ന് പേരും നൽകി. തേയിലയും, കാപ്പിയും, ഏലവും മറ്റ് ഭക്ഷ്യവസ്തുക്കളും നല്ല രീതിയിൽ തന്നെ കൃഷിചെയ്ത് വന്നു. ചുമടുകളുടെ അനായാസമായ ഗതാഗതത്തിന് റോപ്‌വേ നിലവിൽ വന്നു. 1888 ൽ കണ്ണൻദേവൻ പ്ലാൻേറഷൻ അസോസിയേഷനും രൂപീകരിച്ചു. പിന്നീട് തേയിലകൃഷി വൻതോതിൽ വർധിച്ചുവന്നപ്പോൾ ബ്രിട്ടീഷുകാർ തേയിലഫാക്ടറികൾ നിർമ്മിച്ചു. ഗതാഗതത്തിന് കാട്ട്പാതകളും റോപ്‌വേയും, അല്ലാതെ ഒരു മാർഗ്ഗം കൂടി നിർമ്മിക്കപ്പെട്ടു. അങ്ങനെ ഇന്ത്യയിലെ ആദ്യ മോണോ റെയിൽ 1902 ൽ കുണ്ടള താഴ്‌വരയിൽ നിർമ്മിച്ചു. തേയിലയും, മറ്റു സാധനങ്ങളും മൂന്നാറിൽ നിന്നും, മാട്ടുപ്പെട്ടിയിൽ നിന്നും, ടോപ്സ്റ്റേഷനിലേക്ക് എത്തിക്കുവാനായി ഇതുപയോഗിച്ചു. റെയിലിലൂടെ ഓടുന്ന ചെറിയ വീലും, കാളകൾ വലിച്ചുകൊണ്ട് പോകുമ്പോൾ റോഡിലൂടെ ഒരു വലിയ വീലും ഉരുളുന്നു എന്ന രീതിയിൽ ആയിരുന്നു ഇത് പ്രവർത്തിച്ചിരുന്നത്. ടോപ് സ്റ്റേഷനിൽ നിന്ന് പിന്നീട് റോപ്‌വേ മാർഗ്ഗം കൊട്ടഗുടി എന്ന ബോട്ടം സ്റ്റേഷനിലേക്കും ചരക്ക് നീക്കം ചെയ്തു. 1908 ൽ മോണോറെയിലിനെ നീക്കം ചെയ്ത് ലൈറ്റ് റെയിൽവേ നിലവിൽ വന്നു. മൂന്നാർ, മാട്ടുപ്പെട്ടി, ടോപ്സ്റ്റേഷൻ എന്നീ സ്ഥലങ്ങളിൽ സ്റ്റേ ഷനും ഉണ്ടായി. രാജ്യത്തിലെ തന്നെ പുരോഗമനങ്ങളുടെ തുടക്കം മൂന്നാറിൽ നിന്നുമായി. കൃഷിസാധ്യതകളും, എസ്റ്റേറ്റുകളും വർധിച്ചപ്പോൾ തമിഴ്നാട്ടിൽ നിന്നും കൂടുതൽ തൊഴിലാളികൾ എത്തുകയും കമ്പനിയുടെ സഹായത്തോടെ കോളനികൾ നിർമ്മിക്കുകയും ചെയ്തു.

മൂന്നാറിൽ ഉൽപ്പാദിപ്പിക്കുന്ന തേയില കൊച്ചിയിൽ എത്തിച്ചാൽ അത് യൂറോപ്പിലേക്ക് കൊണ്ടുപോകാം എന്ന് മനസ്സിലാക്കിയതോടെ ബ്രിട്ടീഷുകാർ ആലുവ-മൂന്നാർ ബന്ധിപ്പിച്ചുകൊണ്ട് കാട്ട്പാത നിർമ്മിച്ചു. ഈ പാത വഴി ഗതാഗതം നടക്കുകയും, ഓൾഡ് മൂന്നാർ റോഡ് എന്ന് അറിയപ്പെടകയും.

പുരോഗമനങ്ങളുടെ പടവുകൾ ഒന്നൊന്നായി കയറി വന്നപ്പോഴായിരുന്നു 99 കളിലെ വെള്ളപ്പൊക്കം എന്നറിയപ്പെടുന്ന ആ മഹാമാരി മൂന്നാറിൻെറ മാറിലേക്ക് ഇടിച്ചു കയറിയത്. 1924 ലെ വെള്ളപ്പൊക്കമായിരുന്നു ഇതുവരെ ഉണ്ടായതിൽ ഏറ്റവും ഭീകരമായത്. മൂന്നാറിൻെറ പ്രധാന സ്ഥലങ്ങൾ പലതും അതോടെ വെള്ളത്തിൽ താണു. കാട്ടുപാതകൾ മണ്ണിടിഞ്ഞ് വീണ് നശിച്ചു. കൃഷികളും നശിച്ചു. ഏറ്റവും പ്രധാനമായി ഉയർത്തുവരാനാകില്ലാത്ത വണ്ണം കുന്ദളവാലി റെയിവേയും നശിച്ചു. മൂന്നാറിൽ അതുവരെ നിർമ്മിച്ചതെല്ലാം ഒടുവിൽ ഒരു മഹാമാരിയിൽ ഒലിച്ചുപോയി.

പിന്നീട് വീണ്ടും മൂന്നാറിനെ ജീവിപ്പിക്കാനും പടുത്തുയർത്തുവാനും ബ്രിട്ടീഷുകാർ തന്നെ മുൻകൈ എടുത്തു. മോണോറെയിൽവേയ്ക്ക് പകരമായി മൂന്നാർ

ടോപ്സ്റ്റേഷൻ റോപ്‌വേ നിർമ്മിച്ചു. കുന്ദളവാലി റെയിൽവേ ഒഴികെ എല്ലാം അവർ വീണ്ടും പണിതുയർത്തി. ഇന്ത്യയ്ക്ക് സ്വാതന്ത്യം ലഭിക്കുന്നതിന്റെ പോരാട്ടങ്ങൾക്കിടയിലും ജനങ്ങൾ ഇവിടെ അടിമപ്പണി എടുത്തു. പിന്നീടുള്ള വർഷങ്ങളിൽ കമാന ഡാം, മാട്ടുപ്പെട്ടി ഡാം, പള്ളിവാസൽ ഹൈഡ്രോ ഇലക്ട്രിക് പവർ ഹൗസ് എന്നിങ്ങനെ പലതും പണികഴിക്കപ്പെട്ടു. സ്വതന്ത്യത്തിന് ശേഷം ബ്രിട്ടീഷുകാർ ഇന്ത്യവിട്ടപ്പോൾ തൈലത്തോട്ട ങ്ങളും, കൃഷികളും ടാറ്റയും ആസാമിലെ കമ്പനിയും ഏറ്റെടുത്തു പ്രവർത്തച്ചു. ശേഷം 2010 ൽ കണ്ണൻദേവൻ ഹിൽസ് പ്ലാന്റേഷൻ എന്ന പദ്ധതിയും നിലവിൽ വന്നു. ബ്രിട്ടീഷുകാരുടെ കാലത്ത് പണികഴിപ്പിച്ച പലതിന്റെയും അവശിഷ്ടങ്ങളും ഇന്ന് നമുക്ക് മൂന്നാറിൽ കാണാം. അലുമിനിയം പാലം, റെയിൻ തൂണുകൾ, റോപ്‌വേ സ്റ്റേഷൻ, അങ്ങനെ പലതും. അന്നത്തെ റെയിൽവേ സ്റ്റേഷൻ ഇന്ന് KDHP യുടെ റീജിയണൽ ഓഫീസായി പ്രവർത്തിക്കുന്നു. രാജ്യത്തിലെ തന്നെ ആദ്യ റെയിൽവേ മൂന്നാറിലായിരുന്നു എന്ന് പറഞ്ഞാൽ ഇന്ന് ആർക്കും അത് വിശ്വസിക്കാനാകില്ല. അക്കാലങ്ങളിൽ ബ്രിട്ടീഷുകാർ പണി കഴിപ്പിച്ച പല വീടുകളും, നിഗൂഢത നിറഞ്ഞ കെട്ടിടങ്ങളും നമുക്ക് ഇന്നും കാണാൻ സാധിക്കും. പശ്ചിമഘട്ടത്തിന്റെ രാജാവായി ആനമുടിയും, ഒരു വ്യാഴവട്ടം കാത്തിരുന്നു പൂക്കുന്ന നീലക്കുറിഞ്ഞിക്കും വരയാടുകൾക്കും സംരക്ഷണം നൽകുന്ന രാജമലയും അതിഥികളെ കാത്ത് നിൽക്കുന്നു. അങ്ങനെ പതിറ്റാണ്ടുകളുടെ ചരിത്രം പറയുവാനുണ്ട്. മുതിരപ്പുഴ, നല്ലതണ്ണി, കുണ്ടള എന്നീ 3 ആറുകളുടെ സംഗമകേന്ദ്രമായ മൂന്നാറിനു.



# ആത്മകുരുക്ഷേത്രാ

ഈ തമസ്സൊരു മാത്രയിൽ തീരില്ലയെങ്കിലും,
യാമങ്ങൾക്കകലെ ഒരു പ്രഭാതമുണ്ട്.
ചക്രവാളങ്ങൾ കടന്നെത്തും കിരണങ്ങൾ
വെൺമേഘങ്ങളിൽ തട്ടി ജ്വലിക്കട്ടെ....

നമുക്കതുവരെയിവിടെ തപസ്സിരിക്കാം,
പോയ കാലങ്ങൾ തന്ന പാഠങ്ങൾ
കോർത്തൊരു ജപമാലയിൽ,
അനുഭവങ്ങളെ മന്ത്രങ്ങളാക്കി,
ആ ജപത്തിനാൽ ഊർജ്ജം നേടാം.

പ്രഭാതത്തിൽ നമുക്ക് യാത്ര തുടരാം,
നമുക്ക് നമ്മോടു മല്ലിടാം,
കാടുകയറുന്ന ചിന്തകളെ നേർധാര നയിക്കാൻ,
പ്രപഞ്ചം നടുങ്ങുമാറ്, പാർത്ഥസാരഥിയിൽ
പാഞ്ചജന്യമൂതി യുദ്ധം തുടങ്ങാം.

തപസു ചെയ്തു നേടിയ ആയുധങ്ങൾ,
മൂർച്ച കൂട്ടി പ്രയോഗിക്കാമെങ്കിലും,
നിണം വാർന്നാലും ചാവാതെ,
ജീവശ്വാസമെടുക്കുന്നവയെ
ചിതയിലേക്കെറിയാം.

ചിതകളെരിഞ്ഞ ഭസ്മം കൊണ്ടൊരായുധം മെനയാം,
അഹമായി തോന്നുന്നയെല്ലാ ചിന്തകളെയും,
ആ പശുപതമെയ്ത് ഭസ്മമാക്കാം...





ROMISON MJ
Dept. of ECE



# ഇപ്പോഴും ഞങ്ങൾ മധുര പതിനേഴിൽ

(തയ്യാറാക്കിയത് ബിജീഷ്, നവനീത, അർജുൻ )

*ആഗ്രഹങ്ങൾക്ക് പ്രായം ഒരു തടസമല്ല എന്നതിന്റെ ഉത്തമ ഉദാഹരണമാണ് വിജയനും മോഹനയും...ജീവിതപടവുകൾ വാർദ്ധക്യത്തിൽ എത്തിയപ്പോൾ പ്രാർത്ഥനയും, പേരക്കുട്ടികളുടെ കളികളുമായും ഒതുങ്ങി കൂടാൻ ഈ ദമ്പതികൾ ആഗ്രഹിച്ചിരുന്നില്ല. പണ്ടെപ്പോഴോ ജീവിത പ്രാരാബ്ധങ്ങളിൽ മുങ്ങിയപ്പോൾ തന്റെ യാത്രാ ഭ്രമത്തെ ഉറക്കിക്കിടത്തിയിരുന്നു വിജയൻ. പിന്നീട് വിവാഹവും കുടുംബ ജീവിതവും. മക്കളെയെല്ലാം നല്ല രീതിയിൽ വിവാഹിതരാക്കിയ ശേഷം ഉള്ളിൽ പണ്ടെപ്പോഴോ മയക്കിക്കിടത്തിയ യാത്രാ കമ്പത്തെ അദ്ദേഹം ഉണർത്തുകയായിരുന്നു. യാത്രയിൽ ഒപ്പം നടക്കുവാനും, കരുത്തും, സ്വാന്തനവും, പ്രചോതനമാകുവാനും അദ്ദേഹം തിരഞ്ഞെടുത്ത കൈകൾ മറ്റാരുടേതുമല്ലായിരുന്നു. അത് സ്വന്തം പത്നി മോഹനയുടേതായിരുന്നു. വിജയനും മോഹനയുമായി ഒരിത്തിരി നേരം...*

**യാത്രകളോടുള്ള കമ്പം എങ്ങനെയാണ് ജനിച്ചത് ?**

"ജീവിതം തന്നെയൊരു യാത്രയല്ലേ!!.." (ഒരു ചെറുപുഞ്ചിരിയോടുകൂടി അദ്ദേഹം പറഞ്ഞു). 1958–59, എൻെറ ചെറുപ്പക്കാലത്ത് ബസ്സുകളും, ചെറുവണ്ടികളും, എന്തിന് വള്ളം പോകുന്നത് വരെ ഞാൻ അത്ഭുതത്തോടെ നോക്കിനിന്നിട്ടുണ്ട്. "ഡീസലിൻെറ പുക എനിക്ക് വളരെ ഇഷ്ടമാണ്." അങ്ങനെയിരിക്കെയാണ് നാലാം ക്ലാസിൽ പഠിക്കുമ്പോൾ അച്ഛൻെറ കൂടെ ശബരിമല, മധുര, പഴനി, എറണാകുളം എന്നിവിടങ്ങൾ ആദ്യമായി സന്ദർശിക്കുന്നത്. അന്ന് ബസ്സിൽ കയറുമ്പോൾ ഫ്രണ്ട് സീറ്റോ,സൈഡ് സീറ്റോ നിർബന്ധമായിരുന്നു, കാഴ്ചകൾ കാണാൻ. ആ യാത്രകളാണ് എന്നിലെ സഞ്ചാരിയെ ഉണർത്തിയത്.

**സാമ്പത്തികമാണ് പലരെയും ഒരു യാത്രയിൽ നിന്നും പിന്തിരിപ്പിക്കുന്നത്. ആദ്യ വിദേശയാത്രക്കുള്ള പണം എങ്ങനെ കണ്ടെത്തി? ഏത് രാജ്യത്തേക്കായിരുന്നു ആദ്യ യാത്ര?**

സാധാരണ എല്ലാവരും പാസ്പോർട്ട് എടുത്തിട്ടാണ് യാത്ര ബുക്ക് ചെയ്യുന്നത്. എന്നാൽ എൻെറ കാര്യം നേരെ വിപരീതമായിരുന്നു. യാത്ര ബുക്ക് ചെയ്ത് അഡ്വാൻസും കൊടുത്തശേഷമാണ് പാസ്പോർട്ടിനായി അപേക്ഷിക്കുന്നത്. പിന്നീട് അല്ലറച്ചില്ലറ പൈസ കൈയ്യിൽ ഉണ്ടായിരുന്നതും, മാലയും വളയുമൊക്കെ പണയം വെച്ചുമാണ് ഷൂസും സ്വറ്ററും എല്ലാം വങ്ങുന്നത്. അങ്ങനെ യാത്രയ്ക്കുള്ള പണം കണ്ടെത്തുകയായിരുന്നു. ഇതിന് പുറമേ ബാഗും മറ്റു വസ്ത്രങ്ങളുമെല്ലാം പലയിടങ്ങളിൽ നിന്ന് സഹായമായി ലഭിച്ചിരുന്നു.

ആദ്യയാത്ര തിരുവനന്തപുരം-ഷാർജ ആയിരുന്നു. ഷാർജയിൽ എത്തിയപ്പൊഴേക്കും ഇട്ടിരുന്ന ചെരുപ്പ് പൊട്ടുകയും പിന്നീട് അങ്ങോട്ടുള്ള യാത്ര നഗ്ന പാദങ്ങളാലായിരുന്നു. (ഒരു തമാശ എന്നപ്പോലെ അദ്ദേഹം പറഞ്ഞു) വിമാനത്തിൽ കയറണം, അതിനുള്ളിൽ എന്താണെന്നറിയാനുള്ള ആകാംശയാണ് ഇന്ന് ഞങ്ങളെ ഇവിടെയെത്തിച്ചത്. എന്നാൽ ഇപ്പോൾ ഞങ്ങൾ 70-ലേറെ തവണ വിമാനത്തിൽ സഞ്ചരിച്ചുകഴിഞ്ഞിരിക്കുന്നു.

18 ദിവസം നീണ്ടുനിന്ന യാത്രയായിരുന്നു ഞങ്ങളുടെ ആദ്യ വിദേശയാത്ര. ഈജിപ്റ്റായിരുന്നു ലക്ഷ്യസ്ഥാനം. ഇന്നും ആ യാത്രയുടെ ഓർമ്മകൾ മനസ്സിൽ മായാതെ കിടക്കുന്നുണ്ട്. ന്യൂയറിനോട് അടുപ്പിച്ചായിരുന്നു യാത്ര. അതുകൊണ്ട് തന്നെ ഞങ്ങളുടെ ആ കൊല്ലത്തെ ന്യൂയർ നൈൽ നദിയിലായിരുന്നു. വലിയ ആഘോഷം തന്നെയായിരുന്നു. ഫയർ ഡാൻസ്, ബല്ലി ഡാൻസ് തുടങ്ങിയവയെല്ലാമുണ്ടായിരുന്നു. ഞങ്ങളുടെ നഗ്ന നേത്രങ്ങൾ കൊണ്ട് കാണുന്ന ആദ്യത്തെ വലിയ വ്യത്യാസമേറിയ ഒരു ദൃശ്യവിരുന്നായിരുന്നു അത്.

## ഭക്ഷണം, ഭാഷ, കാലാവസ്ഥ, ഇതെല്ലാമൊരു തടസമായിരുന്നില്ലേ ?

ഞങ്ങൾ ഇപ്പോഴും മധുര പതിനേഴുകാരാണ്. അതേ ആവേശവും ചുറുചുറുക്കും മനസ്സുകൊണ്ട് ഇപ്പോഴുമുണ്ട്. പിന്നെയതുമാത്രമല്ല, യാത്രകളിൽ മുഖ്യം കാഴ്ചകളാണ്, ഭക്ഷണമല്ല. ഭക്ഷണം ടൂർ പാക്കേജിനൊപ്പം ഞങ്ങൾക്ക് ലഭിച്ചിരുന്നു. ഞാനും മോഹനയും ചോറാണ് തിരഞ്ഞെടുത്തത്. അച്ചാറും, ഒരു കുപ്പി ചമ്മന്തിപ്പൊടിയും ഞങ്ങൾ കൈയ്യിൽ കരുതി. എനിക്ക് രാവിലെ ഒരു കട്ടൻ ചായ ഉണ്ടെങ്കിൽ അന്നത്തെ ദിവസം കുശാലായി. എന്നാൽ വിദേശികൾക്കോ!! സൂപ്പാണ് പ്രിയം പോലും!!

ഭാഷ വലിയൊരു പ്രശ്നമായി തോന്നിയില്ല. കാരണം ഒപ്പം ഉണ്ടായിരുന്നതും മലയാളികൾ തന്നെയായിരുന്നു. കൂടാതെ ഒരു ഗൈഡും ഉണ്ടായിരുന്നു.

## സഞ്ചരിച്ചതിൽ വെച്ച് ഏറ്റവും ഇഷ്ടപെട്ട രാജ്യം ഏതായിരുന്നു ?

എനിക്കും അവൾക്കും ഒരേ പോലെ ഇഷ്ടമായത് സ്വിറ്റ്സർലാൻറും സിങ്കപ്പൂറുമാണ്. സംസ്കാരം കൊണ്ടും മാനുഷിക മൂല്യങ്ങൾക്ക് വിലകൊടുക്കുന്നതുമായ ഒരു ജനസമൂഹത്തെ എനിക്ക് കാണുവാൻ സാധിച്ചു. ഞങ്ങളെ അവർ ഇരുകൈകളും നീട്ടി സ്വീകരിച്ചു. മറ്റു രാജ്യങ്ങളും ഒന്നിനൊന്ന് മെച്ചമാണ്. ഒന്നിനോടൊന്ന് കിടപിടിക്ക ത്തക്കതാണ്.

## 'മോഹനേ!! നമ്മളൊരു യാത്ര പോകുന്നു,' എന്ന് അദ്ദേഹം ആദ്യം പറഞ്ഞപ്പോൾ എന്തായിരുന്നു പ്രതികരണം?

പണ്ടുമുതൽ തന്നെ യാത്രകൾ ചെയ്യുവാനും ലോകം ചുറ്റുക്കാണുവാനുമൊക്കെ വളരെയേറെ ഇഷ്ടമായിരുന്നു. കല്ല്യാണം കഴിഞ്ഞ സമയത്തും യാത്രകൾ നടത്തുവാൻ സാധിച്ചിരുന്നില്ല. ഞങ്ങൾ സഹോദരങ്ങൾ 5 പേരുണ്ട്, അതുകൊണ്ടുതന്നെ എവിടെയെങ്കിലും പോകണം എന്നുണ്ടെങ്കിൽ ഞങ്ങൾ 5 പേരും കൂടിചേർന്നു പോകണമെന്നായിരുന്നു എൻെറ അച്ഛൻെറ നിലപാട്. ആ സമയങ്ങളിൽ ആകെ പോയിരുന്നത് അമ്പലങ്ങളിലേക്ക് മാത്രമായിരുന്നു. പിന്നീട് വിവാഹശേഷമാണ് യാത്രകൾ ചെയ്യുന്നത്. നമ്മൾ വളരെ കുറച്ചാണ് സമ്പാദിക്കുന്നതെന്ന് പറഞ്ഞാലും എന്തെങ്കിലും അതിൽ നിന്നും മിച്ചം പിടിക്കാൻ നമ്മുക്ക് സാധിക്കണം. ഞാൻ അങ്ങനെയായിരുന്നു പണ്ടുമുതൽ തന്നെ. അങ്ങനെ സ്വരൂപിച്ചാണ് കുറച്ച് സ്വർണ്ണം വാങ്ങുന്നത്. പിന്നീട് യാത്രാ സംബന്ധമായ ആവശ്യങ്ങൾക്കായി അത് വിൽക്കും. എന്നിട്ടും മതിവരാത്ത തുക ഞങ്ങൾ വായ്പയായി വാങ്ങും. യാത്ര കഴിഞ്ഞ് മടങ്ങിയെത്തുമ്പോൾ അധ്വാനിച്ചത് വീട്ടുകയും ചെയ്യും.

ഞങ്ങൾക്ക് കുറച്ചു ബുദ്ധിമുട്ടുകൾ നേരിടേണ്ടിവന്നു. മക്കളുടെ വിവാഹത്തിന് ശേഷം ഇനിയെന്ത് എന്നുള്ള ചോദ്യത്തിന് ഉത്തരമായിരുന്നു യാത്ര. അതുകൊണ്ട് തന്നെ കുട്ടികളുടെ അച്ഛൻ ഇങ്ങനെയൊരു യാത്രയെ പറ്റി പറഞ്ഞപ്പോൾ മറ്റൊന്നും ചിന്തിക്കേണ്ടി വന്നില്ല. അദ്ദേഹ ത്തിനൊപ്പമാണ് പോകുന്നത് എന്നുള്ള ധൈര്യവും.

## ആദ്യയാത്രയുടെ പദ്ധതിയെ പറ്റി മക്കളോട് തുറന്ന് പറഞ്ഞപ്പോൾ...

മക്കളുടെ വിവാഹശേഷമാണ് ഞങ്ങൾ ഇങ്ങനെയൊരു യാത്രയ്ക്കായി പദ്ധതി ഒരുക്കുന്നത്. ഒരുപക്ഷേ ഞങ്ങളുടെ ഈ തീരുമാനം വളരെ നേരത്തെ ആയിരുന്നുവെങ്കിൽ ഞങ്ങളുടെ യാത്രകളിൽ അവരും ഒരു ഭാഗമായിരുന്നേനേ! യാത്രയെ സംബന്ധിച്ചുള്ള വിവരങ്ങൾ മക്കളുമായി പങ്കുവെച്ചപ്പോൾ തന്നെ അവർക്ക് അത്ഭുതവും അതിലുപരി സന്തോഷവും തോന്നി. ഞങ്ങളുടെ ആഗ്രഹവും ആവശ്യവും എന്താണോ അതിന് പൂർണപിന്തുണയേകുകയായിരുന്നു അവർ ചെയ്തത്. ഞങ്ങൾ ഇരു മക്കളുടേയും വിദ്യാഭ്യാസവും വിവാഹവും നല്ല രീതിയിൽ നടത്തിയതിനു ശേഷമായിരുന്നു യാത്രയ്ക്ക് പോകുവാൻ പദ്ധതിയിടുന്നത്. സാമ്പത്തികമായി അവരെ ബുദ്ധിമുട്ടിക്കേണ്ട ഒരവസ്ഥ ഞങ്ങൾക്കുണ്ടായില്ല യാത്രാവേളകളിൽ.

ഞങ്ങൾ യാത്ര പോയി തിരിച്ചുവന്നതിനു ശേഷം ഞങ്ങളുടെ പക്കൽ ഓടിവന്ന് യാത്രാ വിശേഷങ്ങൾ ആദ്യം തിരക്കിയതു ഞങ്ങളുടെ പിള്ളേർ തന്നെയാണ്. കഥകൾ പറഞ്ഞപ്പോൾ പേരക്കുട്ടികൾക്കും ആഗ്രഹം ഒരു യാത്ര പോകുവാൻ. അങ്ങനെ ഞങ്ങൾ പിന്നീടുള്ള ഒരു യാത്രയിൽ ഞങ്ങളുടെ കുഞ്ഞുങ്ങളേയും കൊണ്ടുപോയി. ഒരിക്കലും മറക്കാൻ പറ്റാത്ത അനുഭവങ്ങളായിരുന്നു ആ യാത്രകൾ സമ്മാനിച്ചിരുന്നത്.

**മോഹൻലാലും മമ്മൂട്ടിയുമായുള്ള നിമിഷങ്ങൾ?**

പണ്ടിവിടെ ഗാന്ധിനഗറിൽ ഷൂട്ടിങ്ങ് നടന്നുകൊണ്ടിരുന്നപ്പോൾ ദൂരമാത്രം നിന്നുകാണുവാനെ സാധിച്ചിരുന്നുള്ളു മോഹൻലാലിനെ. പിന്നീട് ഞങ്ങൾക്ക് കളക്ടറേറ്റിൽ വെച്ച് ഒരു സ്വീകരണമുണ്ടായിരുന്നു, മമ്മൂട്ടിയുടെ വക. ആ സ്വീകരണത്തിനു ശേഷം മോഹൻലാലിന് ഞങ്ങളെ കാണണം എന്നാവിശ്യപ്പെടുകയും വീട്ടിലേക്ക് ക്ഷണിക്കുകയായിരുന്നു. വളരെയധികം സന്തോഷം നൽകിയ നിമിഷങ്ങളായിരുന്നു അതെല്ലാം. തുടർന്ന് ഞങ്ങൾ അദ്ദേഹത്തിൻെറ അതിഥികളായി വീട്ടിലേക്ക് പോവുകയായിരുന്നു. അദ്ദേഹത്തിൻെറ ഒപ്പം ചായ കുടിക്കുവാനും കുറച്ച് നേരം വർത്തമാനം പറയുവനുമുള്ള അവസരം ലഭിച്ചു.

അധികനേരം സംസാരിക്കുവാൻ ആഗ്രഹമുണ്ടായിരുന്നുവെങ്കിലും അദ്ദേഹത്തിൻെറ ഷൂട്ടിങ്ങ് തിരക്കുകൾ കാരണം സാധിച്ചിരുന്നില്ല. അതിനാൽ പിന്നീട് വീണ്ടും കണ്ടുമുട്ടാം എന്നുള്ള ശുഭപ്രതീക്ഷയോടുകൂടി ഞങ്ങൾ വീട്ടിലേക്ക് മടങ്ങി.

**കോവിഡ് -19 നു ശേഷം സഞ്ചരിക്കാൻ ഉദ്ദേശിക്കുന്ന രാജ്യം?**

“ഏതെങ്കിലും രാജ്യം ബാക്കിയുണ്ടായിരുന്നാൽ മതിയായിരുന്നു.” (ചിരിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു) ഈ കഴിഞ്ഞ ഫെബ്രുവരിയിൽ ഞങ്ങൾ റഷ്യയിൽ പോകുവാൻ തീരുമാനിച്ചു, ബുക്കും ചെയ്തിരുന്നു. പിന്നീട് കൊറോണ കാരണം യാത്രകൾ റദ്ദാക്കുകയുണ്ടായി, തുടർന്ന് റീഫണ്ട് ലഭിക്കുകയും ചെയ്തു. ജീവിതത്തിൽ ഒരിക്കലെങ്കിലും റഷ്യയിൽ പോകണമെന്ന് വളരെ ആഗ്രഹം ഉണ്ടായിരുന്നു. സ്കൂളിൽ പഠിക്കുമ്പോൾ ഇഷ്ടമുള്ള വിഷയമായിരുന്നു ചരിത്രം. ഈ ചരിത്രങ്ങളുടെ അടിസ്ഥാനത്തിലാണ് പോകേണ്ട സ്ഥലങ്ങളുടെ അവബോധം ഉണ്ടാക്കുന്നത്. പത്രവും, ചരിത്രപുസ്തകങ്ങളൊക്കെ വായിച്ചാണ് റഷ്യയിലും പോകണം എന്ന ആഗ്രഹം ഉണ്ടായത്.

**ലോകം ചുറ്റുന്ന മറ്റു യാത്രികരിൽ നിന്ന് വ്യത്യസ്തരാക്കുന്നത്...**

യാത്ര ചെയ്യുന്നവർ അനേകം ഉണ്ട്. ഞങ്ങളെപ്പോലെ യാത്ര ചെയ്യുന്നവർ അധികം ഉണ്ടാകില്ല. ഞങ്ങളുടെ കൂടെ യാത്ര വന്നവരെല്ലാം സമ്പന്നരായിരുന്നു. എൻജിനീയർ, ഡോക്ടർ, വക്കീലന്മാർ, കച്ചവടക്കാർ അങ്ങനെ ധാരാളം ആളുകൾ. എല്ലാവരെയും പരിചയപ്പെടുമ്പോൾ പറയാറുണ്ട് ഞാനൊരു സാധാരണ ചായക്കടക്കാരൻ ആണ്. അപ്പോൾ അവർക്കെല്ലാം അത്ഭുതമായിരുന്നു. അവരുടെ സ്റ്റാറ്റസിനൊപ്പം ഉള്ളവരല്ലെങ്കിലും ഞങ്ങളുടെ ജീവിതമായിരിക്കാം അവർക്ക് അതിശയം തോന്നിയത്. മറ്റുള്ളവർ 100 ഡോളർ മാറുന്ന സ്ഥാനത്ത് ഞാൻ 5 ഡോളറാണ് മാറിയിരുന്നത്. ആദ്യ യാത്രയിലാണ് പുതിയ രീതിയിലുള്ള വസ്ത്രങ്ങൾ പരീക്ഷിക്കുന്നത്. നമുക്ക് ഇണങ്ങുന്നത് മുണ്ടും ഷർട്ടും തന്നെയാണ്. അമേരിക്കയിലെ ന്യൂയോർക്ക് സിറ്റിയിൽ പോയതും മുണ്ടുടുത്ത് തന്നെയാണ്. അതുകണ്ട് മലയാളികളാണെന്ന് തിരിച്ചറിഞ്ഞ് മറ്റുള്ളവർ വന്ന് സംസാരിക്കാറും, ഫോട്ടോസ് എടുക്കാറും ഉണ്ട്. അവർക്കെല്ലാം ഞങ്ങൾ ഒരു അത്ഭുതമായിട്ടുണ്ടാവാം.

**വിജയന്റെയും മോഹനയുടെയും കഥ പറഞ്ഞുകൊണ്ട് മികച്ച ഷോർട് ഫിലിമിനുള്ള ഫിലിം ഫെയർ അവാർഡ്സ് കരസ്ഥമാക്കിയ INVISIBLE WINGS....**

ജീവിതത്തിൽ ആദ്യമായി സ്വന്തം കഥപറഞ്ഞ് ചെയ്ത ഒരു ഷോർട്ട് ഫിലിമാണ് “Invisible Wings”. വേറിട്ട അനുഭവമായിരുന്നു അത്. കേരളം മുഴുവനായി നടന്ന ഷൂട്ടിംഗ് ആയിരുന്നു. എയർപ്പോർട്ട്, ഫ്ലൈറ്റ്, ഹിൽപ്പാലസ്, വർക്കല ബീച്ച്, കന്യാകുമാരി, മൂന്നാർ, ഞങ്ങളുടെ വീട്, കട എന്നിവിടങ്ങളിലായിരുന്നു 18 ദിവസത്തെ ഷൂട്ടിംഗ് നടന്നിരുന്നത്. വളരെ ശ്രദ്ധിക്കപ്പെട്ട ഒരു ഷോർട്ട് ഫിലിമായി “Invisible Wings” മാറുകയായിരുന്നു. അതിൻെറ രണ്ടാം ഭാഗവും ചെയ്യുന്നതിൻെറ ചർച്ചകൾ ഉണ്ട്.

**സാമ്പത്തികമായി മുന്നിലല്ലാത്തതുകൊണ്ട് വിദേശയാത്ര എന്ന ആഗ്രഹം ഉണ്ടായിട്ടും അതിൽ നിന്നും പിന്മാറുന്നവരോട് പറയാൻ ആഗ്രഹിക്കുന്നത്...**

സാമ്പത്തികമായി മുന്നിലായതിനു ശേഷം മാത്രം യാത്രകൾ പോകാം എന്ന് കരുതിയാൽ ചിലപ്പോൾ അത് സാധിച്ചെന്ന് വരില്ല. നമുക്ക് ആഗ്രഹം ഉണ്ടെങ്കിൽ അതിനുള്ള സാമ്പത്തികം കണ്ടെത്തണം.

അധികമൊന്നും വേണ്ട, ചെറുതായി ജീവിതശൈലിയിൽ മാറ്റം വരുത്തിയാൽ മതി. വലിയ വീടും പണവുമാണ് ഞാൻ ആഗ്രഹിച്ചതെങ്കിൽ ഇന്നീ യാത്രകളൊന്നും പോകുവാൻ സാധിക്കുകയില്ലായിരുന്നു. ഭൗതീക സമ്പത്ത് കൈവരിക്കാൻ ശ്രമിച്ചിട്ടില്ല, ഒരിക്കലും. വസ്ത്രം, ആഹാരം, വീട് എന്നിവ ദൈവം സഹായിച്ച് ഉണ്ട്. അതിൽ കൂടുതൽ ആഗ്രഹിച്ചിട്ടില്ല. വസ്ത്ര ത്തിലും ആഹാരത്തിലുമൊന്നും അധികമായി ഞാൻ ചിലവഴിക്കാറില്ല. 1000 രൂപയ്ക്ക് വസ്ത്രങ്ങൾ വാങ്ങേണ്ട സ്ഥാനത്ത് 25 രൂപയുടെ കൈലിമുണ്ടും, ഒരു സാധാരണ ഷർട്ടും മാത്രമേ വാങ്ങുകയുള്ളൂ. അങ്ങനെ എല്ലാത്തിനും പണം അത്യാവിശ്യങ്ങൾക്ക് മാത്രം ചെലവാക്കണം. ഇന്ന് നമ്മുടെ കാഴ്ച്ചപ്പാടും ജീവിതശൈലിയും മാറി. നല്ല മൊബൈൽ വേണം, മാസാമാസം അതിൽ ഇൻററ്നെറ്റ് ചാർജ് ചെയ്യണം, എവിടെ പോകാനും വണ്ടി വേണം, അതിൽ പെട്രോൾ വേണം, ഒരിക്കലെങ്കിലും പുറത്തുനിന്നു ഭക്ഷണം കഴിക്കണം. ജീവിതശൈലിയിൽ വന്ന മാറ്റവും അധിക ചെലവുകളും മനസ്സിലാക്കി, ഒഴിവാക്കാം കഴിയുന്നത് ഒഴിവാക്കുക, നിയന്ത്രിക്കുക. മറ്റുള്ളവരെ ആകർഷിക്കാനും നന്നായിരിക്കുവാനും വേണ്ടി നമ്മൾ ഒന്നും ചെയ്യേണ്ടതില്ല. അതൊക്കെയാണ് അധിക ചെലവ്. ഒരു സാധരണ ലൈഫ് സ്റ്റൈലിൽ കൂടെ മുമ്പോട്ട് പോയാൽ, സമ്പാദിക്കുന്നതിൽ നിന്നും 10% മാറ്റിവച്ചാൽ ആർക്കും യാത്രകൾ പോകാൻ സാധിക്കും. അതുമാത്രമേ ഞങ്ങളും ചെയ്തിട്ടുള്ളൂ.

എല്ലാത്തിലും ഉപരി Willpower വേണം. ആഗ്രഹിച്ച ലക്ഷ്യത്തിൽ എത്തിച്ചേരാൻ നമ്മളെക്കൊണ്ട് സാധിക്കും എന്ന് നമ്മോട് തന്നെ പറയണം. ലക്ഷ്യസ്ഥാനം കാണുന്നത് വരെ അതിനുവേണ്ടി പ്രയത്നിക്കണം.












Shop now

Available @ amazon.in and indulekha.com

**Vijayan** and **Mohana** an elderly couple from Kochi, Kerala, India traveled to 25 countries in six continents with the meager income they get from their modest tea shop in Kochi. The book is about their life story, how they are infatuated by the idea of travel and how they achieve their goal.

Visit https://www.indulekha.com/index.php?route=product/author/product&author_id=5904



# ഭൂമിയുടെ ഗർഭപാത്രത്തിൽ

ഒരു അനാഥശവം പോലെ വീൽചെയറിൽ ഇരുന്നു മേഘങ്ങളുടെ കണ്ണുനീർ കണ്ടപ്പോൾ യാദൃശ്ചികമായി അവളെ ഓർത്തുപോയി. പ്രണയഭാരം കവിളുകളെ തലോടിയപ്പോൾ, ഹൃദയം മന്ദീഭവിക്കുന്നതായി തോന്നി. “ഇനിയൊരു പ്രണയത്തിന് എനിക്കിടമില്ലല്ലോ...!” എന്ന് ഞാൻ ആക്രോശിച്ചപ്പോൾ, എന്ത് പറ്റി കുഞ്ഞേ എന്ന് ചോദിച്ചു കൊണ്ട് ലൂസി ചേച്ചി അരികിലേക്ക് ഓടി വന്നു.

അവനെ കാണാതായിട്ട് ഇന്ന് അഞ്ച് ദിവസങ്ങൾ കഴിഞ്ഞിരിക്കുന്നു. പ്രളയജലം അവൻെറ വീട്ടിൽ നിന്നിറങ്ങിയപ്പോൾ രണ്ട് കട്ടിലുകളും രണ്ട് മൂന്ന് അലമാരകളും കുറച്ച് വീട്ടുപകരണങ്ങളും മാത്രമുള്ള ഉപയോഗശൂന്യമായ ഒരു വീടായി അത് മാറിനിന്നു. അവൻെറ ചൂർണ്ണിയാർ, അവൻെറ കളിക്കൂട്ടുകാരി കൊണ്ടുപോയി കാണണം. ലൂസി ചേച്ചിയും, പത്രമിടാൻ വരുന്ന വാസു ചേട്ടനും, മാസത്തിൽ ഒന്ന് രണ്ട് തവണ പുസ്തകങ്ങളും അതിലെ കഥകളുമായി എത്തുന്ന ഉറ്റമിത്രം അജിത്തും, ലൂസി ചേച്ചിയുടെ പൊന്നോമനയായ പൂച്ച റെയ്നോൾഡും, എൻെറ സന്തതസഹചാരിയും ജീവിതപങ്കാളിയുമായ കോയമ്പത്തൂർ മേയ്ഡ് വീൽചെയറും, ഞാനൊരു ബുദ്ധിജീവിയാണെന്ന് തോന്നും വിധം അടുക്കി വെച്ചിരിക്കുന്ന പല നിറങ്ങളും ചിന്തകളും നിറഞ്ഞ കുറച്ച് പുസ്തകങ്ങളും ചേർന്ന കൊച്ചു കുടുംബമാണ് എൻേറത്. മഴയുടെ കുളിർനാദവും നനഞ്ഞ മണ്ണിൻെറ നറുമണം വിരിയിച്ച മന്ദമാരുതനേയും ലൂസി ചേച്ചിയുടെ ഒരുഗ്രൻ ചായ കുടിച്ച് കൊണ്ടാസ്വദിച്ചു. ഞാൻ നട്ടുവളർത്തിയ മൂവാണ്ടന്മാവിൻെറ ചില്ലയിൽ വൈകിയെത്തിയ തളിർത്തു തുടുത്തു കിടക്കുന്ന മാമ്പഴക്കുലകൾ ഗൃഹാതുരതയുടെയും പച്ചപ്പിൻേറയും തീവ്രമായ സ്വപ്നങ്ങളും ഓർമകളും ചിന്തകളും എന്നിലുണർത്തിക്കൊണ്ടിരുന്നു.

എല്ലാ സുഖസൗകര്യങ്ങൾക്കിടയിലും ഒരു കൂട്ടിലടച്ച കിളിയുടെ നിർവികാരതയും നൈരാശ്യവും എന്നെ തളർത്തിയിരുന്നു. ഖലിൽ ജിബ്രാൻെറ പ്രണയത്തേയും ജോർജ്ജ് ഓർവലിൻേറയും എമിലി സോളയുടേയും സ്വാതന്ത്രത്തിനേയും വന്ദന ശിവയുടെ പ്രകൃതിയേയും പറ്റി വായിച്ച എനിക്ക് ഈ കാരാഗ്രഹവാസം എത്ര കാലം അനുഷ്ടിക്കാൻ സാധിക്കുമെന്ന് അറിയില്ല. ചൂർണ്ണിയാറിനെ ഇത്ര അധികം സ്നേഹിച്ച, അതിൻെറ സ്നേഹിതനെ പോലെ സ്നേഹിച്ചവർ, അധികമാരും കാണില്ല. ചൂർണ്ണിയാർ അവൻെറ കളിക്കൂട്ടുകാരിയായിരുന്നു. എണീറ്റു നടക്കാൻ തുടങ്ങിയ കാലം മുതൽ അവൻ ചൂർണ്ണിയുടെ ആഴങ്ങളിൽ പരിലസിച്ചിരിക്കുന്നു. അവരുടെ ആത്മബന്ധം ചൂർണ്ണിയാറിനോളം ആഴമുള്ളതായിരുന്നു. ഇതെല്ലാം കൊണ്ട് തന്നെയായിരുന്നു ഗ്രാമവികസന വകുപ്പിൽ ജോലി നോക്കിയിരുന്ന അവനെ എല്ലാവരുംകൂടി ചൂർണ്ണിയാർ സംരക്ഷണ സമിതിയുടെ തലപ്പത്തേക്ക് കൊണ്ട് വന്നതും.ഇന്നലെ മുതൽ എൻെറ ജീവിതപങ്കാളിക്കും ഒരു പരുക്കൻഭാവം കൈവന്നിരിക്കുന്നു. അവനും എൻെറ സ്വാതന്ത്ര്യത്തെ ചോദ്യം ചെയ്തു തുടങ്ങിയിരിക്കുന്നു. കുറച്ചു കൊതുകുകൾക്കും, മധുരമെന്തെങ്കിലും കഴിച്ചാൽ ചങ്ങാത്തം കൂടാൻ വരുന്ന കൊച്ചുറുമ്പുകളെയും ഒഴിച്ചുനിർത്തിയാൽ സകല നിർജ്ജീവ വസ്തുക്കൾക്കും ജീവജാലങ്ങൾക്കും ഞാനൊരു ഭാരമാണ്...ശാപമാണ്...

ചൂർണ്ണിയാറിൻെറ മലിനീകരണത്തിനും അനധികൃതമായ മണൽ വാരലിനുമെതിരെ മാധ്യമശ്രദ്ധയും പരിസ്ഥിതി പ്രവർത്തകരുടെ സഹായത്തോടെ പ്രതിഷേധങ്ങളും സമരങ്ങളും അവൻ സംഘടിപ്പിച്ചു. ചില ഫാക്ടറി ഉടമകളും, ഭൂമാഫിയ, മണൽ മാഫിയ സംഘങ്ങളും ഇതിൽ അവനോട് കടുത്ത വിദ്വേഷം വച്ചുപുലർത്തി. നാട്ടുകാരും അവൻെറ കൂടെയായപ്പോൾ അവർ അവൻെറ വേരറത്തു. ഇടത്തേക്കാൽ നഷ്ടമായതിനു ശേഷം അവൻ സ്വയം നിർമ്മിച്ച കോട്ടയിൽ അഭയം തേടി. അഞ്ചു കൊല്ലം പ്രണയിച്ച മിലി പിന്തിരിഞ്ഞതും അവന് ഇരട്ട പ്രഹരമായി. അജിത്ത് കഴിഞ്ഞാഴ്ച്ച തന്ന സവി ശർമ്മയുടെ നോവൽ വായിച്ചിരിക്കെ, പക്ഷികൾ ഉച്ചത്തിൽ കലപില കൂട്ടുവാൻ തുടങ്ങി. വരാനിരിക്കുന്ന വിപത്തിനെ അവർ മുൻകൂട്ടി കണ്ടിരിക്കണം, മഴമേഘങ്ങളിൽ വിസ്പോടനം നടക്കുകയാണെന്നു തോന്നും വിധം മഴ തകർത്തു പെയ്യുകയാണ്. നോവലിലെ നായികയുടെ ഹൃദയവേദന ഒരുപക്ഷെ മേഘങ്ങൾക്കും കാണും...

" ഇനിയൊരു പ്രണയത്തിന്
എനിക്കിടമില്ലല്ലോ! "



SALOOP T S
ASST. PROFESSOR
DEPT. OF ME

# मनुष्यता

मानव इस चराचर जगत का सर्वोच्च प्राणी है। इसलिए कि वह सोच -विचार करता है और चिंतन -मनन करता है। उसमें विवेक - चक्षु है। बदलते परिवेश में उनकी विवेक - चक्षु क्षीण होती जा रही है। वह अंधा - धुंध सबको अपने पैरों तले कुचलने की कोशिश करता है। इससे सिर्फ अन्य जीव जंतुओं की नहीं , अपनी ही हानी होती है। यह सच्चाई उसके मन- मस्तिष्क में आता ही नहीं है। वह अपना करतूत जारी रखता है। फलतः सबका सर्वनाश होता है।

आजकल मानव में मानवता का ह्रस हो रहा है। परिणाम स्वरूप वह अपने परिजनें एवं सगे - सबधियों पर भी अन्याचार एवं अन्याय करता रहता है। इससे हरदिन हर क्षण मानव का दर्जा गिरता या घटता जा रहा है। अर्थात वह मानव से दानव होता जा रहा है। उसके अन्याचार का शिकार बन जाता है - छोटे - निरीह बच्चे , बूढ़े माँ -बाप एवे प्रकृति। बूढ़े लोग तो सबके दिल -दिमाग में फालतू चीज़ बन गयी है। उन्हें कहीं न कहीं फेंक देने को भी वह हिचकता नहीं है। जो माँ -बाप अपने बच्चे को बुढ़ापे में अंधे की लकड़ी समझकर लाड़ -प्यार से पालते हैं वही बच्चे उन्हें कूड़े -करकट के सामान फेंक देते हैं। यह संस्कृति पर साम्यता का हमला है। इसपर समाज की प्रतिक्रिया भी नकारात्मक है। ऐसी स्थिति जारी रखें तो स्वस्थ समाज की परिकल्पना कभी संभव नहीं होगी । समाज का फर्ज है सबको सहारा देकर कंधे से कंधा मिलाकर आगे की ओर ले जाना। इसमें ज़रा -सा ढीलापन भी मानवता पर ठेस पहुंचाएगा।
छोटे- बिरीह बच्चों पर होने-वाले अन्याचार इससे भी खतरनाक है। ऐश - आराम में मस्त मनुष्य कभी कभी अपनी वासनाओं की पूर्ति केलिए बच्चो को भी शिकार बनाते हैं। यहाँ रक्षक , भक्षक बन जाता है। भारत के प्रथम प्रधान मंत्री पंडित जवाहर लाल नेहरूजी ने कहा है - "बच्चे फूलों के सामान है। इस जटिल जगत में वे खुशबू फैलाते हैं। " उसी प्रकार मलयालम के महाकवि वल्लात्तोल ने लिखा है -" मृदुवाँ कैऐतिनुम तलोटामाप्पूक्कले " अर्थात कोई भी मुलायम हाथ उन फूलों पर थपथपा सकते हैं। लेकिन होता क्या है? इस तकनीकी युग में मन का विकास कम और मस्तिष्क का विकास ज्यादा हो गया है। फलतः मनुष्य स्वार्थी एवं निर्दयी बन गया है।
बढ़ते वैज्ञानिक आविष्कारों के सहारे मानव आज पृथ्वी पर ही नहीं क्षितिज पर भी आपने कब्जा जरुरी हे कि इस धरती पर सबका समान अधिकार है। ' जियो और जीने दो ' यही हमार नारा हो। इसकेलिए ज्ञान का सदुपयोग करें। रूसी साहित्यकार एंटन चेखोव ने कहा है -" उस ज्ञान का कोई लाभ नहीं जिसे आप काम में नहीं लाते। “ तात्पर्य यह है कि अर्जित ज्ञान को अपनी और दूसरों की भलाई और प्रगति केलिए लागु करना नहीं तो उस ज्ञान से कोई फायदा नहीं, वरना बेकार है।

राष्ट्र कवि मैथिली शरण गुप्त जी ने लिखा है -' मनुष्य सृष्टि का श्रृंगार है। मनुष्यता उसे अन्य प्राणियों से पृथक करती है। मनुष्यता संस्कृति का मूल आधार है'। लेकिन आजकल होता ही क्या है? मनुष्य , मनुष्य को मार डालता है , गोली मारता है , छुरी भोंकता है। प्रकृति का शोषण करता है , सारे विशव को प्रदषित करता है। फलर-वरूप साफ़ पानी और स्वच्छ वायु तक उपलब्ध नहीं बदलना है हमें। नहीं बदले तो हमारे नामोनिशान तक मिट जाएगा। जैसा कि श्रीनारायण गुरुदेव ने कहा है -" माट्टुविन चटटडगले स्वयं अल्लंकिल , माटटीटूमत निडगलेत्तान ' I हम वसुधैव कुटुंबकम ' , के नारे को बुलंद बनाने सबको साथ लेकर बढ़ें। हम होंगे कामयाब एक दिन। |



N.V.Somarajan
PTA President

# നല്ലൊരു നാളേയ്ക്കായി



കാത്തിരിയ്ക്കുന്നു ഞാൻ നല്ലൊരു നാളേയ്ക്കായി
കാത്തിരിയ്ക്കുന്നു ഞാൻ പ്രാർത്ഥനയായി
പൊയ്പോയ കാലത്തിൻ മാധുര്യവും പേറി
വീണ്ടുമാ കാലത്തിലേക്ക് പോകാൻ.
എത്രയോ ഹൃദ്യമായാക്കാലമോർക്കുവാൻ
എത്ര മാധുര്യമാ ബാല്യ കൗമാരവും
എത്ര ലാളിത്യമാ ജീവിത നൗകയ്ക്കു
എത്ര കേട്ടാലും മതി വരില്ല.
ചിങ്ങ മാസത്തിലെ ഓണപ്പുടവയും
മേടവിഷുവിൻെറ കർണികാരങ്ങളും
ഇടവത്തിലെ മഴ മാനത്തുകണ്ണിയും
ധനുമാസരാവിലെ കുളിർ കാലവും.
വിജനമാം പാടവരമ്പിലൂടോടി ഞാൻ
നിർഭയയായി കളിച്ചിരുന്നു
ഭീതിപ്പെടുത്തുന്ന കാഴ്ചകളൊന്നുമേ
എൻ മാനതാരിലുടക്കിയില്ല.
പാടവരമ്പിലൂടോടി നടക്കുമ്പോൾ
കേൾക്കാമവരുടെ ഞാറ്റുപാട്ട്
എത്ര കേട്ടാലും മതിവരാറില്ല-
ഞാനെല്ലാം മറന്നങ്ങു നിന്നുപോകും.
ആർക്കും പരസ്പര മാത്സര്യമില്ലെങ്ങും
ആർക്കും കപട മനോഗതിയും
ആരെയും പേടിയ്ക്കാതെയെങ്ങുമെവിടെയും
പോയിരുന്നാക്കാല മോർത്തിടുന്നു.
ഇന്നില്ലാ സ്നേഹവും നന്മയും ശാന്തിയും
ഇന്നില്ലാ ഞാറ്റുപാട്ടും കുയിൽ നാദവും
പകരം കൊലയും കൊലവിളി മത്സര-
ഭീതിയുയർത്തും രാപകലുകളും.
ജാതിമതഭേത പിത്തവും കാമവും
മർത്യമനസ്സിനെ വികൃതമാക്കി
ഗീതയും ബൈബിളും വിശുദ്ധ ഖുറാനും
പറഞ്ഞ വാക്യങ്ങൾ നാം വിസ്മരിച്ചു.
'അഹ' മെന്ന ഭാവത്തിൽ ആകാശത്തോളമായി
അങ്ങു നിലകൊണ്ടു രാണ്ട്യങ്ങളും
കേവലമൊരു 'കീട' വലയത്തിൽ പെട്ടുപോയ്
ഗത്യന്തരമില്ലാതോടിടുന്നു.
എല്ലാമൊരോർമപ്പെടുത്തലെന്നോർക്കണം
എല്ലാം മനുഷ്യൻെറ ക്രൂരതകൾ
അവരവർ ചെയ്യുന്ന കർമ്മത്തിനാഫലം
അനുഭവിക്കാതെ കഴിയില്ലല്ലോ.
ഇനിയൊരു പുതുജന്മ പിറവിയായ് കാണണം
ഇനിയൊരു ജീവിതമെങ്കിലും നാം
അതിനു നാം ഒന്നിച്ചുനിൽക്കണമെന്നാലേ
നമ്മൾ നല്ലൊരു നാളെയെത്തൂ.

അമ്മ
Dr.ഉഷ കുമാരി

Photo courtesy : KichuZz Photography

''പണമോ സ്വാധീനമോ ഇല്ലാത്ത അയാൾക്ക് അത് കേട്ട് മൂളാനല്ലാതെ മറ്റൊന്നിനും കഴിയുമായിരുന്നില്ല''



Sharon Justine
Dept of CSE

# നേരം പുലരാൻ ഇനി നാല് മണിക്കൂർ കൂടി

കൂരിരുട്ട് ഭൂമിയെ ആവരണം ചെയ്തുകഴിഞ്ഞിരുന്നു, സർക്കാർ ആശുപത്രിയിലെ മോർച്ചറിയുടെ വരാന്തയിൽ തന്റെ മകളെ കാത്തിരിക്കുന്ന അച്ഛന്റെ കണ്ണിൽ നിന്നും വീഴാൻ നിൽക്കുന്ന കണ്ണുനീർ തുള്ളി നിലത്തേക്ക് പതിക്കണോ വേണ്ടയോ എന്ന് ആലോചിക്കുകയാണ്.കരഞ്ഞു കലങ്ങിയ ആ കണ്ണുകളിൽ ജീവിതത്തിൽ തനിച്ചായതിന്റെ ഞെട്ടലും പ്രതീക്ഷകളെല്ലാം തകർന്നടിഞ്ഞതിന്റെ ഭീകരതയും നിഴലിക്കുന്നുണ്ടായിരുന്നു. അയാൾ കൺപോളകൾ മെല്ലെ അടച്ചു.ചിന്തയിലായിരുന്ന ആ കണ്ണുനീർത്തുള്ളി അയാളുടെ കവിളിലൂടെ ഒഴുകിയിറങ്ങി.ഓർമ്മകൾ അയാളെ പിറകോട്ടു വലിച്ചു. അമ്മുവിന് ഒരു കൂട്ടിനുവേണ്ടിയെങ്കിലും രണ്ടാമതൊരു വിവാഹത്തിന് പലരും ആ മനുഷ്യനെ നിർബന്ധിച്ചു.ഇനി ഞങ്ങളുടെ ജീവിതത്തിൽ മറ്റൊരാൾക്കും സ്ഥാനമില്ലായെന്ന് അയാൾ തറപ്പിച്ചുപറഞ്ഞു.അമ്മുവും ഇടക്ക് അച്ഛനെ ശുണ്ഠി പിടിപ്പിക്കാൻ പറയും "അച്ഛാ...എന്നെ കല്ല്യാണം കഴിപ്പിച്ച് അയച്ചാൽ അച്ഛൻ ഒറ്റക്കാകും .അതുകൊണ്ട് അച്ഛൻ ഒരു കല്ല്യാണം കഴിക്കെന്ന്".ഒരു മറുപടിയും അമ്മുവിന് അയാൾ കൊടുക്കാറില്ല.ഇടക്ക് ദേഷ്യം വരുമ്പോൾ ഇനി ഇവിടെ ഈ കാര്യത്തെപ്പറ്റി സംസാരിക്കരുത് എന്ന് വിലക്കും.

ചില കുസൃതികളൊക്കെ ഉണ്ടെങ്കിലും വളരെ നന്നായി പഠിക്കുന്ന കുട്ടിയായിരുന്നു അമ്മു.ഡോക്ടർ ആകണം എന്നായിരുന്നു അവളുടെ ആഗ്രഹം. അച്ഛന്റെ പരിമിതികൾ എല്ലാം മനസ്സിലാക്കി അവധി ദിവസങ്ങളിൽ ചെറിയ ജോലിക്കു പോവുകയും മറ്റു ദിവസങ്ങളിൽ നന്നായി പഠിക്കുകയും വീട്ടിലെ എല്ലാ ജോലികളും ചെയ്യുകയും പതിവായിരുന്നു.പ്ലസ്ടു കഴിഞ്ഞപ്പോൾ മെഡിസിന് അഡ്മിഷൻ ലഭിച്ചു.നാട്ടുകാരെല്ലാം അയാളെ വാനോളം പുകഴ്ത്താൻ തുടങ്ങി.മോൾ പഠിച്ചിട്ടു വന്നാൽ കയ്യും കെട്ടി ഇരുന്നാമതിയല്ലോ എന്നെല്ലാം.ഈ വാക്കുകൾക്കൊന്നും ആ മനുഷ്യൻ ചെവികൊടുക്കുമായിരുന്നില്ല.നഗരം അയാൾക്കും അമ്മുവിനും തീരെ പരിചിതമല്ലായിരുന്നു.എത്രവലിയ കഷ്ടപാടും തരണം ചെയ്യാൻ അവളുടെ ഡോക്ടർ സ്വപ്നം അവളെ സഹായിച്ചു.തീരെ പാവപ്പെട്ട വീട്ടിലെ കുട്ടിയായ അവൾക്ക് ഏറെ പരിഹാസങ്ങളും ഒറ്റപ്പെടുത്തലുകളും സഹപാഠികളിൽ നിന്ന് സഹിക്കേണ്ടിവന്നിട്ടുണ്ട്.ആ സമയങ്ങളിൽ വെയിലിനേയും മഴയേയും വകവക്കാതെ തനിക്കും തന്റെ സ്വപ്നങ്ങൾക്കും വേണ്ടി അധ്വാനിക്കുന്ന അച്ഛനെയാണ് ഓർമ്മവരാറ്.അങ്ങനെ ദിവസങ്ങൾ കടന്നുപോയി.ഒരു ദിവസം പെട്ടന്ന് അമ്മുവിന്റെ കോളേജിലേക്ക് ചെല്ലാൻ പറഞ്ഞ് വിളിച്ചു.അമ്മുവിന് പനിയോ മറ്റൊ ആണെന്നാണ് പറഞ്ഞത്.അയാൾ തന്റെ കയ്യിലെ കാശൊക്കെ നുള്ളി പെറുക്കി പെട്ടന്നു തന്നെ യാത്ര തിരിച്ചു.കോളേജിൽ എത്തിയപ്പോൾ ആരും തന്റെ മകളെ പറ്റി സംസാരിക്കുന്നില്ല.മകൾ എവിടയാണ് ,എന്തുപറ്റി എന്ന് ആവർത്തിച്ചു ചോദിച്ചിട്ടും അയാൾക്ക് മുഖം കൊടുക്കാതെ അവരൊക്കെ നടന്നകന്നു.

അമ്മുവിന്റെ സഹപാഠികളിൽ ഒരാൾ പറഞ്ഞു.അമ്മു ഇന്നലെ അമ്പലത്തിൽ പോയതാണ്,ഒരുപാട് വൈകിയിട്ടും തിരിച്ചെത്തിയില്ല.അവസാനം കോളേജിൽ നിന്ന് പോലിസിൽ അറിയിച്ചു.അവർ അവളെ കണ്ടെത്തി.പക്ഷെ അപ്പോഴെക്കും അമ്മു നമ്മളെ വിട്ടു പോയിരുന്നു.അയാൾ ഒരക്ഷരം പോലും മിണ്ടാതെ അവിടെ ഇരുന്നു.കുറേ സമയം അങ്ങനെ തന്നെ ഇരുന്നു.മണിക്കൂറുകൾ കടന്നു പോയിട്ടുണ്ടാകണം.പൊടുന്നനെ എന്തോ ഓർത്ത പോലെ മോളെ എന്നു വിളിച്ച് കരഞ്ഞു.അമ്പലത്തിൽ പോയ അവളെ ഏതോ കാപാലികർ പിച്ചിചീന്തി.അമ്മുവിനെ ഒരുനോക്ക് കാണാൻ പോലും അയാളെ ആരും അനുവദിച്ചില്ല.പോസ്മോർട്ടത്തിനുശേഷമേ കാണാൻ അനുവദിക്കൂ എന്ന്.താൻ ഓമനിച്ചു വളർത്തിയ മകളെ ഒരുനോക്ക് കാണാൻ മോർച്ചറിയുടെ മുന്നിൽ അയാൾ കാത്തിരുന്നു.ഡോക്ടർമാർക്ക് തിരക്കായിരുന്നതിനാൽ പുലർച്ചയെ പോസ്മോർട്ടം നടത്തുകയുള്ളു.പണമോ സ്വാധീനമോ ഇല്ലാത്ത അയാൾക്ക് അത് കേട്ട് മൂളാനല്ലാതെ മറ്റൊന്നിനും കഴിയുമായിരുന്നില്ല.തണുത്ത കാറ്റ് അയാളുടെ മനസ്സിന്റെ മരവിപ്പ് ഒന്നുകൂടി വർദ്ധിപ്പിച്ചു.ആശുപത്രിയിലെ കാവൽക്കാരൻ ഇരുളിനെ കീറിമുറിച്ച് ആ വഴി വന്നു.ഒരു അച്ഛന്റെ ഹൃദയം പൊടിയുന്ന വേദനയോടെ ആ മനുഷ്യൻ ചോദിച്ചു: എനിക്കെന്റെ മോളെ എപ്പഴാ ഒന്നു കാണാൻ പറ്റണെ? ഇനി എത്ര നേരം കൂടി ഞാൻ കാത്തിരിക്കണം? ഈ വാക്കുകൾ കേട്ടുകൊണ്ട് കാവൽക്കാരൻ നടന്നകന്നു.നേരം പുലരാൻ ഇനി നാലുമണിക്കൂർ കൂടി......

# തീരങ്ങൾ താണ്ടി

തീരങ്ങൾ താണ്ടി

ജീവിതമാകുന്ന തീരങ്ങളിൽ
ഏകയായി ഞാൻ കരഞ്ഞു നീങ്ങിയപ്പോൾ
കാലങ്ങൾ കഴിഞ്ഞു പോയത് അറിഞ്ഞില്ല.
കണ്ണീർ വറ്റിയതും, മനസ്സിൻെറ നോവും കണ്ടില്ല.
ധൈര്യം ചോർന്നുപോയപ്പോഴും
പേടിക്കാതെ താണ്ടിയ തീരങ്ങൾക്കൊടുവിൽ
ഏകാന്തത മാത്രം ബാക്കിയായി.
ഏകാന്തതയിൽ തീരങ്ങൾ നിശബ്ദമായി
കണ്ണീരിൻെറ ഉപ്പു ചേർത്ത ജീവിതം
ഏകാന്തതയിൽ മുങ്ങി പോയി.
തീരങ്ങൾക്കൊടുവിൽ എന്തു
ബാക്കിയെന്ന് എനിക്കറിയില്ല.
തീരങ്ങളിൽ ഞാൻ ജ്വാലയെ കണ്ടു
അത് അഗ്നിപ്രവാഹവുമായി എത്തിയപ്പോൾ
കാണാദൂരത്തുള്ള സ്വപ്നം കത്തിനശിച്ചു
താണ്ടിയെത്തിയത് എൻെറ
ജീവിതമാണ് എന്നറിഞ്ഞപ്പോൾ
മുറിവുകളിൽ ഞാൻ എൻെറ സന്തോഷം കണ്ടെത്തി.



SHINCY PAUL
CSE 2016 - 20





# ഇടുക്കിയുടെ പ്രണയസൗധം



നവനീത യൂ എസ്
CSE 2016-20

കാവ്യവർണ്ണനകളിലും ക്യാമറചിത്രങ്ങളിലും ഒതുങ്ങാത്ത ഒരു സുന്ദരിയുടെ കഥ പറയാം. ആകാശത്തെ ചുംബിക്കുന്ന മലനിരകൾ, കാതിൽ വന്ന് കിന്നാരം മൂളുന്ന കാറ്റ്, നിശബ്ദതയുടെ സംഗീതം പടർന്ന കാടുകൾ, ഒട്ടേറെ ഐതിഹ്യ ങ്ങളും ചരിത്രങ്ങളും പറയുന്ന സ്ഥലങ്ങൾ, അങ്ങനെ ഒരുപാടുണ്ട് നമ്മുടെ ഇടുക്കിക്ക് സ്വന്തം. കേരളത്തിലെ മറ്റു ജില്ലകളിൽ നിന്ന് ഇടുക്കിയെ വ്യത്യസ്തമാക്കുന്നതും ഈ പ്രത്യേകതകൾ തന്നെയാണ്.
വിനോദസഞ്ചാരികളുടെ ഏറ്റവും പ്രിയപ്പെട്ട സ്ഥലമാണ് രാമക്കൽ-മേട്. "രാമൻ കാൽ വെച്ച ഇടം." എന്ന അർത്ഥത്തിലാണ് രാമക്കൽമേട് എന്ന നാമം ലഭിച്ചത്. കാടും മലയും താണ്ടി ഉയരങ്ങളിലെത്തുമ്പോൾ കേരളത്തിന്റെ മലമുകളിൽ നിന്നുകൊണ്ട് തമിഴ്നാടിന്റെ ഭംഗി നോക്കിക്കാണുന്ന സുഖം ഒന്നു വേറെതന്നെയാണ്. തമിഴ്നാടിന്റെ സമതലപ്രദേശങ്ങളും, കൃഷിയിടങ്ങളും,അങ്ങിങ്ങായ് നിൽക്കുന്ന മലകളും ഒരു വിമാനത്തിന്റെ ജനലിൽ നിന്ന് നോക്കുന്നപോലെ കണ്ടാസ്വദിക്കാം, സമുദ്രനിരപ്പിൽ നിന്ന് 3500 അടി ഉയരത്തിൽ സ്ഥിതിചെയ്യുന്ന രാമക്കൽമേട്ടിൽ നിന്ന്.പണ്ട് രാമക്കൽ മേടിനപ്പുറം സമുദ്രമായിരുന്നത്രെ. സീതാരാമന്മാരുടെ വനവാസ കാലം. രാവണൻ സീതയെ തട്ടിക്കൊണ്ട് പോയപ്പോൾ സീതയെ തേടി കാട്ടിലൂടെ അലഞ്ഞ രാമൻ ഒടുവിൽ കടൽത്തീരത്ത് എത്തുകയും അവിടെ ഉയർന്നുനിന്ന ഒരു പാറയുടെ മുകളിൽ കയറി സീതേ എന്ന് വിളിച്ച് വിലപിക്കുകയും ചെയ്തു. അങ്ങനെ രാമൻ കയറി നിന്ന കല്ല് രാമക്കല്ലായി അറിയപ്പെട്ടുവെന്നാണ് ഐതിഹ്യം. വനവാസകാലവുമായി ബന്ധപ്പെട്ട് മറ്റൊരു കഥയുമുണ്ട്. രാമക്കല്ലിൽ കയറി നിന്നാൽ തെക്കു ഭാഗത്തായി കുറവൻ കുറത്തി പ്രതിമകാണാം.



കുറവൻ കുറത്തിയുടെ വേഷത്തിൽ അവതരിച്ച ശിവ പാർവ്വതിമാരാണ് ശില്പത്തിൻെറ പ്രമേയം.പോരുകോഴിയെ കയ്യിലേന്തിയ കുറവൻ, കൈകുഞ്ഞുമായ് കുറത്തി, കൂടെ ചെറുമകൻ. ഈ ശില്പം കാണാതെ ഇടുക്കിയിലെ യാത്ര പൂർണ്ണമാകില്ല. ഇടുക്കി Arch Dam നെ പിടിച്ചുനിറുത്തിയിരിക്കുന്ന മലകളുടെ പേര്, കുറവൻ മലയും കുറത്തി മലയും. ശില്പം കണ്ട് മടങ്ങുന്നവരുടെ മനസ്സിൽ വിടരുന്ന ആദ്യചോദ്യം – എന്താണ് കുറവൻെറയും കുറത്തിയുടെയും കഥ? ഇതാണ് സീതാരാമന്മാരുടെ വനവാസകാലത്തെ മറ്റൊരു കഥ. വനവാസത്തിൽ പെരിയാർ നദിയുടെ തീരത്തെത്തിയ സീതാദേവി കുളിക്കാനായ് ഇറങ്ങി. ആ സമയം കാട്ടിലൂടെ നടന്ന കുറവനും കുറത്തിയും ഇത് കാണാനിടയാവുകയും ദേവിയുടെ സൗന്ദര്യത്തിൽ ആകൃഷ്ടരായി ഒളിഞ്ഞു നോക്കുകയും ചെയ്തു. ഇത് കണ്ട് കോപിതനായ രാമൻ കുറവനെയും കുറത്തിയെയും ശപിച്ച് രണ്ട് മലകളാക്കി എന്നാണ് ഐതിഹ്യം.

കുറവനും കുറത്തിയും രാമൻെറ കാൽക്കൽ വീണ് മാപ്പപേക്ഷിച്ചുവെന്നും,തങ്ങൾക്ക് പിരിഞ്ഞിരിക്കാനാവില്ല എന്ന് സങ്കടമോതിയപ്പോൾ, കലികാലത്തിൽ നിങ്ങൾ ഒന്നിക്കുമെന്നും, പിന്നീടൊരിക്കലും പിരിയേണ്ടി വരില്ലയെന്നും രാമൻ ഉറപ്പു നൽകി. ഈ കഥകൾക്ക് പിന്നാലെയാണ് ഇടുക്കി എന്ന സ്ഥലത്തിൻെറയും, ഇടുക്കിയിലെ പ്രധാന ആകർഷണമായ കമാന ഡാമിൻെറയും ജനനം.

1930 കളിൽ കൃഷികൾക്കും മറ്റുമായി ആളുകൾ ഇവിടേക്ക് കുടിയേറിപ്പാർക്കാൻ ആരംഭിച്ചു. കൂട്ടത്തിൽ കൃഷി സാധ്യതകൾക്കപ്പുറം സ്ഥലത്തിൻെറ വശ്യഭംഗി ആസ്വദിക്കാനും വരിമാനമാക്കാനുമായി ഒരു യുവാവ്, എം.ജെ ഫിലിപ്പ് ഇടുക്കിയിലേക്ക് വരുകയും, ആദ്യ സ്റ്റുടിയോ ആയ Royal സ്റ്റുടിയോ ആരംഭിക്കുകയും ചെയ്തത്. അങ്ങനെ പതിറ്റാണ്ടുകളുടെ ചരിത്രം പറയുന്ന ഇടുക്കി അണക്കെട്ടിൻെറ കഥ അവിടെ ആരംഭിക്കുകയായിരുന്നു.



1932 ൽ മലങ്കര എസ്റ്റേറ്റ് സൂപ്രണ്ടായ W.J.ജോണും സുഹൃത്തും ഇടുക്കിയുടെ ഘോരവനങ്ങളിൽ നായാട്ടിനെത്തി. ആ യാത്രക്കിടയിലാണ് ആദിവാസി മൂപ്പനായ കൊലുമ്പനെ അവർ കണ്ടുമുട്ടിയത്. തുടർന്നുള്ള യാത്രകൾ അവർ ഒരുമിച്ചായിരുന്നു. കൊലുമ്പൻ അവരുടെ വഴികാട്ടിയായി. ഓരോ കാഴ്ച്ചകൾ കാട്ടികൊടുത്തും കുറവൻെറയും കുറത്തിയുടെയും കഥ പറഞ്ഞുകൊടുത്തും കൊലുമ്പൻ അവരെ ഇടുക്കി എന്ന സുന്ദരിയുടെ സൗന്ദര്യം കാട്ടികൊടുത്തു. ജോൺ അതെല്ലാം തൻെറ ക്യാമറയിൽ പകർത്തുന്നതിനിടയിൽ ഒരു ചിത്രം മാത്രം പതിഞ്ഞത് അദ്ദേഹത്തിൻെറ മനസ്സിൽ ആയിരുന്നു. കുറവൻ കുറത്തി മലകളെ വെട്ടിമാറ്റി കുതിക്കുന്ന പെരിയാർ നദി. ആ ദൃശ്യത്തിനൊപ്പം കൊലുമ്പൻ പറഞ്ഞ കഥകൾ കൂടെ കേട്ടപ്പോൾ അദ്ദേഹത്തിൻെറ മനസ്സിൽ ഒരാശയം വിരിഞ്ഞു. കുറവൻ കുറത്തി മലകൾക്ക് കുറുകെ അണകെട്ടി ജലം സംഭരിച്ചു അതിൽ നിന്നും വൈദ്യുതി ഉൽപ്പാദനം നടത്താമെന്ന്. എൻജിനീയറായ തൻെറ സഹോദരൻെറ സഹായത്തിൽ അണകെട്ട് നിർമ്മിക്കുന്നതിനുള്ള സാധ്യതകൾ കാട്ടി തിരുവിതാംകൂർ സർക്കാരിനു റിപ്പോർട്ട് സമർപ്പിച്ചെങ്കിലും അംഗീകരിക്കപ്പെട്ടില്ല. നിരാശനായി മടങ്ങുവാൻ അദ്ദേഹം തയ്യാറായില്ല. ജോൺ പകർത്തിയ ചിത്രങ്ങൾ കഴുകാൻ സ്റ്റുടിയോയിൽ എത്തിയപ്പോഴാണ് ഫിലിപ്പ് എന്ന യുവാവിനെ പരിചയപ്പെട്ടത്. ചിത്രങ്ങളിൽ ഇടുക്കിയുടെ സൗന്ദര്യം കണ്ട ഫിലിപ്പ് പിന്നീട് കൂടുതൽ ചിത്രങ്ങൾ പകർത്താനായി ജോണിനൊപ്പം കൂടി.

ജോണും ഫിലിപ്പും കൊലുമ്പനുമെല്ലാം പിന്നീട് ഇടുക്കി ഡാം നിർമ്മിക്കുന്നതിൻെറ അനുമതി ലഭിക്കാനായി രാപ്പകലുകൾ പ്രയത്നിച്ചു. വീണ്ടും സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചപ്പോൾ ഫിലിപ്പ് പകർത്തിയ ചിത്രങ്ങളും അതിൽ ഉൾപ്പെടുത്തി. ഇടുക്കി ഡാമിൽ വെള്ളം നിറയുന്നതിനു മുൻപുള്ള അപൂർവ്വ ചിത്രം പകർത്താനുള്ള ഭാഗ്യം ലഭിച്ചതും ഇദ്ദേഹത്തിനായിരുന്നു. ജോൺ നൽകിയ റിപ്പോർട്ട് പ്രകാരം അങ്ങനെയൊരു ഡാം പണിയാൻ ഒട്ടേറെ തടസ്സങ്ങളുണ്ടായിരുന്നു. കൂറ്റൻ മലകൾക്കിടയിൽ അവയെ ബന്ധിപ്പിച്ചുകൊണ്ടൊരു ഡാം, അതും കമാന ആകൃതിയിലുള്ള ഡാം ആകണമെന്നുള്ളത് മറ്റൊരു പ്രശ്നമായിരുന്നു. ഒടുവിൽ വർഷങ്ങളുടെ കാത്തിരിപ്പിന് ശേഷം 1963–ൽ ആണ് കേന്ദ്ര ആസൂത്രണ കമ്മീഷൻെറ അംഗീകാരം ഇടുക്കി അണകെട്ടിൻെറ രൂപകൽപ്പനയ്ക്ക് ലഭിച്ചത്. പിന്നീടുള്ള വർഷങ്ങളിൽ 15,000 ത്തോളം വരുന്ന ആളുകളുടെ പ്രയത്നത്തിലും സാങ്കേതികവിദ്യകളിൽ കാനഡയുടെ സഹായത്തോടെയും ഇടുക്കി അണക്കെട്ട് ജനിക്കുകയായിരുന്നു. അങ്ങനെ യുഗങ്ങ ൾക്കിപ്പുറം തങ്ങളെ ആരെങ്കിലും യോജിപ്പിക്കുമെന്ന കാത്തിരിപ്പിനൊടുവിൽ കുറവനും കുറത്തിക്കും കല്യാണമായി. ഇടുക്കിയിലെ ഈ പ്രണയസൗധം കാണാനായി നൂറുകണക്കിന് വിനോദസഞ്ചാരികൾ ഇന്നും എത്തുന്നു. ഐതീഹ്യങ്ങൾക്കും ചരിത്രങ്ങൾക്കും അപ്പുറം ബഹുമതികൾ നേടി തലയുയർത്തി നിൽക്കുന്ന പ്രണയസൗധം ഇടുക്കിയിലെ മിടുക്കിയായി.....



Reference: Bhoomi Malayalam, nativeplanet.com

# യക്ഷികഥ

ഇരുട്ടിൻെറ മറവിൽ കരിമ്പനക്കൂട്ടങ്ങൾക്ക് ഇടയിലൂടെ ഒറ്റയ്ക്ക് നടക്കുകയായിരുന്നു. നെഞ്ചിൽ മുഴുക്കെ കേട്ടുമറക്കാത്ത യക്ഷിക്കഥകളാണ്. മരചുവടുകളിൽ ചവച്ച് തുപ്പിയ അസ്ഥികൾ, അഴിച്ചിട്ട മുടി, മയക്കുന്ന കണ്ണുകൾ, വേണ്ടപ്പോൾ ചുണ്ടിൻ കോണുകളിൽ നിന്നും ഇറങ്ങി വരുന്ന തേറ്റകൾ, കരിമ്പന പട്ടകളിൽ കാറ്റൂതുമ്പോൾ പേടിപ്പെടുത്തുന്ന സീൽകാരങ്ങൾ, മുറുക്കിത്തുപ്പലിൻെറ ചോരപ്പൂക്കൾ, മയക്കുന്ന പാട്ട്. എവിടെയൊ കുരുങ്ങി പോയൊരു കിളിയുടെ കഴുത്ത് ഞെരിയുന്ന കരച്ചിൽ.. ഒന്നുമറിയാതെ നൃത്തം വെയ്ക്കുന്ന തുമ്പികളെ നോക്കി. മുടി അഴിച്ചിട്ടും മുറുക്കി ചുവപ്പിച്ചും...പൊടുന്നനെയതാ യക്ഷി ഇരിക്കുന്നു മരച്ചുവട്ടിൽ.

"പേടിക്കേണ്ട"

എൻെറ വിറ പൂണ്ട ദേഹം നോക്കി അവൾ ചുവന്ന വായ പിളർക്കുന്നു.

"ഞാനിപ്പോൾ മനുഷ്യരെ തൊടാറില്ല....

കൊടിയ വിഷമാണ്....അകത്തും പുറത്തും..."

- SIMI ANN ABRAHAM
ECE 2016-20



# കൂട്ടിലകപ്പെട്ട മഴമേഘം

ഇരുട്ടാൽ അതിരുതീർക്കപെട്ടവൾ
അസ്സമയങ്ങളാൽ ബന്ധിതയായവൾ
കെട്ടിയ നൂലിനറ്റത്തെ സ്വാതന്ത്ര്യത്തിൽ
പൊട്ടും നൂലിൽ പ്രതീക്ഷയർപ്പിച്ചവൾ
അരുതരുതെന്ന് ശാഠ്യങ്ങളിൽ
മറുപടി മൗനത്തിൽ വീർപ്പുമുട്ടിയവൾ

കവിഭാവനകളിലെ സൗന്ദര്യബിംബങ്ങളിലെ
ജീവശ്ശവം
വിടർന്ന കണ്ണുകളിൽ
നീണ്ടകേശഭാരത്തിലും
അഴകളവുകളിലും അളന്നുവിൽക്കപ്പെട്ടവൾ
സ്വാതന്ത്ര്യത്തിൻെറ അതിരുതാണ്ടിയവരെ
കണ്ണാൽ ചൂഴ്ന്നെടുത്ത്
വേശ്യയും വഴിപിഴച്ചവരുമാക്കിയ
അടഞ്ഞ കണ്ണുകളിൽ കുരുങ്ങിയ
സ്വപ്നത്തെ വീണ്ടെടുക്കാൻ പോരാടിയവൾ

കൂടൊരുക്കി കാവൽക്കാരൻ
വിളമ്പും ഔദാര്യത്തിൻ
വിശാലമനസ്കരായവർ
സുരക്ഷിതത്തിൻെറ സദാചാരചിന്തകർ
അവൾ താണ്ടിയ വഴികളിൽ
ഒരു നിഴൽപോലുമകാത്ത അപരിചിതർ
നിങ്ങളെന്തിന് വിലങ്ങുതടിയാകുന്നു
അവൾ അവൾക്കായി വെട്ടിതെളിച്ച
വഴികളുടെ അളവുകോലാകുന്നു

നിൻെറ പാതിയിലവൾ വിലക്കേർപ്പെടുത്താത്ത
കാലമത്രയും അറിയുകയില്ല
ആ ആത്മസംഘർഷവും വേദനയും
തിരിച്ചറിയാനാകില്ലയാ കരിഞ്ഞ
സ്വപ്നങ്ങളും
പ്രാരാബ്ദത്തിൽ കരിപുരണ്ട ഭാവിയും
കുഞ്ഞുകരച്ചിൽ കേട്ട് കുഴിച്ച് മൂടിയ
സ്വന്തം സത്യവും ദിനചര്യയും

നിനക്കായി ജീവിതം ഉഴിഞ്ഞിട്ടവളെന്ന്
വാഴ്ത്തപെട്ടവൾക്കൊരു കൈത്താങ്ങാതെ
അവളുടെ സ്വപ്നങ്ങൾക്ക് കൂട്ടാവാതെ
പൂർത്തിയാകില്ല ഒരു അർദ്ധനാരീശ്വര
സങ്കൽപ്പം



Picture Courtesy: ABHIJITH MS
S4 EEE



SUJI PV
Asst. Prof. ME

# ഇടവഴിയിൽ വീണുടയുന്ന സ്വപ്നങ്ങൾ

മൗനമേഘങ്ങൾ പെയ്തിറങ്ങി.
മാനസ തീരങ്ങളിൽ
ചിതലരിച്ചു പോയ സ്വപ്നങ്ങളിൽ
തകർന്നു വീഴുന്ന ഇടവഴികളിൽ
പതറാതെ നീങ്ങുന്ന കാലടികളിൽ
സ്വപ്നങ്ങളില്ലാത്ത വീഥികളിൽ
ഇനിയെന്ത് എന്തെന്ന് നിനയ്ക്കാനാകാതെ
ഇനിയെന്തും സംഭവിക്കാമെന്ന ഭാവമോടെ.
അറിയാതെ തേങ്ങുന്ന ഹൃദയങ്ങളിൽ
അറിവിൻെറ തേൻ തുള്ളികളിൽ
കിനിഞ്ഞീടവേ...
സ്നേഹത്തിൻ പൊൻപൂക്കൾ വിടർന്നു
രാവിൻെറ
മാറിൽ മയങ്ങുന്ന വേളയിൽ
സ്നേഹസന്ധ്യകൾ സിന്ദൂരം ചാർത്തി
ആകാശവീഥിയിൽ.....
പൊൻപൂക്കൾ വിടർന്നു രാവിൻെറ
മാറിൽ മയങ്ങുന്ന വേളയിൽ
മുറിവേറ്റ മാനസം പിടയുന്നു.
നൊമ്പരത്താൽ പരിസരം മുറുകുന്ന
ഗാഢനിദ്രയിൽ പലതും പുലമ്പുന്നു
കിനാപക്ഷികൾ കൂട്ടിനുള്ളിൽ
ആകാശവീഥിയിൽ ,
ഗന്ധർവ്വഗാനം നിലച്ചുപോയ്
പുലരിസംഗമ വേളയിൽ
മാരിവില്ലിനു സപ്തവർണം പടർന്നുമേലെ.
ഹരിതഭാവങ്ങൾ ഉണർന്നുചാരുചന്ദനശീതളം
ഗ്രാമസുന്ദരമേനിയിൽ വർണരാജികൾ തിളങ്ങുമീ
മുകുളങ്ങളിൽ, സൂര്യനാളകിരണങ്ങളാൽ
സുന്ദരനിമിഷങ്ങൾ വരവേൽക്കുകയായ്
ഈ പുലരി സംഗമവേളയിൽ......



AISWARYA LAKSHMI
CSE 2016-20

# നിഗൂഢത

നവനീത യൂ എസ് ,ശീതൾ അന്ന തോമസ്

നിഗൂഢതകൾ എന്നും നമ്മുക്കിഷ്ടമാണ്. നിഗൂഢതകൾ നിറഞ്ഞത് എന്നു വിശ്വസിക്കുന്ന പല സ്ഥലങ്ങളും കെട്ടിടങ്ങളും മനുഷ്യരും നമുക്ക് ചുറ്റുമുണ്ട്. കണ്ടതും കേട്ടതും ഒന്നും ശരിയല്ല എന്നു തലച്ചോറുപറയുമ്പോഴും അത് വിശ്വസിക്കാനും ഉൾക്കൊള്ളാനുമാണ് മനസ്സിനിഷ്ടം. യാത്രയിൽ കണ്ടതും കാണണം എന്നാഗ്രഹിച്ചതുമായ ആ നിഗൂഢതയിലേക്ക് ഒരെത്തിനോട്ടം.



# ശ്രീ പത്മനാഭസ്വാമി ക്ഷേത്രം



വളരെ പ്രശസ്തമായ ഈ ക്ഷേത്രത്തിനു പിന്നിൽ ഒരുപാട് കഥകളുണ്ടെന്ന് പറയപ്പെടുന്നു. ഇടക്കാലത്ത് മനുഷ്യ ജനതയുടെ ശ്രദ്ധ വളരെ അധികം പിടിച്ചു പറ്റിയ ഈ ക്ഷേത്രം തിരുവനന്തപുരത്താണ് സ്ഥിതി ചെയ്യുന്നത്. ശ്രീ പത്മനാഭസ്വാമി അഥവാ മഹാവിഷ്ണുവിൻെറ പേരിലുള്ള ഈ ക്ഷേത്രം തിരുവനന്തപുരം എന്ന നാമവുമായി ബന്ധപ്പെട്ടിരിക്കുന്നു. മഹാ വിഷ്ണുവിൻെറ നാഥനായ അനന്തൻെറ പേരിലാണ് ഈ സ്ഥലം അറിയപ്പെടുന്നത്. തിരു അനന്തപുരം അഥവാ തിരു അനന്തപുരി. എന്നാൽ ചരിത്രം മറ്റൊരു കഥ കൂടി പറയുന്നു. തിരുആനന്തപുരി എന്നായിരുന്നു തിരുവനന്തപുരത്തിൻെറ ആദ്യ നാമമെന്ന്. ബുദ്ധൻെറ ശിഷ്യനായ ആനന്തൻെറ പ്രതിഷ്ഠയുള്ള മിത്രാനന്തപുരി എന്ന ക്ഷേത്രം സ്ഥിതി ചെയ്യുന്നത് കൊണ്ടുതന്നെയാണ് തിരുആനന്തപുരി എന്ന പേരു വന്നതെന്നും പറയപ്പെടുന്നു. എന്നാൽ ഇതൊന്നുമല്ല ഈ ക്ഷേത്രത്തെ ഇത്രയധികം ചർച്ചാവിഷയമാക്കി തീർത്തത്. ശ്രദ്ധ തിരിച്ചത് മറ്റൊന്നാണ്, ബി നിലവറ. എന്താണ് ബി നിലവറ എന്ന് പലർക്കും ഇന്നും അറിയില്ല. അനിഴം തിരുന്നാൾ മാർതാണ്ഡ വർമ്മ പുനഃസ്ഥാപിച്ച ഈ ക്ഷേത്രത്തിലെ വിഗ്രഹം നിർമ്മിച്ചിരിക്കുന്നത് കടുംശർക്കരക്കൂട്ട് എന്ന രീതിയിലാണ്. ആറ് അറകളാണ് ഈ ക്ഷേത്രത്തിനുള്ളത്. അവയിൽ നാലെണ്ണം നിലവറകളും രണ്ടെണ്ണം വലിയ മുറികളും ആണ്. ഭംണ്ഡാരവക, ഭരതകോൺ, വ്യാസർകോൺ, നിത്യാദിഅറ എന്നിങ്ങനെ ഉള്ള നാല് നിലവറകളിൽ ഭരതകോൺ നിലവറയെയാണ് ബി നിലവറ എന്നറിയപ്പെടുന്നത്. അതിശയങ്ങളുടെ നിലവറ എന്നറിയപ്പെടുന്ന ഈ നിലവറക്കു പിന്നിൽ പല രഹസ്യങ്ങളും ഉണ്ടെന്ന് പറയപ്പെടുന്നു.

ഭരതകോൺ നിലവറ ഒരിക്കലും തുറക്കാൻ സാധിക്കില്ല എന്നാണ് ഒരു വിഭാഗം ആളുകൾ പറയുന്നത്. ഒരു താക്കോൽ പഴുതു പോലും ഇല്ലാത്ത ഈ നിലവറ പൂട്ടിയിരിക്കുന്നത് നാഗപാഷ ബന്ദനം ഉപയോഗിച്ചാണെന്ന് പറയപ്പെടുന്നു. മഹാഗരുഡ മന്ത്രം ഒരു പ്രത്യേക രീതിയിൽ ചൊല്ലിയാൽ മാത്രമേ ഈ വാതിൽ തുറക്കാൻ സാധിക്കുമെന്നും പറയപ്പെടുന്നു.

എന്നാൽ ബി നിലവറ തുറന്നാൽ തിരുവനന്തപുരം നഗരം നശിക്കും എന്നതാണ് പറയപ്പെടുന്ന മറ്റൊരുകാര്യം. ബി നിലവറയോട് അനുബന്ധിച്ച് പലയിടങ്ങളിലായി പല വാതിലുകളുമുണ്ട്. ഈ നിലവറയുടെ വാതിൽ ശാസ്ത്രീയമായ രീതികൾക്കെതിരായി തുറന്നാൽ ഇതിനോടനുബന്ധിച്ചു കിടക്കുന്ന മറ്റു വാതിലുകളും തുറക്കപ്പെടും. അതിൽ ഒരു വാതിൽ സമുദ്രത്തിൻെറ അടിത്തട്ടിൽ ആണെന്നും പറയപ്പെടുന്നു. അങ്ങനെ വരാൻ പോകുന്ന ദുരന്തത്തെ പ്രതിയായിരിക്കണം ഇന്നും ഈ നിലവറ തുറക്കാൻ നാം ഭയപ്പെടുന്നത്. എന്നാൽ ഒരു കൂട്ടം ആളുകൾ പറയുന്നത് ബി നിലവറക്കുള്ളിൽ ഒരു വാതകം ഉണ്ടെന്നും അത് ഓക്സിജനുമായി കൂടിച്ചേർന്നാൽ വലിയ തീപിടുത്തം ഉണ്ടാകുമെന്നുമാണ്. അവിശ്വസനീയമായ ഇത്തരം നിഗൂഢതകൾ ഒളിഞ്ഞിരിക്കുന്ന ബി നിലവറക്കു പിന്നിലെ രഹസ്യം എന്താണെന്ന് ഇന്നും വ്യക്തമല്ല.



# "Lodge Heather" No.928 SC

നിഗൂഢതകളെപറ്റി പറയുമ്പോൾ ഒഴിച്ചുകൂടാൻ പറ്റാത്ത ഒന്നാണ് മൂന്നാറിലെ ഒറ്റപെട്ട് സ്ഥിതിചെയ്യുന്ന ഈ കെട്ടിടം KDHP യുടെ ഉടമസ്ഥതയിലുള്ള കെട്ടിടം ബ്രിട്ടീഷുകാർ പണി കഴിപ്പിച്ചതാണ്. ഒട്ടേറെ പേടിപ്പെടുത്തുന്ന കഥകളാണ് ലോഡ്ജ് ഹെദറിനെപ്പറ്റി നാട്ടിലെങ്ങും പാട്ടായത്. കറുത്ത കോട്ടിട്ട സായിപ്പിൻെറ പ്രേതം അലഞ്ഞു നടക്കുന്ന ഇടമെന്നും, കെട്ടിട്ട ത്തിൻെറ ഉള്ളിൽ പെട്ടാൽ പിന്നെ തിരിച്ചൊരു മടക്കമില്ലെന്നും ഒക്കെയുണ്ട് കഥകൾ. 1924 ലെ മൂന്നാറിനെ തന്നെ പിടിച്ചുകുലുക്കിയ വെള്ളപൊക്കത്തിൽ ആറിൻെറ തീരത്തുനിന്ന ഈ കെട്ടിടത്തിനു മാത്രം ഒരു പോറൽ പോലും പറ്റിയില്ല. ഇങ്ങനെയാണ് ലോഡ്ജ് ഹെദറിനെ കുറിച്ചുള്ള ചർച്ചകൾ തുടങ്ങിയത്. കണ്ടാൽ ഒരു പ്രത്യേകതയും തോന്നാത്ത ഒരു കെട്ടിടം. ആഡിറ്റോറിയത്തോളം വലുപ്പം. ആകെ ഒരു വാതിലും രണ്ട് ജനാലകളും. വലിയ താഴിട്ടുപൂട്ടിയ ആ വാതിലിനരികെ ഒരു ചിം കാണാം. രണ്ടു ചെടികൾക്കിടയിൽ ഒരു ആന, മുകളിലായി ചിം ഡിവൈഡറും പ്രൊട്ടാക്റ്ററും.

വെള്ളക്കാരുടെ ഒട്ടേറെ ശവകുടീരമുള്ള മൂന്നാർ ഒരു കാലത്ത് ഇന്ത്യയിലെ മിനി സ്കോട്ലാൻഡായിരുന്നു. 'Free Masonry' എന്ന സംഘടനയിൽപ്പെട്ടവർക്ക് ഒത്തു കൂടുന്നതിനും അവരുടെ പ്രവർത്തനത്തിൽ ഏർപ്പെടുന്ന തുമായ സ്ഥലത്തെയാണ് ലോഡ്ജ് എന്ന് വിളിക്കുന്നത്. ലോഡ്ജ് ഹെദർ പണിത സമയത്തും അത്തരം സംഘടനയുടെ ഭാഗമായ ആൾക്കാർ ഇവിടെ ഉണ്ടായിരുന്നു. ഹെതർ ലോഡ്ജ് അത്തരം യോഗങ്ങൾക്ക് വേണ്ടി ഉപയോഗിച്ചിരുന്ന സ്ഥലമാണ്. മൂന്നാറിലെ ആദ്യ പള്ളിയായ CSI പള്ളി വരുന്നതിന് മുൻപും പിന്നീടും ലോഡ്ജ് ഹെതറിലേക്ക് സമ്പന്നരായ സായിപ്പുമാർ പോയിരുന്നു. 'Free Masonry' യുടെ പ്രവർത്തനങ്ങൾ എന്തെന്ന് പുറം ലോകത്തിന് അറിയാൻ സാധിക്കാറി ല്ലായിരുന്നു. പുറം ലോകവുമായി യാതൊരു ബന്ധം പുലർത്താത്ത സംഘടന യോഗം എന്നും ഒരു നിഗൂഢതയായി ജനങ്ങളുടെ മനസിൽ കിടന്നു. അങ്ങനെ ഈ കഥകളിലൂടെ ലോഡ്ജ് ഹെദറിന് മണ്ടവെട്ടികോവിൽ എന്ന പേരും വീണു.

# ചരിഞ്ഞ ഫ്ളാറ്റ്



എറണാകുളത്ത് നിന്നും ആലപ്പുഴയിലേക്ക് പോകുന്ന വഴി ആരുകണ്ടാലും ഒന്നുറ്റിനോക്കി ചരിത്രം അന്വേഷിക്കുന്ന ഒരു കെട്ടിടം. 1990ൽ പണികഴിപ്പിച്ച, ഇന്ന് വാർത്തകളിൽ ഇടം പിടിച്ച മരടിലെ ആദ്യ ഫ്ലാറ്റ്. 30 വർഷത്തെ കഥകൾ പറയാനുണ്ടാകും ഈ കെട്ടിടത്തിന്. ഒരു ദുരന്തകഥയുടെ സ്മാരകമായി ഇന്നും നാട്ടുകാരെ ഭീതിയുടെ ആഴങ്ങളിലേക്ക് എത്തിക്കുന്ന ഈ ഫ്ലാറ്റ്നു പറയാനുള്ള കഥ കേട്ടാൽ ആരുടെയും മനമൊന്ന് നോവും. ഒരായുസ്സിൻെറ എല്ലാ സമ്പാദ്യവും മുടക്കി തൻെറ സ്വപ്നത്തിലേക്ക് ഉയർന്നുവന്ന ഒരു മനുഷ്യൻ. കൊച്ചി നാം ഇന്ന് കാണുന്ന പട്ടണമായി ഉയർന്നു വരുന്ന കാലഘട്ടത്തിൽ തൻെറ എല്ലാ സമ്പാദ്യങ്ങൾക്ക് പുറമെ കടവും വാങ്ങിയാണ് ആ സ്വപ്നം അയാൾ കെട്ടിപൊക്കിയത്.

9 നിലയുള്ള ഫ്ലാറ്റിൻെറ നിർമ്മാണം കഴിഞ്ഞ് അവസാനഘട്ട സുരക്ഷ പരിശോധനയിൽ ആ സ്വപനം തകർന്നു. കായൽ തീരത്തു പണിത്തീർത്ത ഫ്ലാറ്റിൻെറ അടിത്തറ ഇരുന്ന് കെട്ടിടത്തിന് ചരിവുണ്ടാവുകയും അത് വാസയോഗ്യമല്ലെന്നും റിപ്പോർട്ട് എഴുതി. പൊളിച്ചു മാറ്റുക എന്നല്ലാതെ യാതൊരു പരിഹാരവും അതിനില്ല എന്ന് ഉറപ്പിച്ചു. ഒരായുസ്സിൻെറ കഷ്ട്ടപ്പാടുകൾ തകർന്നു എന്ന തിരിച്ചറിവിലും കടത്തിൻെറ ഭീതിയിലും അതേ ഫ്ലാറ്റിൻെറ ഉള്ളിൽ ഉടമ ആത്മഹത്യ ചെയ്തു. പിന്നിടാരും തിരിഞ്ഞു നോക്കാനില്ലാതെ വർഷങ്ങളോളം കിടന്നു പായൽപ്പിടിച്ച് തുരുമ്പിച്ച് വള്ളിച്ചെടികൾ പടർന്ന് ഒരു ഭാർഗവീനിലയം പോലെ ഇന്നും ആ കെട്ടിടം നിലനിക്കുന്നു. പകൽ പോലും വെളിച്ചം കയറാത്ത മുറികളും ഭീതിപ്പെടുത്തുന്ന മറ്റു കൊലപാതക കഥകൾ ചുറ്റിപറ്റിയുണ്ട്. ഒരുപാട് നിഗൂഢതകൾ ഒളിഞ്ഞുകിടക്കുന്ന ഈ സ്ഥലത്തിൻെറ, ഭീതിപെടുത്തുന്ന രൂപം ഒരിക്കൽ കണ്ടാൽ ഒരു യാത്രികനും മറക്കാൻ സാധിക്കില്ല.



## ചരിത്രം കുറിക്കപ്പെട്ട മലയോരപാത

SH old 18 , 1864 ൽ Douglas Hamilton എന്ന ബ്രിട്ടീഷ് എഞ്ചിനീയർ ആണ് മുന്നാറിനേയും കൊടയ്ക്കനാലിലുള്ള ബ്രിട്ടീഷ് മിലിട്ടറി ബേസിനേയും തമ്മിൽ ബന്ധിപ്പിക്കുന്ന ഈ പാത വിഭാവനം ചെയ്തത്, പിന്നീട് രണ്ടാം ലോകമഹായുദ്ധത്തിൽ ബ്രിട്ടീഷ് ആർമ്മിയുടെ എസ്കേപ്പ് റോഡായിരുന്നു.

എന്നാൽ ഇന്ന് ചരിത്രം ഉറങ്ങുന്ന ഈ കാട്ടുപാത പാമ്പാടുംഷോല നാഷ്ണൽ പാർക്കിന്റെ ഭാഗമായി അടച്ചിട്ടിരിക്കുകയാണ്.

# ശാസ്ത്രം സത്യമോ മിഥ്യയോ?

ബിഗ് ബാങ് പ്രതിഭാസത്തിനു ശേഷമുള്ള ഭൂമിയിലെ ഒരു ദിവസം... നനവാർന്ന മിഴികൾ തുറന്ന് പ്രപഞ്ചത്തിലെ പുതിയ ജീവിതവർഗത്തിൻെറ ഉൽപ്പത്തി : മനുഷ്യൻ!

വൈവിധ്യങ്ങളാൽ സമ്പന്നമായ പ്രകൃതി, സമൂഹം ആശങ്കകളും ആകാംക്ഷകളും പകർന്ന് നൽകിയ സമയം. പഞ്ചേന്ദ്രിയങ്ങൾ പകർന്നു നൽകിയ ഞ്ജാനത്തെ ആവിഷ്കരിക്കുന്നതിലേക്കുള്ള ചുവടുവെപ്പ്. മനുഷ്യ സമൂഹതിൻെറ ചിന്താശേഷിയെ ഉത്തേജിപ്പിച്ച ലഹരി : ശാസ്ത്രം. അനന്തമായ ഈ പ്രപഞ്ചം മുഴുവൻ പരസ്പരം ബന്ധിപ്പിക്കപ്പെട്ടിരിക്കുന്നു എന്ന സത്യം മറഞ്ഞിരിക്കുന്ന ആ ബന്ധത്തെ കണ്ടെത്തുന്നതിനുള്ള ആവേശമുളവാക്കി. ഇത്തരം ചിന്താഗതികൾ പ്രപഞ്ച സത്യങ്ങളെ ശാസ്ത്രീയമായി വീക്ഷിക്കുന്നതിനു തുടക്കം കുറിച്ചു.

ശാസ്ത്രീയ ചിന്താഗതികൾക്ക് മനുഷ്യരാശിയോളം ചരിത്രമുണ്ടെങ്കിലും തീവ്രതയിൽ എത്തിചേർന്നിട്ടു ചുരുക്കം നൂറ്റാണ്ടുകളെ പിന്നിട്ടിട്ടുള്ളു. വിശ്വാസസങ്കൽപ്പങ്ങൾക്കും മനുഷ്യ സമൂഹത്തിൽ ഉണ്ടായിരുന്ന സ്വാധീനമാണ് ഇത്തരമൊരു സാഹചര്യത്തിനു അടിത്തറയായത്. ആകാശഗോളങ്ങളെയും കാലാവസ്ഥ വ്യതിയാനങ്ങളെയും വിശ്വാസസങ്കൽപ്പത്തിൽ അധിഷ്ഠിതമായ യുഗത്തിൽ ഇവയുടെ ആവർത്തന സ്വഭാവം ശാസ്ത്രീയതലത്തിൽ ഊന്നൽ നൽകി. ഇത്തരത്തിലുള്ള ശാസ്ത്രീയ ആവിഷകാരമാണ് ഈ നൂറ്റണ്ടിലുള്ള സൂര്യഗ്രഹണം എന്ന പ്രതിഭാസം മുൻകൂട്ടി ഗണിക്കാനും അത് ദർശിക്കുവാനും നമ്മെ പ്രാപ്താരാക്കുന്നത്. ഭൂമിയാണ് പ്രപഞ്ച കേന്ദ്രമെന്ന് ഉറച്ച് വിശ്വസിക്കുന്ന ജനസമൂഹത്തിൻെറ ചിന്തകൾ തെറ്റാണെന്ന് ചൂണ്ടിക്കാണിക്കാൻ വഴിതെളിച്ചത് ഇത്തരത്തിലുള്ള ശാസ്ത്രീയ അന്വേഷണങ്ങളാണ്. ശാസ്ത്രീയബോധം ചിന്താശേഷിയെ പരിപോഷിപ്പിക്കുന്നതിനോടൊപ്പം പ്രകൃതിയുമായുള്ള സമ്പർക്കം ദൃഢപെടുത്തുന്നതിനും വഴിതെളിക്കുന്നു.

വിശ്വാസ സങ്കൽപ്പം കാര്യങ്ങളുടെ വസ്തുതയെ പരിഗണിക്കാത്ത വേളയിൽ, ശാസ്ത്രം പ്രവർത്തികളുടെ കാരണങ്ങൾ തിരയുന്നതിലേക്ക് നീങ്ങി. ഇത്തരത്തിലുള്ള സ്വഭാവ വിശേഷത ശാസ്ത്രത്തെ എക്കാലത്തെയും വിമർശനങ്ങളുടെ ഇരയാക്കിമാറ്റി. പിൽക്കാലത്ത് പരിഹസിക്കപെട്ട ശാസ്ത്രചിന്തകൾ സത്യമാണെന്നും അവ പ്രകൃതി നിയമങ്ങളെ സാധൂകരിക്കുമെന്നും ചരിത്രം രേഖപ്പെടുത്തി. ഇത്തരം ഉദാഹരണങ്ങൾ ശാസ്ത്രം സത്യമാണെന്ന് വാദിക്കുമ്പോഴും മിഥ്യ ആണെന്ന വാദം നിലനിൽക്കുന്നു. ഡാർവിൻെറ പരിണാമശാസ്ത്രം പ്രപഞ്ചസൃഷ്ടിയിൽ ദൈവത്തിൻെറ പങ്കിനെ ചോദ്യം ചെയ്ത സന്ദർഭത്തിൽ ശാസ്ത്രം വെറും മിഥ്യാധാരണയാണന്ന വാദം സമൂഹത്തിൽ ആകെ ഉയർന്നു വന്നു. എന്നാൽ ദൈവസൃഷ്ടിയായ പ്രപഞ്ചവസ്തുക്കളുടെ വിശകലനം ശാസ്ത്രീയമായി മാത്രമെ സാധിക്കുകയുള്ളൂ എന്ന ചിന്ത ശാസ്ത്രീയബോധത്തെ ദൈവസങ്കൽപ്പങ്ങളെ കൂടുതൽ അടുത്തറിയാനുള്ള മാർഗ്ഗമായി തീർന്നു.



ശാസ്ത്രം എന്നും ചിന്തകളെ ഉത്തേജിപ്പിച്ചുകൊണ്ടിരിക്കുന്നു. ഇന്നും ശാസ്ത്രീയഞ്ജാനങ്ങൾ കൊണ്ട് വിശകലനങ്ങൾ നൽകാൻ കഴിയാത്ത വസ്തുതകൾ നിരവധി ഈ അനന്തപ്രപഞ്ചത്തിൽ നിലനിൽക്കുന്നു. അവയൊക്കെ പല പല വിശ്വാസസങ്കൽപ്പങ്ങൾ കൊണ്ട് അനാവരണം ചെയ്യപ്പെട്ടിരിക്കുന്നു. ഇവയെല്ലാം വരും കാലങ്ങളിൽ ശാസ്ത്രീയമായി വിശദീകരിക്കപ്പെടും. കാരണം ശാസ്ത്രം വികസിക്കുന്നത് മുന്നോട്ടാണ്.



ANJANA CHANDRAN
CSE 2016-20

# ചുരത്തിന്റെ കാവൽക്കാരൻ



പ്രകൃതിയോടിണങ്ങി നിൽക്കുന്ന ദൃശ്യസുന്ദരിയായ വയനാട്, കേരളത്തിനൊഴിച്ചുകൂടാനാകാത്ത ഒരു ജില്ലയാണ്. 1980 ൽ കേരളത്തിൻെറ പന്ത്രണ്ടാമത്തെ പുത്രിയായിട്ടാണ് വയനാട് ജനിക്കുന്നത്. മഞ്ഞുപാളികൾക്കിടയിലെ ഹരിതഭൂപടം, ഗോത്രജനത ശിലകളിലെഴുതിയ സംസ്കൃതിയുടെ പുണ്യഭൂമി, ആകാശം തൊടുന്ന മഴക്കാഴ്ചകൾ ഇവയൊക്കെയാണ് വയനാടിൻെറ പ്രത്യേകതകളായി പറയപ്പെടുന്നത്. വയലുകൾകൊണ്ട് നിറഞ്ഞുനിൽക്കുന്ന ഈ ദേശത്തിന് വയൽനാടെന്ന് പേരുനൽകി. വേടരാജാക്കന്മാരുടെ ആധിപത്യമുള്ള ഈ നാടിന് വേടനാടെന്നും പേരുവന്നു. മൈസൂരിൻെറയും കോഴിക്കോടിൻെറയും ഇടയിൽ നിൽക്കുന്ന ഈ നാടിന് വഴിനാടെന്നും പേരുണ്ടായിരുന്നു. ഇവയെല്ലാം ചേർത്ത് പിൻകാലം ഈ നാടിനെ വയനാടെന്ന് പേരുവിളിച്ചു. അങ്ങനെ വയനാടെന്ന പേരിനുപിന്നിലും ഒരുപാട് കഥകളുണ്ടായി. മലകളും, തടാകങ്ങളും, കാടുകളും നിറഞ്ഞുകിടക്കുന്ന വയനാട്ടിലെ മറ്റൊരാകർഷണമാണ് ചുരം. യഥാർത്ഥത്തിൽ ചുരം സ്ഥിതിചെയ്യുന്നത് കോഴിക്കോട് ജില്ലയിലാണെങ്കിലും വയനാടൻചുരമെന്നും അറിയപ്പെടുന്നു. മൂന്നുമലകളിലായി സ്ഥിതിചെയ്യുന്ന 12 കിലോമീറ്റർ നീളമുള്ള ഈ ചുരത്തിന് 9 ഹെയർപിൻ വളവുകളാണുള്ളത്. കോഴിക്കോട് ജില്ലയിലെ അടിവാരത്തുനിന്നും ചുരത്തിലൂടെ വയനാട് ജില്ലയിലെ ലക്കിടിയിലെത്തുമ്പോഴേക്കും സമുദ്രനിരപ്പിൽ നിന്നും ഏകദേശം 2500 അടി മുകളിലേക്കാണ് എത്തുന്നത്. വർഷങ്ങൾക്കുമുമ്പ് കുതിരവണ്ടികളിലും, കാളവണ്ടികളിലും മാത്രം യാത്രചെയ്യാൻ പറ്റുമായിരുന്ന ചുരം, ഇന്ന് ഏതുവണ്ടികൾക്കും യാത്രചെയ്യാൻ പറ്റുന്ന വിധം വീതിയുള്ള പാതകളാൽ സമ്പന്നമാണ്. ഗോത്രങ്ങളുടേയും പല ആചാരങ്ങളുടേയും കഥകൾക്കിടയിൽ ചതിയുടേയും വഞ്ചനയുടേയും കഥയാണിന്നും ചുരത്തിന് പറയാനുള്ളത്.

മൈസൂരിൽ നിന്നും ടിപ്പുസുൽത്താൻ മലബാർ കിഴടക്കാനെത്തിയത് ബ്രിട്ടീഷ് സൈന്യത്തിന് ഈ വഴി തിരിച്ചുപോകുവാൻ പേടിയായിരുന്നു. കാരണം അവർ ടിപ്പുവിൻെറ സൈന്യത്തെ ഭയന്നിരുന്നു. അത്തരം സാഹചര്യത്തിൽ കാടുകടക്കുക മാത്രമായിരുന്നു അവർക്കുമുന്നിലെ പോംവഴി. ബ്രിട്ടീഷ് മേധാവിക്ക് തൻെറ പേരിലൊരു വഴിയുണ്ടാക്കണമെന്ന അത്യാഗ്രഹമായിരുന്നു ഇതിനുപിന്നിലെന്നും പറയപ്പെടുന്നു. എന്നാൽ വന്യമൃഗങ്ങളും, ദുർഘടപാതയുമായിരുന്നു അതിനുള്ള തടസം. ഏതുരീതിയിലും കാട്ടിലൂടെ സൈന്യത്തിനുകടക്കാൻ ഒരു വഴിയുണ്ടാക്കുക എന്നതുമാത്രമായി അവരുടെ ലക്ഷ്യം. ലക്ഷ്യം നടപ്പിലാക്കാൻ ഒപ്പം നിന്നിരുന്ന നാട്ടുവസികൾ ബ്രിട്ടീഷ് സൈന്യത്തിൻെറ മുന്നിലേക്കുവച്ച ഉത്തരമായിരുന്നു കരിന്തണ്ടൻ. അടിവാരത്തിനടുത്ത് ചിപ്പിലത്തോടെന്ന ഗ്രമത്തിൽ ജനിച്ചുവളർന്ന കരിന്തണ്ടൻ ഒരു പണിയഗോത്ര മൂപ്പനായിരുന്നു. കരിന്തണ്ടൻ ജീവിച്ചിരുന്നത് പതിനേഴാം നൂറ്റാണ്ടിൻെറ അവസാനത്തിലായിരുന്നുവെന്ന് പറയപ്പെടുന്നു. ഒത്തശരീരവും, കാരിരുമ്പിൻെറ ശക്തിയും, എണ്ണക്കറുപ്പുമായിരുന്നു കരിന്തണ്ടൻ. ബ്രിട്ടീഷ് മേധാവി അവരുടെ ആവശ്യം കരിന്തണ്ടനെ അറിയിച്ചു. കരിന്തണ്ടൻ സമ്മതമറിയിച്ചുവെങ്കിലും അദ്ദേഹം അവരോട് ഒരുകാര്യം ആവശ്യപ്പെട്ടിരുന്നു, തൻെറ നാടിനെ ഉപദ്രവിക്കരുതെന്ന്.

ഓരോതവണയും കരിന്തണ്ടൻ കാടുകീഴടക്കുന്നത് വെള്ളക്കാർ അത്ഭുതത്തോടെ തന്നെ നോക്കിനിന്നിരുന്നു. അദ്ദേഹത്തിൻെറ രീതി തികച്ചും വ്യത്യസ്ഥമായിരുന്നുവത്രെ. അദ്ദേഹം പറഞ്ഞിരുന്നത് മുകളിലേക്കുള്ള എളുപ്പവഴി കണ്ടെത്താൻ മനുഷ്യരേക്കൾ എളുപ്പം മൃഗങ്ങൾക്ക് കഴിയുമെന്നായിരുന്നു. അതുകൊണ്ടുതന്നെ ആടുകളെ മുമ്പോട്ടുവിട്ട് അതിൻെറ പുറകെയായിരുന്നു കരിന്തണ്ടൻ നടന്നിരുന്നത്. വന്യമൃഗങ്ങളുടെ സാന്നിധ്യം കരിന്തണ്ടൻ ഗന്ധം കൊണ്ട് മനസിലാക്കിയിരുന്നു. ഒരു പ്രത്യേക ശബ്ദം പുറപ്പെടുവിച്ച് മൃഗങ്ങളെ ആട്ടിയകറ്റുമായിരുന്നു. അങ്ങനെ ബ്രിട്ടീഷ് സൈന്യം കാടുകീഴടക്കി. എന്നാൽ ചരിത്രത്തിലിടം പിടിക്കുമെന്നുറപ്പുള്ള ഈ വിജയത്തിനുപിന്നിൽ ഒരു ആദിവാസിയാണെന്ന് പുറംലോകമറിയുന്നത് അവർക്ക്

അംഗീകരിക്കാനായില്ല. ലക്കിടിയിൽ വച്ച് കരിന്തണ്ടനെ മേധാവി തൻെറ തോക്കുകൊണ്ട് കൊല്ലാൻ ശ്രമിച്ചു. എന്നാൽ അവർക്കതിന് സാധിച്ചില്ല. കരിന്തണ്ടൻ കാടിറങ്ങി. എന്നാൽ അതിനുകാരണം കരിന്തണ്ടൻെറ കയ്യിലുള്ള ഗോത്രവളയാണെന്ന് ആരോ മേധാവിയെ അറിയിച്ചു.

ഒരിക്കൽ കരിന്തണ്ടൻ കുളിക്കാൻ നേരം ഊരിവച്ചിരുന്ന ഗോത്രവള വെള്ളക്കാർ അടിച്ചുമാറ്റി. അന്വേഷിച്ചിറങ്ങിയ കരിന്തണ്ടനെ കാടിനുള്ളിൽ വച്ച് വെടിവച്ചു. ഈ അനീതിക്കെതിരെ പ്രതികരിക്കാൻ ആരുമുണ്ടായിരുന്നില്ല. പിന്നീട് വായനാടിൻെറ ചുരത്തിൽ കരിന്തണ്ടനെ കണ്ടവരുണ്ട്. ഭയന്നുണ്ടാകുന്ന അപകടങ്ങളുടെ നീണ്ടനിര തന്നെയായിരുന്നു അതിനുശേഷം ചുരത്തിൽ. അങ്ങനെ വയനാടിൻെറ നായകനായിരുന്നവൻ പിന്നീട് പേടിസ്വപ്നമായി മാറി. ശേഷം എപ്പോഴോ ഒരു മാന്ത്രികൻ കരിന്തണ്ടൻെറ ആത്മാവിനെ ഒരു മരത്തിൽ തറച്ചു. നാം ഇന്നുകാണുന്ന ചങ്ങല മരത്തിൽ കരിന്തണ്ടൻ വിശ്രമിക്കുന്നുണ്ടെന്നാണ് പറയപ്പെടുന്നത്. കരിന്തണ്ടൻ എന്ന മൂപ്പൻ ഇന്ന് മുത്തപ്പനായി മാറിയിരിക്കുന്നു. മുത്തപ്പനുകൂട്ടായി കുട്ടിച്ചാ ത്തനും, മുനീശ്വരനും വന്നിരിക്കുന്നു എന്നുമാണ് വിശ്വാസം. കരിന്തണ്ടനെന്ന മുത്തപ്പൻ ശിവൻെറ അവതാരമായി പറയപ്പെടുന്നു.

ഇന്ന് വിളക്കുകളും, പൂജയുമൊക്കെയായി ആളുകൾ കരിന്തണ്ടനെ ആരധിക്കുന്നു. ചങ്ങലമരം പിന്നീട് കാവായും, ക്ഷേത്രമായും മാറിക്കഴിഞ്ഞിരിക്കുന്നു. വർഷത്തിലൊരിക്കൽ അവിടെ പൂജനടക്കാറുണ്ട്. പൂജക്കായെത്തുന്നത് നമ്പൂതിരിമാരും. അതായത് ഗോത്രാചാരങ്ങളല്ല, ഹൈന്ദവാചാരങ്ങളാണ് അവിടെ നടക്കുന്നത്. ചുരത്തിൽ നടന്നിരുന്ന അപകടങ്ങൾക്ക് പിന്നിൽ പലകഥകളും ഇന്നും കേൾക്കുന്നുണ്ട്. ഇന്നും നാം ഒരോരുത്തരും സ്വാർത്ഥരാണ്. അന്നത്തെ ബ്രിട്ടീഷ് സൈന്യത്തിൻെറ രീതി പിന്തുടരുന്നവരാണ് നമ്മൾ. തൻെറ ആവശ്യം നടന്നുകഴിഞ്ഞപ്പോൾ കരിന്തണ്ടനെ കൊന്നുകളഞ്ഞ ആ മേധാവിക്കെതിരെ ഒന്ന് ശബ്ദമുയർത്താൻ പോലും ആരുമുണ്ടായിരുന്നില്ല, കാലമതായിരുന്നു. എന്നാൽ തുല്യതാവകാശം നടപ്പിലാക്കുന്ന ഈ കാലത്തും ഇതൊക്കെത്തന്നെയാണ് കണ്ടുവരുന്നത്. നിഗൂഢതകൾ തിങ്ങിനിൽക്കുന്ന ഈ ലോകത്ത് പുറംലോകമറിയാതെ കെട്ടികിടക്കുന്ന ഒരുപാട് കഥകളുണ്ട്. ഇന്ന് കരിന്തണ്ടൻെറ കഥയെന്ന പോലെ യൂട്യൂബിലൂടെയും, പല സോഷ്യൽ മീഡിയകളിലൂടെയും നാളെ ഇവയിലേതെങ്കിലും കഥകൾ നമ്മെ തേടിയെത്തും. വിനോദസഞ്ചാരികളുടെ സ്വന്തം നാടായ വയനാടിനുപറയാൻ ഒരുപാട് കഥകൾ ഇനിയുമുണ്ട്.



SEETHAL ANNA THOMAS
CSE 2016-20

ഒന്നും
പറഞ്ഞില്ലിതേവരെ നീ
ഇതാ നമ്മെക്കടന്നുപോകുന്നു
മഴകളും മഞ്ഞും
വെയിലും
വിഷാദവർഷങ്ങളും.......

ബലചന്ദ്രൻ ചുള്ളിക്കാട്

1 Agust

മലയാള മനോരമ

# വിക്ടർ ജോർജ്ജ്

സമയം രാത്രി 2.30. 2001 ജൂലയ് ഒൻപതാം തീയതി. പതിവില്ലാതെ ആരോ കതകിൽ മുട്ടി. തുറന്നു നോക്കിയപ്പോൾ വിക്ടർ. അദ്ദേഹത്തിൻെറ ക്യാമറ ബാഗും, കാലൻ കുടയും ആയി വന്നിരിക്കുന്നു. നല്ല മഴയാണ്. നിറപുഞ്ചിരിയോടെ അദ്ദേഹം പറഞ്ഞു: വരൂ അടുത്ത യാത്രക്ക് സമയമായി, തലേ ദിവസം മനോരമയുടെ തൊടുപുഴ ഓഫീസിൽ നിന്ന് കണ്ടതാണ്. സാർ വീട്ടീൽ പോയില്ലെ എന്ന് ചോദിക്കണം എന്നുണ്ട്. എന്നാൽ ഗുരുവിൻെറ വാക്കിന് മറു ത്താന്നും പറയാതെ കൂടെ ഇറങ്ങി. മഴയേ സ്നേഹിച്ച മനുഷ്യനാണ്, മഴയോട് കിന്നാരം പറയുന്ന സ്വഭാവക്കാരനാണ്. എവിടേക്കാണ് സാർ? "ഉടുമ്പെന്നുരിലെ വെളിയാനി മലയിൽ ഉരുൾപൊട്ടിയിരിക്കുന്നു. പ്രകൃതിയുടെ രൗദ്യഭാവമാണ് മണ്ണ് പിളർന്ന് മലവെള്ളം പായുന്ന കാഴ്ച്ച അത് ലോകത്തിന് കാട്ടിക്കൊടുക്കണം!" നെഞ്ചിൽ ഒരു തീ. ഞങ്ങൾ നീങ്ങുന്നത് അപകട ത്തിലേക്കാണോ? അല്ല കാരണം ഞാൻ സഞ്ചരിക്കുന്നത് ക്യാമറ കൊണ്ട് വിസ്മയം തീർത്ത സാഹസികൻെറ കൂടെയാണ്. ഒരു വാർത്തയും വായിക്കാതെ പറഞ്ഞു തരുന്ന പ്രതിഭയോടൊപ്പം ആണ്. ഓരോ ഫ്രെയ്മും ഫിലിമിനു പകരം ഹൃദയത്തിൽ സൂക്ഷിക്കുന്ന സഞ്ചാരിക്കൊപ്പമാണ്. നാളെ നേരം പുലരുമ്പോൾ മലയാളം ആ കാഴ്ച്ച കണ്ട് ഞെട്ടും അതുറപ്പാണ്. അതിന് ഭയം എന്തിനാണ്? ഞാൻ മനസ്സിൽ ഓർത്തു. മഴ കനത്തു തുടങ്ങി. ഒരു പൂച്ചക്കുട്ടിയേപ്പോലെ ആ നിക്കോൺ ക്യാമറ നെഞ്ചോട് ചേർത്ത് പിടിച്ചിരിക്കുന്നു. ഓർമകൾ പിന്നെയും പുറകോട്ട്. പണ്ട് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ അച്ഛരൻെറ കൈ പിടിച്ച് നെഞ്ചോട് ചേർന്നിരിക്കുന്ന ആ കുട്ടിയെ ഞാൻ ഓർക്കുന്നു. അത് പിന്നീട് വിക്ടറിൻെറ ഫോട്ടോ ആയി കണ്ടപ്പോൾ ആ ക്യാമറയോട് തന്നെ അസൂയ തോന്നിപ്പോയി. അന്ന് ഞാൻ അടക്കം എല്ലാവരും കളിക്കളത്തിൽ നോക്കി നിന്നപ്പോൾ, വിക്ടർ ഗ്യാലറിയിൽ ഉള്ള ചരിത്രം ഒപ്പിയെടുത്തു. ശരിക്കും അതുല്യ പ്രതിഭ തന്നെ.

വമ്പൻപാറകൾ ഉരുണ്ട് കിടക്കുന്നു. പ്രകൃതി താണ്ഡവം ആടിയ സ്ഥലമാണ്. 3 പേരുടെ ജീവൻ അപഹരിച്ച ദുരന്തം കണ്മുന്നിൽ, ഭീകരം തന്നെ. വിക്ടർ ക്യാമറ ലെൻസ് തുടച്ച് ഓരോന്നും ഒപ്പി എടുക്കാൻ തുടങ്ങി. ആവേശത്തോടെ അദ്ദേഹം എന്തോ തിരഞ്ഞു കൊണ്ടേ ഇരുന്നു, "ഞാൻ ചരിത്രം തേടുകയാണ്" അദ്ദേഹം അതും പറഞ്ഞ് ഇരുണ്ട കാട്ടിലേക്ക് കയറി ഉരുൾ വന്ന വഴിയേ നടക്കാൻ തുടങ്ങി. തെല്ലും ഭയം ഇല്ലാതെ അദ്ദേഹം കർമ്മനിരതനായിരുന്നു. ഞാൻ എൻെറ ക്യാമറ എടുത്തു. അരണ്ട വെളിച്ച ത്തിൽ പാൻറ് മുകളിലോട്ട് കേറ്റിവച്ച് കാലൻ കുടയുമായി പോകുന്ന അദ്ദേഹത്തെ ഞാൻ പകർത്തി വച്ചു. അദ്ദേഹം മറഞ്ഞിരിക്കുന്നു. പെട്ടന്ന് ദൂരെ നിന്നും പ്രകമ്പനം ഉണ്ടായി. "ഉരുൾ വീണ്ടും പൊട്ടിയിരിക്കുന്നു" വിക്ടർ പറഞ്ഞപൊലെ ഭൂമി പിളർന്ന് മലവെള്ളം പാഞ്ഞ് വരുന്നത് അദ്ദേഹം കണ്ടിരിക്കും. "വിക്ടർ!!!!" ഞാൻ ഉറക്കെ അലറി. പെയ്തൊഴിഞ്ഞ മഴ പോലെ ഉരുൾ താഴേക്ക് നീങ്ങിയപ്പോൾ അതിലെവിടെയോ ആ ഹൃദയം പോലുള്ള ക്യാമറയും പൊട്ടിത്തെറിച്ച് പോയിരിക്കുന്നു.. ബാക്കി ആയത് ഒരു ആയിരം ഫിലിമുകളുടെ യാത്ര മാത്രമാണ്.



മാതൃഭൂമി
Mathrubhumi, The National Daily in Malayalam
Friday 15th August 1947
Vol. 49
അർധരാത്രിയിൽ
60 വർഷംകൊണ്ട
മൂന്നിരട്ടിയായി

''ലോകത്തിലെ ഏറ്റവും വലിയ വിഷമം
അത് തുറന്ന് പറയാൻ പറ്റാത്ത സ്നേഹം തന്നെയാണ് ''



# അലക്സിന്റെ മാലാഖ

എൻെറ കൂടെ നിക്കണ്ടാ പൊക്കോ...ആ ശബ്ദം കാതിൽ വല്ലാതെ തുളച്ച് കേറുന്നു. ബസ് പുറപ്പെട്ടിരിക്കുന്നു... ഒരു നിമിഷം പകച്ചുപോയി ചുറ്റും വല്ലാണ്ട് പരതി നോക്കി എൻെറ കണ്ണുകൾ അവളെ വല്ലാണ്ട് തിരയുന്നുണ്ട്. ആൾക്കൂട്ട ത്തിലെവിടെയോ ആ തുറിച്ച് നോക്കുന്ന കണ്ണുകൾ ഞാൻ കണ്ടെത്തി...മനസ്സ് വല്ലാണ്ട് പതറുന്നു...എന്തൊക്കെ പറഞ്ഞാലും എൻെറതല്ലേ!. ബസ് അവളെ മറഞ്ഞു പോയിരിക്കുന്നു..അറിയാതെ ഞാൻ പറഞ്ഞുപോയി "വണ്ടി നിർ ത്തണം..ആളിറങ്ങണം..". കണ്ടക്റ്ററിൻെറ തെറി വിളിയൊന്നും ഞാൻ കേട്ടതേ ഇല്ല. ഇറങ്ങി ഓടി അവളുടെ അടുത്തേക്ക്. നശിപ്പിച്ചു ചീറി പാഞ്ഞുപോയ എതോ വണ്ടിയുടെ ഹോൺ കാതു തുളച്ചുകയറി. നാശം...അല്ലേലും ഈ പാതിരാത്രിയിൽ ആരാണാവോ ഹോൺ മുഴക്കി പോകുന്നത്? എന്തായാലും ഉറക്കം പോയി എഴുന്നേറ്റു സമയം നോക്കിയപ്പോൾ രാത്രി 2 മണി..കയ്യിലെ ഗ്ലൗസ് ഊരി ഒരു സിഗററ്റ് കത്തിച്ചു. വിതൂരതയിൽ പരന്നു കിടക്കുന്ന മലഞ്ചരിവുകൾ. മുകളിൽ തെളിഞ്ഞ ആകാശം നക്ഷത്രക്കൂട്ടങ്ങ ൾക്കിടയിൽ പൂർണ ചന്ദ്രൻ തിളങ്ങി നിൽക്കുന്നു. ശരിക്കും ഭംഗി രാത്രിക്കു തന്നെ കാരണം ജീവനുള്ള എല്ലാം വിശ്രമിക്കുന്നത് കൊണ്ടാകാം. നിശബ്ദത തന്നെയാണ് പ്രകൃതിയുടെ ഭംഗി. ടാങ്കിൻെറ മുകളിൽ തല ചാച്ചുവച്ച് ഞാൻ ആകാശം നോക്കി കിടന്നു.. തണുത്ത കാറ്റ് വീശുന്നുണ്ട്. മരത്തിൻെറ ചില്ലകൾക്കിടയിലൂടെ ഒളിഞ്ഞും തെളിഞ്ഞും ആകാശവിസ്മയങ്ങൾ കാണുന്നുണ്ടായിരുന്നു. അതിൽ ആ ചിരി ഞാൻ പിന്നെയും കണ്ടു. ആ കണ്ണുകളുടെ ഭംഗി പിന്നെയും...പിന്നെയും ആരോ ചൂണ്ടിക്കാണിക്കുന്നു. ദൈവമേ പ്രകൃതിക്കും അവളുടെ സൗന്ദര്യം ആണല്ലൊ!. സിഗററ്റ് കുത്തിക്കെടുത്തി കയ്യിൽ വീണ്ടും ഗ്ലൗസിട്ടു ഒരുപാട് ദൂരം താണ്ടിയിരിക്കുന്നു...ഇനിയും താണ്ടണം അതിലേറെ ദൂരങ്ങൾ....

ഈ യാത്ര അവളെ തേടിയുള്ളതാണ്. കാലം എത്ര കഴിഞ്ഞിരിക്കുന്നു. എന്തെല്ലാം സംഭവിച്ചിരിക്കുന്നു...ഇണക്കങ്ങളും പിണക്കങ്ങളും ആർപ്പുവിളികളും അവസാനിച്ചിട്ട് ഇന്നേക്ക് 4 വർഷം.. ഞാൻ അറിയാണ്ട് പറഞ്ഞുപോയി ദൈവമേ.. ഞാൻ എല്ലാം മറക്കാൻ ശ്രമിച്ചതല്ലേ. എന്നിട്ടും പിന്നെയും അവിടെ തന്നെ എത്തിയിരിക്കുന്നു. മനസിൽ ഭൂതകാലം ഉരുണ്ടുകൂടുന്നു. വിരഹത്തിൻെറ ഇതളുകളിൽ ചില സന്തോഷത്തിൻെറ തുള്ളികൾ ബാക്കിയുണ്ട്. ദൂരെ നിന്നാണെങ്കിലും അവളെ ഒരു നോക്ക് കാണണം ആ ചിരി ഒരിക്കൽ കൂടെ കണ്ടു നിൽക്കണം. അതല്ലെങ്കിലും ഞാൻ പണ്ടും പുറത്ത് തന്നെ ആയിരുന്നല്ലോ. ലോകത്തിലെ ഏറ്റവും വലിയ വിഷമം അത് തുറന്ന് പറയാൻ പറ്റാത്ത സ്നേഹം തന്നെയാണ്. സമയം പുലർച്ച ആയിരിക്കുന്നു...വഴി അരികിൽ വണ്ടി നിർത്തി...

ഒരു ചായ കുടിക്കണം. രാവിലെ ആയതുകൊണ്ട് കടക്കാരൻ നല്ല ഉന്മേഷത്തിൽ ആണ്. ഒരു കട്ടൻ ചായയും ഒരു കിങ്സും ലോകത്ത് ഇതിനെക്കാൾ വലിയ കോമ്പിനേഷൻ വേറെ കാണില്ല... ചായ കുടിച്ചതിൻെറ ഉന്മേഷത്തിൽ വണ്ടിയിൽ കേറി. കൈ തട്ടിയാകണം കൈസഞ്ചിയിൽ നിന്നും എൻെറ ഡയറി താഴെ വീണു.

അതെൻെറ ഹൃദയം ആണ് ആരും കാണാത്ത ഹൃദയം. ഒരോ തവണ അത് മറിച്ച് നോക്കുമ്പോളും അതെനിക്കൊരു ഓർമ്മപ്പെടു ത്തലാണ് എൻെറ ഭൂതകാലത്തിൻെറ. ഓർമകളുടെ ചവറ്റുകൊട്ട ഞാൻ ചിരിച്ചുപോയി. അതിൽ ഞാൻ എൻെറ ഇഷ്ടങ്ങൾ കോറി ഇട്ടിട്ടുണ്ട്. അറിയാതെ ഞാൻ താളുകൾ മറിച്ചു. ദൈവമെ ! അവളുടെ കണ്ണുകൾ.. ഞാൻ ഒരു നിമിഷം നിശ്ചലനായി....ഡയറി അടച്ചു..കിക്കർ അടിച്ച് വണ്ടി എടുത്തു..ഞാൻ ഒരുപാട് വട്ടം മനസ്സുകൊണ്ട് ആഗ്രഹിച്ചിട്ടുണ്ട് ഒരു വട്ടം എങ്കിലും അവൾ ഇത് വായിച്ചിരുന്നെങ്കിൽ.. എവിടെ അതിനുള്ള ഭാഗ്യമോ ധൈര്യമോ ഉണ്ടായിരുന്നില്ലല്ലോ. ഈ യാത്രയിൽ ഇത് അവൾക്ക് സമ്മാനിക്കണം..വായിച്ച് ചിരിക്കാൻ ഒന്നാകുമല്ലോ.. അല്ലേലും ഇനി ഇത് എനിക്ക് ആവശ്യം ഇല്ല. അതിശക്തമായ മൂടൽമഞ്ഞാണ്. വണ്ടിയുടെ ഹാലജൻ ബൾബുകൾ ഇന്നലെ രാത്രി മുതൽ പണി മുടക്ക് ആരംഭിച്ചിരുന്നു. വെളിച്ചം നന്നേക്കുറവാണ് കാഴ്ചകൾ മങ്ങുന്നുണ്ട് ആന വണ്ടികൾ ചീറി പായുന്ന വഴിയാണ്.

കണ്ണടപ്പിക്കും വിധം ഒരു വെളിച്ചം എൻെറ നേർക്കു വരുന്നു! ദൈവമേ!! ബൈക്കിൽ നിന്നും ഞാൻ തെറിച്ചു വീണു. എവിടെയോ തല ഇടിച്ചിരിക്കുന്നു കാഴ്ചകൾ വല്ലാണ്ട് മങ്ങുന്നു.. എൻെറ കണ്ണുകൾ മെല്ലെ അടയുകയാണ്. അറിയാതെ ഞാൻ പറഞ്ഞു പോയി എന്നെ എങ്ങനെയെങ്കിലും അവളുടെ അടുത്തെത്തിക്കണേ.

ഒരു നീണ്ട ഉറക്കത്തിനു ശേഷം ഞാൻ കണ്ണുകൾ തുറന്നു ആദ്യം അന്വേഷിച്ചത് എൻെറ ഡയറി ആണ്. കണ്ട് കിട്ടിയില്ല അത് ആരോ അവളുടെ അടുത്ത് എത്തിച്ചിരിക്കുന്നു കൂടി നിന്നവർ പറയുന്നുണ്ട്..ആരേയും മനസിൽ ആകുന്നില്ലാ..ആക്കൂട്ടത്തിൽ ഒരാൾ പറഞ്ഞു സമയം ഒരുപാട് കഴിഞ്ഞിരിക്കുന്നു. ഈ ദിവസത്തിന് ഒരുപാട് പ്രത്യേകതകൾ ഉണ്ട് അവൾ ഇന്ന് വരികയാണ് നിന്നെക്കാണാൻ നിൻെറ ഡയറി അവൾ ഇന്ന് വായിച്ച് തീർത്ത് കാണും. കാലം എത്രയായി ഞാൻ അവളെ ഒരു നോക്ക് കാണാൻ കാത്തിരിക്കുന്നു... മനസിൽ വീണ്ടും സന്തോഷം ഉടലെടുത്തു ഒടുവിൽ അത് സംഭവിച്ചിരിക്കുന്നു. ആ കോണിൽ ഞാൻ അവളെ കണ്ടു....ദൈവമേ ഒരു മാറ്റവുമില്ല വർഷങ്ങളായി ഞാൻ തേടിയ അവളുടെ ചിരി പിന്നെയും ഞാൻ നോക്കി ഇരുന്നുപോയി...അവൾ എന്നെ കാണുന്നുണ്ടോ. അറിയില്ലാ. കൂടെയുള്ളത് അവളുടെ കുട്ടിയാണ്. ഹാ അവളു തന്നെ. അവർ എൻെറ അടുത്തു എത്തിയിരിക്കുന്നു. ഒരു ആയുസ്സിലെ കാര്യങ്ങൾ എനിക് പറയാനുണ്ട് എന്നാൽ ഒന്നിനും കഴിയുന്നില്ലാല്ലോ..ഒരു ഇടഞ്ഞ ശബ്ദത്തിൽ ആ കുട്ടി ചോദിച്ചു..ആരാ അമ്മേ ഇത്?. അവൾ ഒന്നും മിണ്ടാതെ അവിടെ തന്നെ നിന്നു. ആ കുട്ടി അവളെ കുറേ നേരം നോക്കിനിന്നു. മറുപടി ഒന്നും വരാത്തതിനാൽ അവൾ ഉറക്കെ വായിച്ചു ജോൺ അലക്സ് എബ്രഹാം 1997-2020. അത് കേട്ടപ്പോൾ അവളുടെ കണ്ണുകൾ നിറഞ്ഞ് വരുന്നു. ഒരു ആയിരം ആവർത്തി പറഞ്ഞു കഴിഞ്ഞിരിക്കുന്നു. എൻെറ മുൻപിൽ കരയരുത്. ഒരു നിമിഷം ജീവൻ തിരിച്ച് കിട്ടിരുന്നെങ്കിൽ എന്ന് ഞാൻ ആഗ്രഹിച്ചു. പക്ഷെ കഴിയില്ലാല്ലോ. സെമിത്തേരിക്കു മുന്നിലുള്ള മണി ആരോ മുഴക്കി..അവൾ പെട്ടന്ന് ഞെട്ടി..എന്തോ ചിന്തയിൽ ആയിരിക്കണം. അവൾ മോളുടെ കൈ പിടിച്ചു. ആ കുട്ടി കൈയ്യിലുണ്ടായിരുന്ന പൂച്ചെണ്ട് എൻെറ കല്ലറക്കു മുകളിൽ വച്ചു. ആ കുട്ടിയെ കെട്ടിപിടിച്ച് കരയണം എന്നുണ്ട് എന്നാൽ മരിച്ചവർക്ക് ഇനി അതൊന്നും സാധിക്കില്ലല്ലോ. അവർ നടന്നകന്നു ഒരിക്കല്ലെങ്കിലും അവൾ ഒന്നു തിരിഞ്ഞുനോക്കിയിരുന്നെ ങ്കിൽ ഞാൻ ആഗ്രഹിച്ചു... അല്ലങ്കിൽ അത് വേണ്ട..കാരണം ഞാൻ ഒരിക്കലും അവളുടെ പുറകിലായിരുന്നില്ലാല്ലോ..മറിച്ച് മുന്നിൽ തന്നെയായിരുന്നു.. താൻ നടന്നോ ഞാൻ കൂടെയുണ്ട്, നീ എൻെറ മാലാഖ അല്ലേ! അറിയാതെ ഞാൻ പറഞ്ഞുപോയി.



Abhijith S Pillai
EEE 2016 - 2020



# പേമാരിയുടെ ഇന്നലകളിലേക്ക്



1099 ലും 1924 ലും കേരളത്തിൽ നടന്ന പ്രളയങ്ങൾക്കുശേഷം കേരളം സാക്ഷ്യം വഹിച്ച ഏറ്റവും വലിയ പ്രളയമായിരുന്നു 2018ലേത്. അതിൻെറ തുടർച്ചയെന്നപോലെ നാം അതിനെ 2019 ലും സാക്ഷ്യം വഹിച്ചു. ജൂലൈ-ആഗസ്റ്റ് മാസങ്ങളിൽ തെക്കു-പടിഞ്ഞാറൻ കാലവർഷകാലത്ത് ഉയർന്ന അളവിൽ മഴ പെയ്തതിൻെറ ഫലമായാണ് വെള്ളപ്പൊക്കദുരന്തം സംഭവിച്ചത്. അതിശക്തമായ മഴയെ തുടർന്ന് മിക്ക ജില്ലകളിലും വെള്ളപ്പൊക്കവും ഉരുൾപ്പൊട്ടലുമുണ്ടായി.

2018 ലെ പ്രളയത്തിൽ വൃഷ്ടി പ്രദേശത്തും മറ്റും നിർത്താതെ പെയ്ത മഴ മൂലം ഇടുക്കി ഡാമിലെ ജലനിരപ്പുയരുകയും ഡാമിൻെറ 5 ഷട്ടറുകൾ ചരിത്രത്തിൽ ആദ്യമായി തുറക്കുകയും ചെയ്തു. പ്രധാനമന്ത്രി നരേന്ദ്രമോദിയും കേന്ദ്ര പ്രതിരോധ മന്ത്രി രാജ്നാഥ് സിങ്ങും കേരളത്തിൽ വ്യോമമാർഗ്ഗം നിരീക്ഷണം നടത്തി. കേരളചരിത്രത്തിലാദ്യമായാണ് 35 ഡാമുകൾ ഒരുമിച്ച് തുറന്നത്. വയനാട്ടിൽ മഴയും മണ്ണിടിച്ചിലും വ്യാപകമായ നാശനഷ്ടം വിതച്ചു, ചുരം ഇടിഞ്ഞ് യാത്ര തടസ്സപ്പെട്ടു. ഇടുക്കിയിലെ ചെറുതോണിയിൽ വെള്ളം കയറി. 330 ലധികം പേർ കൊല്ലപ്പെടുകയും പത്ത് ലക്ഷത്തിൽ പരം ആളുകളെ മാറ്റിപാർപ്പിക്കുകയും ചെയ്തു. കാലാവസ്ഥാമാറ്റം കേൾക്കാൻ രസമുള്ള ഒരു വാക്കോ, സെമിനാറും ചർച്ചയും സംഘടിപ്പിക്കാൻ ഉള്ള വിഷയമോ മാത്രമല്ലെന്ന് തിരിച്ചറിഞ്ഞ ദിവസങ്ങളാണ് കടന്നുപോയത്. തീവ്രകാലാവസ്ഥ അനുഭവങ്ങൾ തുടർകഥകളാവുകയാണ്. ഇതു തിരിച്ചറിഞ്ഞ് പ്രവർത്തിച്ചാലേ കേരളത്തിന് അതിജീവിക്കാനാവൂ.

# 2018ലെ പ്രളയം

മഹാപ്രളയത്തിൽ നിന്ന് കേരളം പതുക്കെ കരകയറിയിരുന്നു. ഓർത്തെടുക്കുമ്പോൾ ഭയപ്പെടുത്തുകയും ഒരു മലയാളി ആയതിനാൽ അഭിമാനം തോന്നുകയും ചെയ്ത നിമിഷങ്ങൾ ആയിരുന്നു അത്. കുളിർതെന്നലിൻെറ സുഖമുള്ള മഴയോർമകൾ മനസിൽ സൂക്ഷിച്ചിരുന്ന മലയാളി കണ്ടത് മഴയുടെ രൗദ്രഭാവം, നൂറ്റാണ്ടിലെ ഏറ്റവും വലിയ പ്രളയം.

2018 ഓഗസ്റ്റ് ഒന്നു മുതൽ 19 വരെ കേരളത്തിൽ പെയ്തിറങ്ങിയത് 758.6 മില്ലി മീറ്റർ മഴയാണ്. സാധാരണ ഗതിയിൽ ഈ സമയത്തു ലഭിക്കേണ്ടത് 287.5 മില്ലി മീറ്റർ മാത്രം. 164% അധികം മഴ കേരളത്തിനു മേൽ വർഷിച്ചതോടെ ഇന്നേവരെ കാണാത്ത പ്രളയദുരിതത്തിനാണ് സംസ്ഥാനം സാക്ഷ്യം വഹിച്ചത്. എട്ടു ലക്ഷത്തിലേറെ പേർ ദുരിതാശ്വാസ ക്യാമ്പുകളിൽ അഭയം തേടിയെത്തി. ഓഗസ്റ്റിൽ മാത്രം 300 ലേറെ മരണമുണ്ടായി. അരലക്ഷത്തിലേറെ ഹെക്റ്ററിലെ കൃഷി നശിക്കപ്പെട്ടു. പതിനായിരക്കണക്കിനു വീടുകൾ നിലം പതിച്ചു. കാലവർഷം പതിവിലുമധികം ശക്തി പ്രാപിക്കുന്നത് നാം ശ്രദ്ധിച്ചിരുന്നില്ല. എല്ലാ കൊല്ലത്തെയും പോലെ കുട്ടനാട്ടിൽ മാത്രം ഒതുങ്ങും മഴയുടെ ദുരന്തങ്ങളെന്ന് കേരളം കരുതി. വെറുതെയങ്ങ് തിരിച്ചു പോകാൻ വന്നതല്ല എന്ന സൂചന നൽകി മലയോരങ്ങളിൽ വ്യാപകമായ മണ്ണിടിച്ചിലും ഉരുൾപൊട്ടലും. ഡാമുകളിൽ ജലനിരപ്പ് ഉയർന്നു. ഇടുക്കി അണക്കെട്ടിലെ ജലനിരപ്പ് ഉയരുന്ന വാർത്തകൾ ആശങ്കയ്ക്ക് പകരം ആകാംക്ഷയോടെയാകും ഒരുപക്ഷേ മലയാളികൾ കേട്ടത്. ട്രയൽ റണ്ണിനായി തുറന്ന ഷട്ടറുകൾ പിന്നീട് അടയ്ക്കേണ്ടി വന്നില്ല. ചെറുതോണി അണക്കെട്ടിൻെറ 5 ഷട്ടറുകളും ചരിത്രത്തിലാദ്യമായി തുറന്നു. കാലവർഷം അതിൻെറ എല്ലാ ഭീകരതയോടെയും ആർത്തുലച്ചു. റോഡുകൾ ഒലിച്ചു പോയി, വീടുകൾ നിലം പൊത്തി, കുന്നുകൾ ഇടിഞ്ഞു. രാജ്യം 72ആം സ്വാതന്ത്ര്യദിനം ആഘോഷിക്കുമ്പോൾ ആശങ്കയുടെ നിഴലിൽ ആയിരുന്നു കേരളം.

കിട്ടിയതൊക്കെ കയ്യിലെടുത്ത് ദുരിതാശ്വാസ ക്യാമ്പിലേക്ക് ഓടിയവർ, വീടിൻെറ രണ്ടാംനിലയിൽ അഭയം പ്രാപിച്ചവർ, ചത്തുപൊങ്ങിയ വളർത്തു മൃഗങ്ങൾ, ഒറ്റപ്പെട്ട് കുടുങ്ങിക്കിടക്കുന്നവർക്കായുള്ള ഉറ്റവരുടെ സഹായഭ്യാർത്ഥനകൾ. ഒരു മനുഷ്യായുസ്സിൽ മറക്കാൻ കഴിയാത്ത നടുക്കുന്ന ഓർമകളാണു പ്രളയം സമ്മാനിച്ചത്. പ്രളയകാലം തിരിച്ചറിവുകളുടേത് കൂടിയായിരുന്നു. ജാതിയുടെയും മതത്തിൻെറയും അതിർവരമ്പുകൾ ഇല്ലാതായി. അമ്പലത്തിലും പള്ളികളിലും നിസ്കാരപായകൾ വിരിച്ചു. പാവപ്പെട്ടവനും പണക്കാരനും ഒരു പാത്രത്തിൽ നിന്ന് കഴിച്ചു. അന്യർക്ക് പ്രവേശനമില്ലെന്നെഴുതിയ ബോർഡുകൾ പ്രളയമെടുത്തു. വിശപ്പിനേക്കാൾ വലുതല്ല ദുരഭിമാനമെന്ന് തിരിച്ചറിഞ്ഞു.

കേന്ദ്രസഹായവും വിദേശസഹായവുമൊക്കെ തർക്കവിഷങ്ങളാണെങ്കിലും കേരളത്തിനു അതിജീവിച്ചേ മതിയാകൂ. മുഖ്യമന്ത്രി പറഞ്ഞതുപോലെ "ഓരോ മലയാളിയും നമ്മുടെ കരുത്ത് തിരിച്ചറിയണം." നിപ്പയേയും ഓഖിയേയുമൊക്കെ അതിജീവിച്ചത് പോലെ മഹാപ്രളയത്തെയും കേരളം ചങ്കൂറ്റത്തോടെ നേരിടുകയാണ്. നവകേരളം കെട്ടിപ്പടുക്കാനായി കക്ഷിരാഷ്ട്രീയവ്യത്യാസം ഇല്ലാതെ കേരളം ഒറ്റക്കെട്ടായി മഹാപ്രളയത്തെ നേരിട്ടു. ദുരന്തബാധിത പ്രദേശങ്ങൾ സന്ദർശിക്കാൻ മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും ഒരുമിച്ചെത്തിയതിനെ ദേശീയ മാധ്യമങ്ങൾ വരെ വാഴ്ത്തി പറഞ്ഞു.

# പ്രളയം 2019

2019 ഓഗസ്റ്റ് 8ന്, മൺസൂൺ കാലത്തെ മഴയെ തുടർന്ന്, കടുത്തവെള്ളപ്പൊക്കം തെക്കേ ഇന്ത്യൻ സംസ്ഥാനമായ കേരളത്തെ ബാധിച്ചു. നദികളിലേയും മറ്റ് ജലാശയങ്ങളിലെയും ജലനിരപ്പ് ഉയരുന്നതിനൊപ്പം തുടർച്ചയായ മഴയും കേരളത്തിൻെറ പല ഭാഗങ്ങളിലും വെള്ളപ്പൊക്കത്തിന് കാരണമായി. വ്യാഴാഴ്ച്ച രാവിലെയും മഴ തുടർന്നതിനാൽ ഇടക്കര പ്രദേശങ്ങളും ഭയത്തിലാഴ്ന്നു.

2018ലെ മഹാപ്രളയത്തിനു ശേഷം കേരളം തുടർച്ചയായി നേരിട്ട രണ്ടാമത്തെ പ്രളയം. 100 ലധികം പേരുടെ ജീവനെടുത്ത മിന്നൽ പ്രളയം മലയോര മേഖലയിലുള്ളവരെയും താഴ്ന്ന പ്രദേശത്തുള്ളവരെയും ഭീതിയിലാഴ്ത്തി. വയനാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, പാലക്കാട്, തൃശ്ശൂർ, എറണാകുളം ജില്ലകളാണ് സാരമായി ബാധിച്ച ജില്ലകൾ. ഒരു രാത്രികൊണ്ട് നാമാവശേഷമായ കവളപ്പാറ ഗ്രാമം 64 മനുഷ്യർ സഹിതം മണ്ണിനടിയിലായി. ഒരു ഗ്രാമം മുഴുവൻ വിഴുങ്ങാൻ പാകത്തിന് ശക്തമായ ഉരുൾപ്പൊട്ടലിനു കാരണമായ മഴ മലയാളികളുടെ കണ്ണീർമഴയായി മാറുകയായിരുന്നു. നാളെകളിലെ സ്വസ്ഥജീവിതം സ്വപ്നം കണ്ട് കഴിഞ്ഞിരുന്ന കുടുംബങ്ങളുടെ സമ്പാദ്യങ്ങളും പ്രതീക്ഷകളുമെല്ലാം പ്രളയം വിഴുങ്ങി.

ഇത്തവണയും മറ്റൊരു സഹായമാർഗത്തിനായി കാത്തിരിക്കാതെ മലയാളികൾ പരസ്പരം സഹായിക്കാനും ആശ്വസിപ്പിക്കാനും തുടങ്ങി. വേദനയോടെയാണെങ്കിലും മനുഷ്യത്വം മരിച്ചിട്ടില്ലെന്ന് കേരളത്തെ ഓർമ്മപ്പെടുത്തുക കൂടിയായിരുന്നു 2019ലെ പ്രളയം.എയർലിഫ്റ്റിംഗിലൂടെ ഗർഭിണികളെയും കുട്ടികളെയും പൊക്കിയെടുത്ത് സുരക്ഷിതസ്ഥാനങ്ങളിലെത്തിച്ചു. പ്രതീക്ഷയുടെ പുൽനാമ്പുകൾ വീണ്ടും തളിർത്തു തുടങ്ങി. കേരളത്തിൻെറ സൈന്യമായി മത്സ്യത്തൊഴിലാളികൾ എത്തി. കുടുങ്ങിക്കിടക്കുന്നവരെ തേടി വഴിയറിയാത്ത ഇടങ്ങളിലൂടെ കടലിൻെറ മക്കൾ പോയി. സാമൂഹ്യമാധ്യമങ്ങൾ കൺട്രോൾ റൂമുകളായി. സൈന്യവും, പോലീസും, ഭരണകൂടവും, ജനങ്ങളും പ്രളയം തകർക്കാത്ത നാടായി കേരളത്തെ കൈപിടിച്ചുയർത്തി.



ABDUL MUBDIH M V,VARUN K,
MALAVIKA T, ANISHA K, NIKHIL K
2019 - 23



RAHUL V R
EEE 2016 - 20

# യാത്ര

കരിയിലകൾ പാറി വീണ നാട്ടുവഴികളിലൂടെ
കാലത്തിൻെറ ഓർമ്മകൾ പേറി നാം
യാത്രയായപ്പോൾ
സൃഷ്ടിയുടെ സുഗന്ധം വഴി കാട്ടി
ഇരുൾ നിറഞ്ഞ വഴികളിലൂടെ
കാലടികൾ വച്ചപ്പോൾ
വാക്കുകൾ വെളിച്ചമേകി
വാക്കുകൾ നിലാവായിരുന്നു
അക്ഷരങ്ങൾ കൊണ്ട് തീർത്ത
പൊൻനിലാവ്
കാലം കടന്ന് പോകുമ്പോൾ
ഭൂതകാലത്തിൻെറ ഏടുകൾ
എഴുതി ചേർത്ത ആദിസർഗത്തിലെ
ഓരോ വാക്കുകളും പ്രകാശിക്കട്ടെ
കലാലയ ജീവിതത്തിൻെറ ഓർമകളാകുന്ന
സൃഷ്ടികൾ മുറുകെ പിടിച്ച്
നമുക്ക് കടന്ന് പോകാം
നേർത്ത വിശ്വാസങ്ങൾ പേറി.





# ഇല

അന്നു പെയ്ത മഴയോടൊപ്പമോടാനൊന്നിച്ച്
വേരിൻെറ വേദാന്തം മറന്ന്
കരിഞ്ഞുണങ്ങിയ മരക്കൊമ്പിൻ തുഞ്ചത്ത്
തളിർത്ത് നിൽക്കുന്ന പെണ്ണൊരുത്തി...പച്ചിച്ച്!
പിന്നെ വന്നില്ല മഴ
ഇളം ചൂടിൻെറ പൊൻകിരണങ്ങൾ ചാർത്തി
അതുവഴി അവൻ വന്നു...സൂര്യൻ
പ്രാകി പ്രാകി തള്ളവേരവൾക്ക് കണ്ണീരുവറ്റി,
ഇല ഞരമ്പുകളിറുക്കിപ്പിടിച്ച്
ഒളിച്ചിരുന്നവൾ... പെണ്ണ്...
അവധിക്കുവന്ന മഴ ക്രുദ്ധൻ
പിഴച്ച പെണ്ണിനെ എനിക്കു വേണ്ടന്നുറഞ്ഞുതുള്ളി
അകന്നു പോയി...
അപമാനിത....!
വാടി വിറങ്ങലിച്ച്,
ശ്വാസകോശം വലിഞ്ഞു കെട്ടിയവൾ
പെണ്ണൊരുത്തി,"ഇല",സ്വയം
ചാടി പൊഴിഞ്ഞുപോയി...
താഴേക്ക്....താഴേക്ക്...



APARNA T M
EEE 2016 - 20

# കാനന സുന്ദരി ഗവി

നാല് അണക്കെട്ടുകളുടെ മുകളിലൂടെ, വന്യമൃഗങ്ങളെ കണ്ട്, കോടയിറങ്ങിയ വഴികൾ താണ്ടിയൊരു വനയാത്ര-ഗവി! പെരിയാർ കടുവാസങ്കേതത്തിൽ ഭാഗമായ ഈ കാനനസുന്ദരിയെ ആസ്വദിക്കാൻ കടുത്ത നിയന്ത്രണങ്ങളുണ്ട്. അതുകൊണ്ടുതന്നെ വനകന്യകാത്വം നശിപ്പിക്കില്ലെന്ന് ഉറപ്പുനൽകുന്നവർക്കു മാത്രം പ്രവേശനം.

പത്തനംതിട്ടയിൽ നിന്ന് അങ്ങമൂഴി വഴി ഏകദേശം 100 കിലോമീറ്ററാണ് ഇക്കോ ടൂറിസം കേന്ദ്രമായ ഗവിയിലേക്ക്. 73 കിലോമീറ്റർ വനയാത്ര. ആനകളും കാട്ടുപോത്തും സിംഹവാലൻ കുരങ്ങും മാനും ഒത്താൽ പുലിയും കടുവയും ഒക്കെ മുന്നിൽ വന്നുപെടാം.

പച്ചപ്പണിഞ്ഞ മലനിരകളും വഴിനീളെ നിബിഡവനവും. നട്ടുച്ചയ്ക്കും വിറപ്പിക്കുന്ന തണുപ്പൻ കാറ്റ്. കോടയിറങ്ങിയാൽ പിന്നൊന്നും കാണൂല്ല എന്നല്ല, പിന്നെയാണ് കായ്ച്ച സാറേ...എന്നുറപ്പായും പറയും. മേഘങ്ങൾക്കിടയിലൊരുക്കിയ നിഴൽക്കാട്ടിലൂടെ പോകുന്ന പ്രതീതി!

വൈദ്യുതോൽപ്പാദനത്തിൽ രണ്ടാം സ്ഥാനമുള്ള ശബരിഗിരി പദ്ധതിയുടെ കക്കി, ആനത്തോട് അണക്കെട്ടുകളുടെ മുകളിലൂടെയാണ് വഴി. മൂഴിയാർ, ഗവി അണക്കെട്ടുകളുടെ മുകളിലുടെയും കടന്നു പോകും. കൊച്ചുപമ്പ അണക്കെട്ടും കാണാം.

പക്ഷിവൈവിധ്യമാണ് മറ്റൊരു പ്രത്യേകത. രുദ്രാക്ഷം മുതൽ കുന്തിരിക്കം വരെ നാട്ടിലെ താരങ്ങളായ കാട്ടിലെ മരങ്ങളും കാണാൻ അവസരമുണ്ട്. പുറംലോകത്തിൻെറ ശബ്ദകോലാഹലങ്ങളൊന്നുമില്ലാതെ, കാടിൻെറ മർമരമാസ്വദിച്ച് തുഴഞ്ഞ് നീങ്ങാൻ രണ്ടിടങ്ങളിലായി ബോട്ടിങ്ങ് സൗകര്യമുണ്ട്. രാത്രി താമസവും കൂടിയായാൽ കുശാൽ!



പ്രവേശനം:

പത്തനംതിട്ട ഭാഗത്തുനിന്ന് അങ്ങമൂഴി ഗൂഡ്രിക്കൽ റേഞ്ച് ഓഫിസിൽ നിന്ന് പാസ് എടുക്കണം. പ്രതിദിനം 30 വാഹനങ്ങളേ അനുവദിക്കൂ. രാവിലെ 8:30 മുതൽ 11 വരെ വാഹനങ്ങൾ കടത്തിവിടും.

കൊച്ചാണ്ടി ചെക്പോസ്റ്റിലൂടെയാണ് പ്രവേശനം. ഇവിടെ കൈവശമുള്ള പ്ലാസ്റ്റിക് സാധനങ്ങളുടെ എണ്ണമെടുക്കും. ഗവി കടന്ന് വള്ളക്കടവ് ചെക്പോസ്റ്റിലെത്തുമ്പോൾ അത്രയും എണ്ണം ഉണ്ടോ എന്നു പരിശോധിക്കും. കാടിനകത്ത് പ്ലാസ്റ്റിക് ഉപേക്ഷിക്കാതിരിക്കാനുള്ള മുൻകരുതലാണ്. മദ്യവുമായോ മദ്യപിച്ചോ പോകുന്നതിനും, വനമേഖലയിൽ വാഹനത്തിൽ നിന്ന് പുറത്തിറങ്ങുന്നതിനും കർശന വിലക്കുണ്ട്. വിവിധയിടങ്ങളിലായി വനം പോലീസ് അധികൃതരുടെ പരിശോധനയുണ്ട്. പച്ചക്കാനത്തെത്തുമ്പോൾ വീണ്ടും പാസ് എടുക്കണം.

കോട്ടയം - കുമളി റോഡിൽ വണ്ടിപ്പെരിയാറിൽ നിന്ന് വള്ളക്കടവ് ചെക്പോസ്റ്റ് വഴി നേരിട്ടും ഗവിയിലെത്താം.



HANEEN AHMED K
ME 2016-20



# പ്രണയം മൂന്നാറിനോട്

Sujith Bhakthan &
Swetha Bhakthan
Tech Travel Eat

ഏയ്.. !! എന്ത് ചെയ്യുന്നു?? ഹും.. !! ഞാൻ യാത്ര ചെയ്യുന്നു.അതൊക്കെയൊരു ജോലിയാണോ?? അതെ യാത്രയും ഒരു കരിയറായി തിരഞ്ഞെടുക്കാം എന്നതിന്റെ ഉത്തമ്മ ഉദ്ദാഹരണമാണ് സുജിത് ഭക്തൻ. സന്ദർശിക്കുന്ന ഓരോ സ്ഥലങ്ങളും കാണികളിലേക്ക് എത്തിക്കുമ്പോൾ ആ സ്ഥലത്തിന്റെ വികാരം നമ്മളിൽ പൂർണമായും സമ്മാനിക്കാൻ കഴിഞ്ഞൊരു പ്രതിഭയാണ് ഇദ്ദേഹം. യാത്രാ നദിയിൽ നീന്തി തുടിക്കുന്ന സുജിത്തിന് ഇണയായി കിട്ടിയതോ...യാത്രാ ഭ്രമമുള്ള മറ്റൊരു അരയന്നത്തെ.!! 'ശ്വേത '. ഇരുവരും ചേർന്ന് അനേകം സ്ഥലങ്ങൾ സന്ദർശിച്ചിട്ടുണ്ടെങ്കിലും, അടങ്ങാത്ത പ്രണയവും വികാരവുമാണ് മൂന്നാറിനോട്. മൂന്നാറിനോടുള്ള തീവ്ര പ്രണയം വെളിപ്പെടുത്തി സുജിത് ഭക്തനും ഭാര്യയും.





" കരിയർ യാത്രകളാണെന്ന് **മനസ്സിലാക്കുന്നത്** മൂന്നാറിൽ വെച്ചാണ് "

എല്ലാവരും എന്നോട് ചോദിക്കാറുണ്ട് ഇതുവരെ പോയതിൽ വെച്ച് ഏറ്റവും ഇഷ്ടപ്പെട്ടതും, വീണ്ടും പോകാൻ തോന്നിപ്പിക്കുന്നതുമായ സ്ഥലം ഏതാണെന്ന്. "മൂന്നാർ" എന്നാണ് ഞാൻ അതിനുത്തരമായി പറയാറുള്ളത്. എന്താണെന്നറിയില്ല, പണ്ടുമുതലേ മൂന്നാറിനോട് എനിക്ക് എന്തോ ഒരു പ്രത്യേക അടുപ്പമുണ്ട്. ബെംഗളൂരുവിൽ പഠിക്കുന്ന കാലത്ത് അവിടെ നിന്നും ഒറ്റയ്ക്ക് ബൈക്കിൽ കോയമ്പത്തൂർ വഴി മൂന്നാറിലെത്തി, പിന്നെ അവിടുന്ന് പത്തനംതിട്ടയിലേക്ക് പല പ്രാവശ്യം ഞാൻ യാത്ര ചെയ്തിട്ടുണ്ട്. അന്നത്തെ യാത്രകളിൽ മറയൂർ ഭാഗം കഴിഞ്ഞു മൂന്നാറിലേക്ക് വരുന്ന സമയം പെട്ടെന്ന് തണുപ്പ് ജാക്കറ്റിനുള്ളിലേക്ക് അരിച്ചു കയറുന്ന അനുഭവം എനിക്കേറെ പ്രിയപ്പെട്ട നിമിഷങ്ങളിലൊന്നായിരുന്നു. തേയിലത്തോട്ടങ്ങൾ ആണെന്നു തോന്നുന്നു മൂന്നാറിനെ ഇത്രയ്ക്ക് സുന്ദരിയാക്കിയത്. കൂടാതെ തണുത്ത കാറ്റിനൊപ്പം യൂക്കാലി മരങ്ങളുടെ മണവും മൂന്നാറുന്റെ ഒരു പ്രത്യേകത തന്നെയാണ്. ചില സമയങ്ങളിൽ ഈ മണം വളരെ അസ്സഹനീയമാണെങ്കിൽപ്പോലും.

എന്റെ കരിയർ യാത്രകളിലാണ് എന്ന് ഞാൻ മനസ്സിലാക്കുന്നത് മൂന്നാറിൽ വെച്ചാണ്. ഞാൻ വന്ന വഴികളിലേക്ക് ഒന്ന് തിരിഞ്ഞു നോക്കിയാൽ, ഏതാണ്ട് 3 വർഷം മുൻപ് മൂന്നാറിൽ വെച്ചാണ് "Tech Travel Eat" നോടൊപ്പമുള്ള എന്റെ യാത്രകളുടെ ആരംഭം. ഞാൻ ഇതുവരെ ചെയ്ത വീഡിയോകൾ നോക്കിയാൽ നിങ്ങൾക്ക് മനസ്സിലാകും. പല വീഡിയോയ്ക്കും മൂന്നാർ പശ്ചാത്തലമായിട്ടുണ്ട്. അതെ, എന്റെ ജീവിതത്തിൽ ഞാൻ എത്ര തവണ മൂന്നാർ സന്ദർശിച്ചിട്ടുണ്ടെന്ന് എനിക്ക് തന്നെ അറിയില്ല.










മനസ്സും ശരീരവും ഒന്ന് ശാന്തമാക്കുവാൻ ഇടുക്കി എന്നെ വളരെയധികം സഹായിക്കുന്നുണ്ട്. ഇനിയും കണ്ടു തീരാത്ത ഒട്ടേറെ കാഴ്ചകൾ ഇടുക്കി ജില്ലയിൽ ഉണ്ട്. എങ്കിലും എന്തോ ഒരു പ്രത്യേക ശക്തി എന്നെ ഇപ്പോഴും മൂന്നാറിലേക്ക് ആകർഷിക്കുന്നുണ്ട്. ഏത് വിദേശ രാജ്യത്ത് പോയാലും തിരികെ വന്നയുടൻ ഞാനൊരു മൂന്നാർ യാത്ര പോകും. എന്തോ വല്ലാത്ത ഒരു പ്രണയമാണ് എനിക്ക് മൂന്നാറിനോട്. എൻെറ മൂന്നാർ പ്രണയം ഭാര്യ ശ്വേതയ്ക്കും പകർന്നു കിട്ടി എന്നത് എനിക്ക് വളരെ സന്തോഷം നൽകുന്ന ഒരു കാര്യമാണ്. അല്ലെങ്കിൽത്തന്നെ മൂന്നാർ എന്ന വശ്യസുന്ദരിയെ ആർക്കാണ് ഇഷ്ടമല്ലാത്തത്? വിവാഹശേഷം ഞങ്ങളൊന്നിച്ച് ധാരാളം തവണ മൂന്നാറിൽ പോയിട്ടുണ്ട്. ഇനിയും പോകും. പോകണം....അതാണല്ലോ ശീലം.....!!



മൂന്നാറിനെക്കുറിച്ചോർക്കുമ്പോൾ എനിക്ക് ഒരു വിഷമം കൂടിയുണ്ട്. മറ്റൊന്നുമല്ല, മൂന്നാറിലെത്തുന്ന ഭൂരിഭാഗം സഞ്ചാരികളും എണ്ണപ്പെട്ട ചില സ്ഥലങ്ങൾ മാത്രം സന്ദർശിച്ചു മടങ്ങാറാണ് പതിവ്. എന്നാൽ ഇതിലും നന്നായി മൂന്നാറിനെ ആസ്വദിക്കാൻ, മൂന്നാറിൻെറ ജീവൻ തുടിക്കുന്ന ഒത്തിരി സ്ഥലങ്ങൾ ടൗണിൽ നിന്നും മാറി സ്ഥിതിചെയ്യുന്നുണ്ട്. അത്തരം ഇടങ്ങളിലെ നിശബ്ദവും വന്യവുമായ പ്രകൃതിയെ ആസ്വദിക്കുവാനാണ് എൻെറ ഓരോ മൂന്നാർ യാത്രയും. ലോകം മുഴുവനും കോവിഡ് മൂലം കഷ്ടതകളനുഭവിക്കുന്ന ഈ സമയത്ത് മൂന്നാറിനും പറയുവാനുണ്ട് കുറെ നഷ്ടങ്ങളുടെ കഥകൾ, മൂന്നാറിനെ ആശ്രയിച്ചു ജീവിക്കുന്ന മനുഷ്യജീവിതങ്ങളുടെ കണ്ണീരിൻെറ കഥകൾ....എല്ലാം എത്രയും പെട്ടെന്നു മാറട്ടെ...മൂന്നാർ പഴയതിലും സുന്ദരിയായി, ഏവരെയും സ്വാഗതം ചെയ്യുന്ന ഒരു ദിവസം വരും.....അത് അധികം അകലെയല്ല. ഇന്നല്ലെങ്കിൽ നാളെ നിങ്ങളും പ്രണയിക്കും മൂന്നാറിനെ. അതെ, തെക്കിൻെറ സ്വന്തം കശ്മീർ എന്നറിയപ്പെടുന്ന നമ്മുടെ സ്വന്തം മൂന്നാറിനെ.



# My Soliloquies

*Sometimes my soliloquies are aloud*
*Sometimes it has no sound at all*
*Sometimes it is whispering*
*Sometimes to someone*

*I don't know what to say*
*I don't know how to say*
*I don't know when, where, I should*
*All these are mere soliloquies*

*I wish to go somewhere*
*At the end of this world*
*With no intention, only with dreams*
*May be, this will left as my soliloquies*

*I know one thing, only one thing*
*My soliloquies have no barriers..*
*My dreams have no barriers..*
*Only 'I' have barriers everywhere*



SUNANDA S
CSE 2016-20



AROMAL N M
MEC 2016-20

# WHY DID?

Why did it feel so far,
When you where near to my heart.
Why did I feel so lonely,
When you were by my side.
Why did everything feel so empty,
When you were my whole life.
Why did I see darkness,
When you were the light of my soul.
Why did I had tears in my eyes,
When you were the reason of my smile.
Why did I find no reality,
When you were the girl of my dreams.

But why didn't I had those thorns
When you were the rose of my
Charmness??



# പെയ്തൊഴിഞ്ഞ മഴ

ഒരു പുതുമഴ നനയാൻ
നീ കൂടി ഉണ്ടായിരുന്നെങ്കിൽ,
ഓരോ തുള്ളിയെയും
ഞാൻ നിൻെറ പേരിട്ടു വിളിക്കും.
നിറഞ്ഞു പെയ്യുന്ന മഴയിൽ
ഇടവഴിയിലൂടെ വിരൽത്തുമ്പിൽ പിടിച്ചു
മഴ നനഞ്ഞ് നടന്ന ദിനങ്ങൾ...
നീ എനിക്കായ് മാത്രം പെയ്യുന്ന മഴ.
വേനലടർത്തിയ കിനാവുകളിൽ
കുളിരു നിറച്ച് എനിക്കുവേണ്ടി മാത്രം
പെയ്യുന്ന ഒരിക്കലും തോരാത്ത മഴ.
മഴ നനയാൻ നിനക്ക് ഇഷ്ടമാണെന്ന്
എനിക്കറിയാം സഖി..
എങ്കിലും ഞാൻ കുടപിടിക്കും
എന്തിനാണെന്നോ......
ആ മഴത്തുള്ളികൾ നിന്നെ പ്രണയിക്കാതിരിക്കാൻ.
ഒടുക്കമൊരു പെരുമഴക്കാലം
നിനച്ചിരിക്കാതെ വന്ന മഴമേഘങ്ങൾക്കൊപ്പം
നീ യാത്രയായ്
ഞാനിവിടെ ഏകനായ്......



ASHIN K S
MEC 2019 - 23



EMIL MARIYA BENNY
ECE 2018-22

# ജനിമൃതികൾ

ജനിമൃതികൾ സംഭവിച്ചീടുകിലും
നാം ജീവിതമറിയാതെ തുടരുന്നു.
ജീവിതമാം ഈ യാത്രയിൽ
താങ്ങീടാൻ ആളതില്ലേലും
തുടർന്നീടാൻ പ്രിയമുള്ളവർ
അണി ചേർന്നിടുന്നു.
കണ്ണെത്താദൂരത്തോളം
മണൽ തരിപോൽ വാക്കുകൾ
ചിതറി കിടന്നീടിലും പ്രിയമുള്ള ഒരാൾ
തൻ കാതിൽ അത് ഓതിയില്ല.
സ്നേഹിച്ചു വഞ്ചിക്കാൻ
തിടുക്കം കാട്ടുന്നവർക്കിടയിൽ
ജീവശ്വാസത്തിനായി വീർപ്പുമുട്ടി
മണ്ണിൽ നിന്നുള്ളവൻ
മണ്ണോട് ചേർന്നിടുന്നു.



# Small Streams on Their Journey to Ocean

We are all living in a competitive world where each individual strives to become the best version of themselves. Thus, we are all a small stream of water on our way to greatness called mighty ocean. So, Our journey of life must be like these small streams of water which leaves the earth evergreen and beautiful wherever it flows.

Ever since the day, I read this poem, I have being trying to apply the concepts in this passage to my day to day life.Three most important lesson that, I believ have helped to be humane in almost every single thing I do.

**"It is very easy to defeat someone , but very hard to win someone"**

Those 3 lessons that I learn from Water(H2O or HHO) are Humility, Harmony and Openness. The first lesson is about Humility. Look at the water flowing in a river. It is always staying lured. It helps all the plants grow and keeps all the animals alive. It doesn't actually draw any attention to itself. It doesn't need any reward or recognition. Itdoes not expect anything in return. Humility of water taught me a few important things.It taught me to acquire knowledge with humility and compassion.It taught me that instead of acting like I know what I am doing or I have all the answers, it's perfectly ok to tell "I don't know, Iwant to learn more and I need your help".On the beautiful journey of life, let us develop an extra eye to see the unseen, an extra ear to hear the unheard a extra heart to feel the unfelt. On our way to success, let us help other people to succeed just like the stream of water helps plants and animals grow on its way to ocean. Dr.Abdul Kalam says "It is very

easy to defeat someone, but very hard to win someone". let us help other people to succeed just like the stream of water helps plants and animals grow on its way to ocean. Dr.Abdul Kalam says "It is very easy to defeat someone, but very hard to win someone".So, being simple and humble helps to conquer million hearts. heart to feel the unfelt. On our way to success, let us help other people to succeed just like the stream of water helps plants and animals grow on its way to ocean.

Dr.Abdul Kalam says "It is very easy to defeat someone, but very hard to win someone".So, being simple and humble helps to conquer million hearts.

The second lesson I learned was about harmony.If water flows toward a rock, it would just flow around it. It doesn't get upset, angry, annoyed or agitated. But, faced with an obstacle, water somehow finds solution without any conflict or force. No matter how many obstacles. On the journey to success, there will be many obstacles and failures which will try to pull us back. But just like the water finds the solution, let us find a way to flow forever. Water finds a solution when faced with an obstacle by just shifting its path. Shift the focus from working against the environment to working in harmony with it.
comes on its way, it keeps flowing.

**"change is the nature of life but challenge is the future of life"**

The third lesson I learned from the philosophy of water is about openness. Water is open to change. Depending on the temperature, it can be liquid, gas or solid. Water acquires the shape of the container it is filled in. Water attains the color it is poured onto. It is water's ability to remain adapt and flexible to change that made it so ernjoyable through the ages despite all the changes in the environment. Lovely things to learn from water is to adjust yourself in every situation and in any shape .As the water shapes itself to the vessel that contains it, a wise man should adapt himself to circumstances. We must update overselves just like we update our apps and strive to become the version of ourself.

Thus, change is the nature of life but challenge is the future of life. So challenge the change. Never change the challenge.

The abbreviated form of water have become the guardian principle of my life. So whenever I feel anxious, stressed or just don't know what to do, I simply ask the question :

"What would water(H2O) do ? "



NIRMA KUMARI
EEE 2017-21



വര : അപർണ രമേഷ്

എല്ലാവരുടെയും ജീവിതയാത്ര കുറേയേറെ സന്തോഷങ്ങളും ദുഖങ്ങളും കഷ്ടാപ്പാടുകളും നിറഞ്ഞതാണ്. ജീവിതത്തിൻെറ പുൽമേടുകളുള്ള പാതയിൽ എത്താൻ കല്ലും മുള്ളും നിറഞ്ഞ പാതകളിലൂടെ നാം കാലങ്ങളോളം സഞ്ചരിക്കേണ്ടിവരുന്നു. മനുഷ്യർക്കെല്ലാം അവരവരുടെതായ സന്തോഷങ്ങളും ദുഃഖങ്ങളും ജീവിതത്തിൻെറ പല ഘട്ടങ്ങളിലായി അനുഭവിക്കണം എന്നത് പ്രകൃതി നിയമം ആണ്. ബാല്യം കൗമാരം യൗവ്വനം വാർദ്ധക്യം എന്നീ ഘട്ടങ്ങളിലൂടെ കടന്നു പോകുമ്പോൾ നാം ജീവിതത്തെ പല കോണുകളിൽനിന്നും നോക്കിക്കാണുന്നു. സന്തോഷം പലർക്കും പലതിൽ നിന്നും കണ്ടെത്താൻ കഴിയും. അതും നമ്മുടെ ജീവിത സാഹചര്യത്തെയും ഘട്ടത്തെയും ബന്ധപ്പെടുത്തി ആവും. ബാല്യത്തിൽ അത് മാതാപിതാക്കളിൽ നിന്നാവാം യൗവനത്തിൽ അത് സുഹൃത്തുക്കളിൽ നിന്നാവാം കൗമാരത്തിൽ അത് പ്രാണസഖിയിൽ നിന്നാവാം യൗവ്വനത്തിൽ അത് പങ്കാളിയിൽ നിന്നാവാം വാർദ്ധക്യത്തിൽ അത് സ്വന്തം കുടുംബത്തിൽ നിന്ന് തന്നെ ആവാം. ഒരു സ്ത്രീയുടെ ജീവിതയാത്ര എങ്ങനെ ആണെന്ന് എപ്പൊഴെങ്കിലും നാം ചിന്തിച്ചിട്ടുണ്ടോ? അവൾ എന്നും ഒരു തണലിലാവും ജീവിക്കുക. അച്ഛനമ്മമാർക്കു മക്കൾ ജനിക്കുന്ന അന്ന് മുതൽ അവർക്ക് വേണ്ടി ഒരായിരം സ്വപ്നങ്ങൾ നെയ്യാനേ സമയം ഉണ്ടാവുകയുള്ളൂ. അവരുടെ കൈകളിൽ പിടിച്ച്, സ്കൂൾ യൂണിഫോമുമിട്ട് ആദ്യപടികൾ ചവിട്ടുമ്പോൾ കൗതുകത്തിനപ്പുറം ജീവിതമാകുന്ന യാത്രയുടെ ആദ്യപടികളാണെന്ന് അവൾ അറിഞ്ഞിട്ടുണ്ടാവില്ല. ആൺ പെൺ വത്യാസമില്ലാതെ കളിച്ചും, ചിരിച്ചും, പഠിച്ചുമെല്ലാം പെട്ടന്ന് കടന്നു പോകുന്ന നാളുകൾ.

പിന്നീടാണ് പലരുടെയും ജീവിതത്തിൽ തന്നെ വഴിത്തിരിവാകുന്ന കോളേജ് പഠന കാലഘട്ടം കടന്നു വരുന്നത്. പ്രണയത്തിൻെറ മലർമൊട്ടുകൾ വിരിയുന്ന കാലം. പലർക്കും ആ കാലത്തെ കടന്ന് പോവുക അത്ര എളുപ്പമാവില്ല. ഒരുപാട് സന്തോഷങ്ങളും ദുഃഖങ്ങളും നിറഞ്ഞാതാവാം അത്. എന്ത് വിലകൊടുത്തും പ്രണയത്തെ വിജയിക്കണം എന്ന ലക്ഷ്യം മറ്റെല്ലാത്തിനെയും പിറകോട്ട് വലിക്കുന്നു. പ്രണയിച്ചും കലഹിച്ചും ഒടുവിൽ ആ കോളേജ് കാലത്തിൻെറ അവസാന നിമിഷങ്ങളിൽ എത്തി നിൽക്കുമ്പോൾ ആയിരിക്കും തൻെറ പ്രണയം എല്ലാം സത്യം ആയിരുന്നോ എന്ന് ചിന്തിക്കുന്നത്. ചിലർ അതിനെ വളരെ പക്വതയോടേ കൈകാര്യം ചെയ്യും. ചിലർ അതിനെ ജീവിതത്തിലെ വിരുന്നുകാർ എന്ന് വിശേഷിപ്പിച്ച് മുന്നോട്ട് പോകും. ഒടുവിൽ സ്വന്തം ഭാവി സുരക്ഷിതമാക്കണം സ്വന്തം കാലിൽ നിൽക്കണം എന്ന ലക്ഷ്യം മാത്രം മുന്നിൽ. ലക്ഷ്യത്തിൽ എത്തി മറ്റാരേയും ആശ്രയിക്കാതെ ജീവിക്കുന്ന സമയം ആകാം ചിലപ്പോൾ എറ്റവും മികച്ചത്. പക്ഷെ ഒരു പെൺകുട്ടിയെ സംബന്ധിച്ചിടത്തോളം ആ കാലത്തിൻെറ ആയുസ്സ് വളരെ കുറവാണ്. തൻെറ മകളെ ഒരു സുരക്ഷിത സ്ഥാനത്ത് എത്തിക്കണം എന്നാണ് എല്ലാ മാതാപിതാക്കളുടെയും ആഗ്രഹം. ഒരു ജോലി കൂടെ അയാൽ പിന്നെ എത്രയും പെട്ടന്ന് അവളെ നല്ലൊരു ചെക്കൻെറ കൈകളിലേക്ക് ഏൽപ്പിക്കുന്നു. ഏറ്റവും ബുദ്ധിമുട്ടുള്ള ഒരു ഘട്ടം ആണ് അത്. പലപ്പോഴും അച്ഛനമ്മമാരെ വിഷമിപ്പിക്കാതെ ഇരിക്കാൻ സ്വന്തം ആഗ്രഹങ്ങൾ വിട്ടെറിഞ്ഞ് പോവേണ്ടി വരുന്നു. പ്രണയ സാക്ഷാത്കാരം ഉണ്ടായവർക്ക് പോലും കുടുംബ ജീവിതത്തിൻെറ ആദ്യ കടമ്പ കടക്കൽ അത്ര എളുപ്പമാവില്ല. സുമംഗലിയായി കാലിൽ പാദാസരവും കയ്യിൽ നിലവിളക്കും പിടിച്ച് പുതിയ ഒരു വീട്ടിലേക്ക് പരിചയമില്ലാത കുറെയെറെ ആളുകളുടെ ഇടയിലേക്ക് കയറി ചെല്ലുമ്പോൾ മനസിൽ ഒരായിരം ആഗ്രഹങ്ങളും അതുപോലെ ഭയവും ഉണ്ടാകും. ചുറ്റും ഉള്ള ആൾക്കാരെ പ്രീതിപ്പെടുത്തണം, സ്വന്തം കഷ്ട്ടപ്പടുകളേയും ദുഃഖങ്ങളേയും ഉള്ളിൽ ഒതുക്കി എന്നും പുഞ്ചിരി നിറഞ്ഞ മുഖവുമായി ഭർത്താവിൻെറ കൂടെ എല്ലാ സന്തോഷത്തിലും ദുഃഖത്തിലും നിൽക്കണം എന്നീ കാര്യങ്ങൾ പഠിപ്പിച്ച് വിട്ടിട്ടുണ്ട് അമ്മ. അങ്ങനെ ഒരു കൈകളിൽ നിന്നും മറ്റൊരു കൈകളിലേക്ക്.

ഈ ജീവിതയാത്ര തുടരും അവൾ ഒരു പെൺകുഞ്ഞിന്ന് ജന്മം നൽകുമ്പോൾ.. വാർദ്ധക്യത്തിൽ താങ്ങും തണലുമായി മക്കൾ ഉണ്ടാകും, അവർക്ക് പകർന്ന് നൽകിയ മൂല്യങ്ങൾ ഉണ്ടാകുമെന്ന പ്രതീക്ഷയിൽ. പലവരും സ്നേഹത്തിൻെറ വില തിരിച്ചറിയുന്നത് തന്നെ വാർദ്ധക്യത്തിൽ ആണ്. പക്ഷെ അന്ന് സ്നേഹിക്കാനോ സ്നേഹിക്കപെടാനോ പറ്റിയെന്ന് വരില്ല. സുമംഗലിയായി തന്നെ മരണം അടയണം എന്നാണ് എല്ലാ സ്ത്രീകളുടെയും ആഗ്രഹം. എന്നാൽ അദ്ദേഹതിൻെറ ഇഷ്ടാനിഷ്ടങ്ങൾ മനസിലാക്കി ചെയ്യ്കൊടുക്കാൻ തനിക്ക് മാത്രമേ അറിയൂ എന്ന് ഓർക്കുമ്പോൾ എല്ലാവരെയും സുശ്രൂഷിച്ച് ഒടുവിൽ മാത്രം ഒരു വിശ്രമം തനിക്ക് മതി എന്ന് പ്രാർത്ഥിക്കും. ഇതൊരു ജീവിതയാത്രയാണ്. ഈ കാലഘട്ടത്തിലെ എന്നല്ല എല്ലാ കാലഘട്ടത്തിലേയും ഒരു ശരാശരി സ്ത്രീയുടെ ജീവിതയാത്ര.



# ജീവിതയാത്ര

- നവനീത യു എസ് -

# அப்பா



அப்பா நீங்கள் கவிதையல்ல!
உரைநடை
வர்ணிப்புக்கானவர் அல்ல
வாழ்கையின் யதார்த்தம்!
அப்பாவின் அன்பு எப்போதும்
கொண்டாடப்படுவதில்லை
மலர்களை மட்டுமே
நாம் ரசிப்பதானல்
வேர்கள் நம் கண்களுக்கு தெரிவதில்லை
தந்தையின் நிழலில்
நாம் வளரும் போது
தந்தையின் அன்பை யாரும்
நினைப்பதில்லை
நம் நிழலில் நம் பிள்ளைகள்
வளரும் போது
தந்தையை நினைக்க மனம் மறுப்பதில்லை
கடவுள் கொடுத்த வரம்
கிடைக்கவில்லை எனக்கு
கடவுளே கிடைத்தார் வரமாக
என் அப்பா. ......
அன்பாகவே வாழ்ந்து காட்டிய
உங்களுக்கு இந்த வாழ்த்து ஈடாகுமா?
எங்களுகாகவே ஒடி... ஒடித் தேய்ந்து ஒய்ந்து போன
உங்கள் பாதங்களில் ஈர முத்தமிடுகிறேன்....



SWETHA M
EEE 2016 - 20

EMIL MARIYA BENNY
ECE 2018-22

# Nothing has Changed

Seven years after the fatal gang-rape of Jyoti Singh on a bus in New Delhi horrified India and sparked nationwide protests, a crowd gathered last Monday to mark the anniversary of her attack. That same day, Dec. 16, a former lawmaker from India's ruling party was convicted of raping a 17-year-old girl.

The dichotomy highlighted the plight of India's women, who, despite the outrage after Singh's rape and murder, still face unprecedented rates of sexual violence. "Nothing has changed for women at all," says Asha Devi, Singh's mother, who was at Monday's gathering with her husband to remember their 23-year-old daughter, who has become known as Nirbhaya, or "fearless." " So many of these incidents are continuing to happen."

കലിയുഗം ആണോ? ആവോ...എത്രയൊക്കെ വികസിപ്പിച്ചു, എന്തെല്ലാം കണ്ടുപിടിച്ചു എന്നിട്ടും...എല്ലാം നിസ്സഹായത. ഒരു പക്ഷെ ദൈവങ്ങളെല്ലാം വിശ്രമിക്കാൻ പോയതാവും. എത്ര നാൾ എന്നു വെച്ചിട്ട നിരന്തരമായി പണി ചെയ്യുന്നെ. എല്ലാവരെയും കാത്തു സൂക്ഷിക്കൽ ആയിരുന്നല്ലോ പണി. പക്ഷേ, ഇപ്പൊ മാത്രം ഒരു വിശ്രമം അനിവാര്യമായി വന്നിരിക്കുന്നു. ദൈവങ്ങൾ എല്ലാവരും ഒന്നിച്ചു വിശ്രമിക്കാൻ പോയിരിക്കുന്നു. അപ്പോൾ എന്താ ചെയ്ക, മനുഷ്യരെല്ലാം ഒന്നായി മാറൽ. സമൂഹിക അകലം പാലിച്ച്, ഹാൻഡ് സാനിറ്റൈസർ ഉപയോഗിച്ച്, മാസ്ക് വെച്ച്, ഒരേ മനസ്സോടെ ഒരു ഒന്നാകൽ. 'ലോകമേ തറവാട്' എന്ന ആശയത്തിൽ എത്തുമോ? എത്തുന്നതാണ് നിലനിൽപ്പിന് നല്ലത്. മനുഷ്യനാണ് ഏറ്റവും വലിയ ശക്തി ശ്രോതസ്സ്, അത്ര വലിയ തെറ്റിദ്ധാരണ വെച്ചുപുലർത്തി ആയിരുന്നു ജീവിച്ചിരുന്നത്. ഇന്നിപ്പോൾ കാണാൻ പോലും കഴിയാത്തൊരു വൈറസിനെയാണ് ഇങ്ങനെ ഭയപ്പെടുന്നത്. സംഭവം ആക്ഷേപ ഹാസ്യം തന്നെ, എന്നിരുന്നാലും ഭീതിയെ വെളിയിൽ കാണിക്കാതിരിക്കാൻ ഹാസ്യത്തിൻെറ മാസ്ക് ഉപയോഗിച്ച് കൊറോണ ഭീതിയെ മറച്ചിരിക്കുകയാണ്. ദരിദ്രൻെറ മുഖത്തെ ഭാവം കണ്ട് അവനു വിശക്കുന്നുണ്ടോ എന്നും ധനികൻെറ കണ്ണിലെ പ്രകാശം കണ്ട് അവൻെറ സന്തോഷം അളക്കാനുമൊന്നും ഇനിയിപ്പോ സാധിച്ചെന്നു വരില്ല, എല്ലാം ഹാസ്യത്തിൻെറ മാസ്കാൽ മൂടപ്പെട്ടു കഴിഞ്ഞു. ഇന്ത്യാ-പാക് മാച്ചിൻെറ സ്കോർ ബോർഡ് നോക്കുന്ന പോലെയെന്നും വൈകീട്ട് കോവിഡിൻെറ സ്കോർ നോക്കാൻ തുടങ്ങി കഴിഞ്ഞു. ഒരു കാര്യത്തിൽ മാത്രം ചെറിയൊരു മാറ്റമുണ്ട്. എല്ലാവരും റൺ ഔട്ട് ആകാനാണ് ആഗ്രഹിക്കുന്നത്. ബ്രേക്ക് ദ ചെയിൻ, സോഷ്യൽ ഡിസ്റ്റൻസിംങ് എന്നിവയെങ്ങും മാറ്റൊലി കൊള്ളുന്നു. എല്ലാം കഴിഞ്ഞിട്ട് ആളുകൾ ബാക്കിയുണ്ടേൽ അതിജീവനത്തിൻെറ വീഡിയോ ഇറങ്ങും( നന്മയുള്ള ലോകമേ ബി ജി എം മുഖ്യം)

ശുഭം

LOCKDOWN ആയതുകൊണ്ടായിരിക്കാം ഈ ഇടയായിട്ട് ഞാൻ കുറച്ച് നേരത്തെ എണീറ്റ് തുടങ്ങി. നേരത്തെ എണീറ്റ് മുറ്റമടിക്കണം, ചായ ഉണ്ടാക്കണം, അടുക്കളയിൽ അമ്മച്ചിയെ സഹായിക്കണം അങ്ങനെ വീട്ടുകാർ ആഗ്രഹിക്കുന്ന ഒരു പെൺകുട്ടിയാകണം.

സീൻ DARK ആകുന്നില്ല. ഞാൻ എന്താണേലും നേരത്തെ എഴുന്നേൽക്കുന്നത് ഇതിനൊന്നിനും അല്ല. ഒരു പണിയും എടുക്കാതെ വയറു നിറയെ തിന്ന് കഴിഞ്ഞിട്ടൊരു പതിനൊന്ന് പന്ത്രണ്ട് മണിയാകുമ്പോൾ കിടന്നാൽ പിന്നെ എണീക്കുന്നത്. ആറു മണിയാകുമ്പോഴാ. നിദ്രാദേവി എത്രയാണ് വെച്ചാ കനിയ്യാ. രാത്രിയിൽ എത്ര കഷ്ടപ്പെട്ട് ഉറങ്ങിയാലും രാവിലെ കുറച്ച് നേരത്തെ എണീറ്റു പോകും. പതിവു പോലെ അലാറം കേട്ട് ഞാൻ രാവിലെ എണീറ്റു ഒമ്പതര ആയപ്പോൾ. കെട്ടിച്ചു വിടാൻ പ്രായമായി നാണമില്ലല്ലോ പോത്ത് പോലെ കിടന്നുറങ്ങാൻ ഈ മാധുര്യ വാക്കുകളാണെന്റെ അലാറം. വെറുതെ അലാറം വെച്ച് PHONE-ന്റെ CHARGE കളയണ്ട. ഇതാകുമ്പോ സേഫാ. എന്നും രാവിലെ CORRECT TYM-ൽ നല്ല AMPLITUDE-ലും FREQUENCY-ലും കേട്ടോളും. DAILY ROUTINE - FOODING, TV, INSTA, WHATS APP, LUDO പിന്നെ കുറച്ച് MUSIC

APP-കളും. FB ഇല്ലാത്തതാണ് നന്നായി-ത്തോന്നുകിൽ അങ്ങനെ പോയപ്പോ എന്റെ വിലപ്പെട്ട സമയം. ഹോസ്റ്റലിലെ BIG BOSS ഒക്കെ കഴിഞ്ഞ് വീട്ടിൽ വന്നപ്പോഴാ അറിഞ്ഞത് BIG BOSS നിർത്തുകയാണെന്ന്, CORONA കാരണം. അന്ന് CORONA-യോട് എനിക്കൊരു പ്രത്യേക ദേഷ്യം തന്നെ തോന്നിയിരുന്നു. പിന്നെ TV തുറന്നപ്പോ ദേ.... RECAP. എന്നെപ്പോലെയുള്ള കുറച്ച് പേരുടെയെങ്കിലും പ്രാക്ക് കാരണമാകും അവസാനം അതും നിന്നു. സമാധാനം. അതി-നെക്കാളേലും തിരശ്ശീല വീണു. TV തുറന്നാൽ കാണാനുള്ളത് കണ്ടുകണ്ട് മടുത്ത കുറേ സിനിമകൾ മാത്രം. കൊതി തോന്നി വല്ല-പ്പോഴും ഒന്ന് POGO-യോ കൊച്ചു ടി.വിയോ ഇടാൻ തുടങ്ങും അടുത്ത സൈറൺ.

അങ്ങനെ വന്നതാണ് WHATS APP ഓപ്പൺ ആക്കിയാൽ STATUS-കളുടെ പൂരം. ഇങ്ങനെ STATUS ഇട്ട് വെറുപ്പിക്കാതെ പോയി നാലക്ഷരം പഠിച്ചൂടെ പിള്ളേരേ... ആ ചോദ്യവുമായി ഞാൻ അടുത്തത് പോകുന്നത് INSTA-യിലേക്കാ. അവിടെയാ-ണെങ്കിൽ സാനിറ്റൈസറും മാസ്കും വെച്ചുള്ള കുറേ TROLL-കളും SENTI-ആക്കുന്ന കുറേ പോസ്റ്റുകളും പിന്നെ കുറേ GO CORONA, STAY HOME STAY-SAFE STATUS-കളും. എത്രയാണ് വെച്ചാ

കണ്ടുതീർക്കാറ്. KOREAN സിനിമകളൊക്കെ
കണ്ടുകണ്ട് അവസാനം വീട്ടിൽ KOREAN-
ഭാഷ സംസാരിച്ച് തുടങ്ങിയപ്പോൾ പയ്യെ-
പയ്യെ അതും നിർത്തി. എന്തിനാ വെറുതെ
എല്ലാരേം കൊണ്ട് പറയിപ്പിക്കുന്നേ.
വല്ലപ്പോഴും ഒന്ന് പ്രാർത്ഥിച്ചൂടെ എന്ന
സ്നേഹോപദേശം കേട്ട് സകല ദൈവങ്ങളോടും
പ്രാർത്ഥിച്ച് LUDO കളിച്ചപ്പോൾ തോൽവി-
കളുടെ മേളം. തോൽവികളേറ്റു വാങ്ങാൻ
ചന്തുവിന്റെ ജീവിതം ഇനിയും ബാക്കി.
LUDO APP അങ്ങ് UNINSTALL ചെയ്തു.
അതോടെ ആ പ്രശ്നം തീരുവല്ലോ.
കുടുംബക്കാരുടെ മുന്നിൽ എന്നെ മടിച്ചി
എന്ന് അടച്ചാക്ഷേപിക്കുന്ന വീട്ടുകാരുടെ
വായടപ്പിക്കണമെന്ന തീരുമാനവുമായി
YOUTUBE-ലെ അഞ്ചാറ് FOOD RECIPE-കളു-
മായി ഞാൻ അടുക്കളയിലെത്തി. ആരുടേയും
ഒരു സഹായവുമില്ലാതെ ഒറ്റയ്ക്ക് തികഞ്ഞ
ആത്മവിശ്വാസത്തോടെ ഞാനൊരു DISH
അങ്ങുണ്ടാക്കി. പക്ഷേ എന്റെ DISH ഒരു
ഈച്ചക്കുപോലും വേണ്ടായെന്ന് മനസിലാക്കിയ
എന്നോട് മേലാൽ ഈ മാതിരി പരിപാടിയു-
മായി അടുക്കളയിൽ കയറിപ്പോകരുതെന്ന്
വീട്ടുകാരും. വളർന്ന് വരുന്ന ഒരു യുവ
പ്രതിഭയായ എന്നെ തളർത്തിക്കളഞ്ഞു
എല്ലാവരും കൂടെ... വല്ലാതെ...

അങ്ങനെ YOUTUBE-ൽ സ്ക്രോളിയപ്പോ
ARJYOU REACTING, ROASTING, TIK-TOK
ചേട്ടന്മാർക്കും ചേച്ചിമാർക്കും കിട്ടുന്ന എട്ടിന്റെ
പണി. അതെനിക്കങ്ങ് ഇഷ്ടമായി. പൊളി.
DATA തീരാറപ്പോഴാണ് ആനന്ദത്തിലെ
ദിയ പറഞ്ഞ ഡയലോഗ് മനസിലേക്ക്
ഓടിയെത്തിയത്. "ചിലപ്പോഴെങ്കിലും ഒരു
SUN RISE ഒക്കെ കണ്ടായിരുന്നെങ്കിൽ ലോ-
കത്ത് ഇത്രയും പ്രശ്നങ്ങളൊന്നും ഉണ്ടാകി-
ല്ലായിരുന്നു.
സമയം രാത്രി 10 മണി. നാളെ മുതൽ
നന്നാകണമെന്ന് മനസ്സിൽ ഉറപ്പിച്ച് PHONE
OFF ആക്കിവെച്ച് കിടക്കാൻ തീരുമാനിച്ചു.
എനിക്ക് നന്നാകണം....
എന്താകുമോ എന്തോ.... കണ്ടറിയാം....

- ഒരു LOCKDOWN ഡയറിക്കുറിപ്പ്
- ശീതൾ അന്ന തോമസ്.

"ലോക സമസ്താ സുഖിനോ ഭവന്തു", ഭാരതീയ ദർശനത്തിൻെറ കാതൽ എന്നറിയപ്പെടുന്ന വാക്കുകളാണിവ. പിൽക്കാലത്ത് ഇവയെല്ലാം മാറുകയും, എന്തിലുമുപരി ദേശാഭിമാനത്തെ കാണുന്ന ഒരു ജനത ഉടലെടുക്കുകയുണ്ടായി. ലോകം ചുരുങ്ങി രാജ്യവും, രാജ്യം ചുരുങ്ങി സംസ്ഥാനവും എന്ന രീതിയിൽ എത്തിനില്ക്കുന്നു ഇന്നത്തെ സമൂഹം. "മണ്ണിൻെറ മക്കൾ" പോലുള്ള ഇടുങ്ങിയ കാഴ്ചപ്പാടുകൾക്ക് ഇന്ന് ഈ സമൂഹം വേദിയായിരിക്കുന്നു. സ്വാതന്ത്ര്യലബ്ദിക്കുശേഷമുള്ള അനുഭവം ഭയാനകമായിരുന്നു എന്നുള്ള വസ്തുത ഓർമ്മിപ്പിക്കേണ്ടതില്ലല്ലോ. മറ്റു രാജ്യത്തെ ജനങ്ങളെ നമ്മെ പോലെ കാണാൻ പോലും പലർക്കും സാധിക്കുന്നില്ല. രാജ്യരക്ഷ എന്നുള്ളത് ഏറ്റവും പ്രധാനമാണ്, പ്രത്യേകിച്ചും ഈ കാലഘട്ടത്തിൽ. എന്നാൽ നമ്മുടെ രാജ്യത്തിൻെറ എല്ലാ സാധനസമ്പത്തുകളും വിനിയോഗിച്ച് നടത്തുമ്പോഴോ? നമ്മുടെ രാജ്യത്തെ 50 കോടി ജനങ്ങളുടെ പട്ടിണി മാറ്റാനുള്ള തുക പ്രതിരോധത്തിൽ ഒതുങ്ങുമ്പോഴോ? ഇത് മാറേണ്ടതല്ലേ!!. നാം പഠിച്ചിട്ടുള്ളതാണ് നമ്മുടെ ചരിത്രം. "വസുധൈവ കുടുംബകം" എന്ന് പഠിച്ച് വളർന്നവരാണ് നമ്മൾ. എന്നാൽ ഇപ്പോൾ സംഭവിക്കുന്നത്, ലോകം മുഴുവൻ കൊറോണ എന്ന പകർച്ചവ്യാധിയെ നേരിടാൻ ശ്രമിക്കുമ്പോഴും രാജ്യ വിവേചനങ്ങൾ ആണ് നടക്കുന്നത്. സമ്പന്ന രാഷ്ട്രങ്ങളിലും, ദരിദ്ര രാഷ്ട്രങ്ങളിലും ഒരേ ചികിത്സ ആണോ ലഭ്യമാകുന്നത്? രാജ്യങ്ങൾക്കിടയിൽ ഒരു ഒത്തൊരുമ എവിടെയും കാണുന്നില്ല. അമേരിക്ക പോലുള്ള രാജ്യങ്ങൾ വികസ്വര രാജ്യങ്ങളിൽ നിന്ന് ഭീഷണിപ്പെടുത്തി മരുന്നുകൾ എത്തിക്കുന്നു. അത് മാത്രമല്ല, ഇന്ത്യ-പാകിസ്ഥാൻ മത്സരം നടക്കുകയാണെങ്കിൽ യുദ്ധപ്രതീതിയാണ് ഉണ്ടാകുന്നത് ഇരു രാജ്യങ്ങളിലും.

നാം എല്ലാവരും ഒന്നാണെന്നുള്ള ചിന്ത ആണ് ആർജിക്കേണ്ടത്. വിദ്യാഭ്യാസത്തിലൂടെ മാത്രമേ അതിന് സാധിക്കൂ. ഇനിയൊരു യുദ്ധമുണ്ടായാൽ സർവ്വനാശമാണ് ഫലമെന്ന് നമ്മുക്കറിയാം. ഇതിന് എന്താണൊരു പോംവഴി? ആദിവേദങ്ങളിലും, ഉപനിഷത്തുകളിലും പറഞ്ഞപോലെ, ബൈബിളിലും, ഖുറാനിലും പറഞ്ഞപോലെ, നാം എല്ലാവരും ഒരമ്മയുടെ മക്കളാണെന്നുള്ള അവബോധം എല്ലാവരിലും എത്തിക്കുക. എന്നാൽ മാത്രമേ ഭീകരവാദവും, വർഗീതയും ഇല്ലാതാകുകയുള്ളു. എന്നാൽ മാത്രമേ പാർട്ടികളും, ആഘോഷങ്ങളുമായി ഭക്ഷണം പാഴാക്കുന്ന നമ്മൾക്ക് ഒരു നേരത്തിന് വകയില്ലാതെ ജീവിക്കുന്ന മനുഷ്യരെ മനസ്സിലാകൂ. സിനിമകൾ, കലാ-കായിക മത്സരങ്ങൾ, രാഷ്ട്രീയം അങ്ങനെ എല്ലാവർക്കും ഈ അവബോധം നിർമ്മാണത്തിൽ അതിൻെറതായ പങ്കുവഹിക്കാനുണ്ട്. മനുഷ്യൻെറ എല്ലാ പുരോഗതികളും, ഈ ഭൂമിയാകുന്ന മാതാവിൻെറ എല്ലാ സമ്പത്തും എല്ലാവർക്കും ഒരുപോലെ അവകാശപ്പെട്ടതാണ് എന്നുള്ള അവബോധമാണ് വിദ്യാഭ്യാസം കൊണ്ട് ലഭിക്കേണ്ടത്. ഈ സങ്കല്പത്തിനായി രൂപികരിച്ച ഐക്യരാഷ്ട്ര സഭയിൽ പോലും വിവേചനങ്ങളാണുള്ളത് എന്നത് പറയേണ്ടതില്ലല്ലോ. ഒരു മാറ്റത്തിനായി ശ്രമിക്കേണ്ടത് ഞാനടക്കമുള്ള വിദ്യാർഥികളാണ്. നാം എല്ലാവരുമാണ്. നല്ലൊരു നാളെക്കായി നമ്മുക്കൊരുമിച്ച് കൈകോർക്കാം.

# ഒന്ന് ചിന്തിക്കൂ..



ARJUN M V
CSE 2016 - 20



# കൊറോണ തിങ്കൾ കിടാവോ....

ഓമന തിങ്കൾ  കിടാവോ..... നല്ല...
കോമളത്താമര.......(അല്ല ഇതൊക്കെയിപ്പോ പടിതന്നിട്ട്
എന്തിനാ!!  കേരളത്തിൽ നടക്കുന്നത് വല്ലതും നീ
അറിയുന്നുണ്ടോ കുഞ്ഞേ??  അമ്മ  മോനേ അത്
പടിയുറക്കാം!!  കേട്ടോ.....)

ഓമനചേച്ചിക്ക്  കൊറോണ .....നല്ല
ചുമയും പനീയുള്ള രോഗം........



ചൈനയിൽ നിറഞ്ഞ കൊറോണ ...ഇപ്പോൾ
കേരളത്തിൻ സ്വന്തം കൊറോണ............

ഇറ്റലി അച്ഛയാൻ  കൊറോണ ....തന്നു
കേരളത്തിൽ ലോക്ഡൗൺ വന്നു.....

സാനിറ്റയിസറും  മാസ്കും...... എല്ലാം
കൈയ്യിലും മുഖത്തും അണിഞ്ഞു.....

കേക്കുകൾ, ചക്കക്കുരു ഷെയ്ക്കും  എല്ലാം ....
സ്റ്റാറ്റസുകളായി  നിന്ന കാലം....

ടിക് ടോക്കിനെ  റോസ്റ്റ്  ചെയ്ത്
അർജ്യൂ......ഇപ്പോൾ
ലക്ഷങ്ങൾ സമ്പാദിച്ചു കഴിഞ്ഞു.....

സ്വപ്ന സുരേഷെന്ന പുതിയ..... സരിത
ടീവിയിൽ  നിറഞ്ഞഴിഞ്ഞടി........

എന്തൊക്കെയാണെന്നു പറഞ്ഞാലും....ചക്ക..
കുരുവിന്റെ ഷേയ്ക്ക്  ആണ്  മുഖ്യം.....

ഈശ്വരൻ  തന്ന പണിയോ.....അതോ
ചോദിച്ചു വാങ്ങിയ കെണിയോ??

(ങേ!! മോൻ ഉറങ്ങിയോ..... അമ്മയ്ക്ക്  കുറച്ചുകൂടി
പറയാനുണ്ടായിരുന്നു...ആ സാരമില്ല, ബാക്കി  അമ്മ
അടുത്ത തവണ  ഉറക്കാൻ വേണ്ടി പാടിത്തരാം......!!)

(താരാട്ട് കേൾകുവാനായി
QR സ്കാൻ ചെയ്യൂ... )



BIJISH KRISHNAN UK
CSE 2016-20

# ഒരു Lockdown അപാരത....



ADARSH I V
CSE 2019-23





കൊഴിയാൻ നേരം ഇല പറഞ്ഞു,
"കാത്തിരിക്കണം നീ.....മണ്ണിലൂടെ
അലിഞ്ഞ് ഒരിക്കൽ കൂടി ഞാൻ
നിന്റെ
ചില്ലയിൽ പുനർജനിക്കും വരെ...."




എങ്ങനെ **ഉണ്ട്** !! നീ അവിടെ തന്നെ നിന്നോ.. ഞാൻ ഇവിടെയു**ണ്ട്** ഭൂമിക്ക് പുറത്ത് ഇത്ര മനോഹരമായി **രണ്ട്** റോവറുകൾ സംസാരിച്ച് കാണില്ല . മനുഷ്യൻ സഞ്ചരിച്ച് അവന്റെ സ്വപ്നങ്ങൾ ആകാശവും ഭേദിച്ച് ഒരുപാട് ദൂരം പോയിരിക്കുന്നു . പ്രപഞ്ചത്തിൽ ഇനി എവിടെയാണോ അവന്റെ കാൽപാദം പതിയുക.


ISRO'S Mars Orbiter @MarsOrbiter
Howdy @MarsCuriosity ? Keep in touch i'll be around

# AN EMERGING TOURISM TREND



People often wish to explore new destinations for a vacation trip
What if we travelled everywhere on earth. Is there any other option beyond it? Is there anything new to be witnessed?
The term “Space tourism” gives us an answer yes.
“Space Tourism is nothing but travelling into the space for recreational purposes.”
This facilitates the travellers to experience the beauty of comets, asteroids, stars and planets.

While the concept of space tourism still sounds futuristic it already has an established history.
So far, The Russian Space Agency is the only company that has successfully facilitated orbital space tourism. This primarily took place in the early 2000s, during which seven space tourists were taken into space. The Russian space agency caused its space tourism operations in 2010. Since, then a number of private enterprises have started to pursue space tourism, resulting in various proposals in this area.



Some space tourism companies include Virgin Galactic, space X, Blue origin etc.....

Depending on where you're going, a ticket could set you back anywhere from $ 250,000 to tens of millions of dollars.
If you're looking simply to cross the 62 mile high Karman line that marks the boundary between the upper atmosphere and outer space, virgin Galactic says it will take you there for $250,000. The company says about 650 people already have tickets for the suborbital flights.
In the short –term, it is likely that space travel tourism will continue to grow in popularity, and space tourism companies will deliver spaceflights for paying customers.
Looking further ahead, however interest in the space tourism industry is likely to take off when space tourism extends beyond Earth orbit, especially if lunar missions become financially and logistically feasible.



ANNIE JOY
CSE 2017-21

Source:
• revfine.com/space-tourism/
• studymoose.com/advantages-and-disadvantages-of-space-tourism-essay.
• nbcnews.com/mach/science/how-much-does-space-travel-cost-nena919011




# "MEM BABU NAMBOODIDI"

A Conversation with Anu K Aniya aka George.
(Alumini EEE 2016)

## ഇലക്ട്രിക്കൽ എഞ്ചിനീയർ ആകാൻ കായംകുളത്ത് നിന്ന് മൂന്നാറിലേക്ക്.....

ഒരുപാട് നല്ല ഓർമ്മകൾ നിറഞ്ഞ സ്ഥലമാണ് മൂന്നാർ. അവിടേക്ക് എത്തിപ്പെട്ടത് വളരെ സാധാരണമായി തന്നെയായിരുന്നു. അവസാന അലോട്ട്മെൻറിലാണ് മൂന്നാർ കോളേജ് ലഭിച്ചത്. വീട്ടിൽ ഞാനും അമ്മയും മാത്രമായിരുന്നതു കൊണ്ട് അത്രയും ദൂരം പോകുവാൻ ഒരു മടി ഉണ്ടായിരുന്നു. ഞാനും അമ്മയും ഒരു ഹൈറേഞ്ച് ട്രിപ്പ് പോകുന്ന പോലെയാണ് ആദ്യമായി കോളേജിൽ എത്തുന്നത്. അതിൻെറ എക്സൈറ്റ മെൻറിനൊപ്പം ടെൻഷനും ഉണ്ടായിരുന്നു. കായംകുളത്ത് നിന്നുള്ള രണ്ട് ചങ്ങാതിമാരും കോളേജിൽ ഉണ്ടായിരുന്നു. പക്ഷെ അവിടെ വെച്ചാണ് പരിചയപ്പെട്ടത്.

## ഹോസ്റ്റൽ ഓർമ്മകൾ?

ഹോസ്റ്റൽ സ്റ്റാർട്ട് ചെയ്യുന്നത് ഞങ്ങളുടെ 2012-2016 ബാച്ചിലാണ്. ആദ്യ ഹോസ്റ്റൽ കല്ലാർ ആയിരുന്നു. അവിടുത്തെ കല്ലാർ ബസ്സ് ഇപ്പോഴും ഓർമ്മയിൽ ഉണ്ട്. എന്നും രാവിലെ കല്ലാറിൽ നിന്നും മൂന്നാറിലേക്ക് 45 മിനിറ്റ് നീളുന്ന ആ യാത്ര നല്ല രസമായിരുന്നു. ഹോസ്റ്റലിനടുത്തായി ആൻറണി ചേട്ടൻെറ കടയുണ്ട്. നല്ല ചൂട് ബ്രഡ്ഓംലറ്റ കിട്ടുമായിരുന്നു അവിടുന്ന്. അലുമിനി മീറ്റിനു വന്നപ്പോൾ സാറിനോട് ചോദിക്കുകയും ചെയ്തു ബസ്സിൻെറ കാര്യം. കോളേജ് വിട്ട് വെള്ളിയാഴ്ച്ച, ശനിയാഴ്ച്ച ദിവസങ്ങളിൽ കല്ലാർ വെള്ളച്ചാട്ടത്തിൽ കുളിയും, അട്ടകടിയും ഒക്കെ കൊണ്ട് ആദ്യവർഷം വളരെ പെട്ടെന്ന് കടന്ന് പോയി. താമസിച്ച് ഹോസ്റ്റലിൽ എത്തിയതുകൊണ്ട് അണ്ടർഗ്രൗണ്ട് ഉള്ളൊരു റൂമായിരുന്നു ഞങ്ങൾക്ക് ലഭിച്ചത്. 'പാതാളം' എന്നായിരുന്നു റൂമിൻെറ പേര്. ഞങ്ങളെ 'പാതാളം ബോയിസ്' എന്നും വിളിക്കുമായിരുന്നു. പിന്നീടുള്ള വർഷമാണ് ജൂനിയേർസിന് പോതമേട്





## കോളേജിലെ ഇഷ്ട സ്ഥലം:

കാൻറീൻ, കോളേജിൻെറ ഗേറ്റിന് താഴെ കൊടിക്ക് അരികിലെ കല്ലും. വൈകുന്നേരങ്ങളിൽ അവിടെ ഇരിക്കാൻ ഇഷ്ടമായിരുന്നു. കാൻറീനും അന്ന് അടിപൊളി ആയിരുന്നു. എന്തെങ്കിലും മീറ്റിംഗ് ഉണ്ടെങ്കിൽ 'കാൻറീൻ'. ഇനി എന്തെങ്കിലും ഗൂഢാലോചനകളും രഹസ്യങ്ങളുമാണെങ്കിൽ 'ലൈബ്രറി'. പിന്നീട് ക്ലാസൊക്കെ കഴിഞ്ഞ് വന്നിരിക്കുന്നത് കോളേജ് ഓഫ് എഞ്ചിനീയറിംഗ് മൂന്നാർ എന്ന് എഴുതിയിട്ടുള്ളതിന് മുകളിലായിരുന്നു. ഞങ്ങൾ ഇരിക്കല്ലെന്ന് വിളിക്കും.

## ഏറ്റവും നല്ല ഓർമ്മകൾ. പ്രണയം...

സൗഹൃദവും പ്രണയവും ഇല്ലാത്ത കോളേജ് ലൈഫുണ്ടോ.. "പിന്നെ ഞങ്ങൾ EEE ആയതുകൊണ്ട് പെണ്ണിന് പകരം കറണ്ടിനെയാണ് സ്നേഹിച്ചത്". ഏറ്റവും മികച്ചൊരു ഓർമ്മ ഫെയർവെൽ പാർട്ടി ആയിരുന്നു. സിൽവർ ടിപ്സിൽ ആണ് നട ത്തിയത്. അതൊരു സിനിമ ലോകം പോലെ ആയിരുന്നു എനിക്ക്. മൂന്നാറിൽ ചെന്നൈ എക്സ്പ്രസ്സിൻെറ ഷൂട്ട് നടക്കുമ്പോൾ ഷാറൂഖാനെ കാണാൻ ചെന്നിരുന്നു. അന്നുമുതൽ സിൽവർ ടിപ്സിൻെറ ഉള്ളിൽ ഒന്ന് കാണണമെന്ന ആഗ്രഹമാണ് പിന്നീട് ഫെയർവെൽ അവിടെവച്ചുതന്നെ നടത്താമെന്ന തീരുമാനത്തിൽ എത്തിച്ചത്. HOD, ടീച്ചേഴ്സ്, സ്റ്റാഫുകൾ അങ്ങനെ എല്ലാവരും ഒരുപാട് സന്തോഷിച്ച ഒരു നല്ല നിമിഷമായിരുന്നു അത്. അന്ന് HOD ബിജു.കെ സാർ എന്നെ കുറിച്ച് പറഞ്ഞത് വളരെ പ്രിയപ്പെട്ട വാക്കുകളായിരുന്നു. " ഒരു ആവറേജ് ആയ സ്റ്റുഡൻറ് ആണ്. എന്നാലും തട്ടിയും മുട്ടിയും കേറി പോയി. എങ്ങനെ വീണാലും നാലുകാലിൽ വീഴും എന്നറിയാം".

രണ്ടാമത്തെ ഐവി തന്നെയായിരുന്നു. കണ്ട കാഴ്ചകളേക്കാൾ ആ ദിവസങ്ങളിലെ എൻ ജോയ്മെൻറ് പറഞ്ഞറിയിക്കാൻ പറ്റാത്തതാണ്.



## അച്ചരനുറങ്ങാത്ത EEE യുടെ ഓർമ്മകൾ.

2016 ൽ ഞങ്ങളുടെ മാഗസിൻ എഡിറ്റർ ഷഹൻ ആയിരുന്നു. എല്ലാവരും ആർട്ടിക്കൾസ് എഴുതികൊടുത്തു. അവസാനം ഞാൻ എഴുതിയത് ക്ലാസ് ഡയറി ആയിരുന്നു- അച്ചരനുറങ്ങാത്ത EEE . അത് ഷാഹി മിസ്സ് ക്ലാസിൽ പഠിപ്പിക്കുമ്പോൾ അവസാനത്തെ ബെഞ്ചിൽ പോയിരുന്ന് എഴുതിയതാണ്. അലുമിനി മീറ്റിന് വന്നപ്പോൾ മിസ്സിനോട് ആ കാര്യം പറഞ്ഞിരുന്നു. EEE, CS അങ്ങനെ എല്ലാ അദ്ധ്യാപകരുമായി നല്ല ബന്ധമായിരുന്നു. മനോജ് സാറുമായി വല്യ കാര്യമാണ്. മിസ്സുമാര് വിളിച്ച് അവരുടെ മക്കൾക്ക് വളരെ ഇഷ്ടമാണ്, ഒന്ന് സംസാരിക്കാമോ എന്നൊക്കെ ഇന്ന് ചോദിക്കുമ്പോൾ സന്തോഷവും സങ്കടവും തോന്നാറുണ്ട്. "അവർ പഠിപ്പിച്ച് ഇറക്കിയ പിള്ളേരാണ് നമ്മൾ". അന്നത്തെ ഓർമ്മകൾ എപ്പോഴും മനസ്സിലേക്ക് വരും. അനീഷ് സാറുമായും നല്ല കമ്പിനിയാണ്. അമൂല്യ മിസ്സ്, ഷാഹി മിസ്സ്, രാധിക മിസ്സ്, അമൽ തുക്കു സാർ അങ്ങനെ എല്ലാ അദ്ധ്യാപകരുമായും ഇപ്പോഴും കോൺടാക്റ്റും ഉണ്ട്.

## മൂന്നാർ ജീവിതത്തിൽ മിസ്സ് ചെയ്യുന്നത്.

മൂന്നാർ ജീവിതം ഒരു വേറിട്ട അനുഭവം തന്നെ ആയിരുന്നു. ഞായറാഴ്ച്ച ദിവസങ്ങളിൽ മല കയറാൻ പോകും എല്ലാവരും കൂടെ. പുതിയ സ്ഥലങ്ങൾ എക്സ്പ്ലോർ ചെയ്യും. പിന്നെ തണുപ്പും മഴയും. നട്ടുച്ചയ്ക്കും തണുപ്പത്തിരുന്ന് പഠിക്കാനൊക്കെ ഭാഗ്യം ലഭിക്കുന്ന അപൂർവ്വം ചില കോളേജുകളിലൊന്നാണ് നമ്മുടെ കോളേജ്. കാറ്റത്ത് കുട പറുത്തിക്കൊണ്ട് പോയി നനയിക്കുന്ന മഴയെ "നശിച്ച മഴ" എന്നൊക്കെ പറഞ്ഞിട്ടുണ്ട്. പക്ഷെ ഇപ്പോൾ അതൊക്കെ വല്ലാതെ മിസ്സ് ചെയ്യുന്നുണ്ട്. തണുപ്പ് കൂടുതലുള്ളപ്പോൾ നടത്തുന്ന പരീക്ഷകൾക്ക് പഠിക്കുക തന്നെയൊരു വെല്ലുവിളിയായിരുന്നു. പക്ഷെ ഇതൊക്കെ നമ്മൾ എക്സ്പീരിയൻസ് ചെയ്യണം. കോളേജിന് പുറത്തും മൂന്നാർ ഒരു ലോകമുണ്ട്. ഈ നാലു വർഷത്തിൽ അതെല്ലാം നമ്മൾ പുറത്തിറങ്ങി എക്സ്പ്ലോർ ചെയ്യുമ്പോഴേ ജീവിതം എത്ര മനോഹരമാണെന്നറിയൂ. മൂന്നാറിലേക്ക് ഇപ്പോൾ ട്രിപ്പ് വരുമ്പോൾ കൂടെയുള്ളവർക്ക് നമ്മുടെ സ്വന്തം സ്ഥലം പോലെ ഓരോന്നും കാണിച്ച് കൊടുക്കുമ്പോൾ വല്ലാത്ത സന്തോഷവും ഉണ്ട്. ബിടെക് നമ്മുക്ക് ഒരുപാട് പ്രഷർ തന്നാണ് കടന്നു പോകുന്നത്. പക്ഷെ അതിനോടൊപ്പം

## "കലാപ്രതിഭയിൽ നിന്ന് ബാബു നമ്പൂദിടി" വരെ.

പറഞ്ഞറിയിക്കാൻ പറ്റാത്ത സന്തോഷം ആണ് അത്. പഠിത്തം കഴിഞ്ഞ് ജോലിയായ് സെറ്റ ലാകുമ്പോൾ ഇഷ്ടമുള്ളത് ചെയ്യാൻ എത്തുമെന്നറിയാമായിരുന്നു. ഇങ്ങനെയൊരു പ്ലാറ്റ്ഫോം ആയപ്പോൾ ഒരുപാട് ആൾക്കാർക്ക് ഇഷ്ടമായി. സിനിമ, എഴുത്ത് അതൊക്കെയാണ് താല്പര്യം എന്ന് അദ്ധ്യാപകർക്കും അറിയാം. സിനിമ ഫീൽഡിലും ഇപ്പോൾ മൊത്തം എൻ ജിനിയേർസാണ്. അധികം ചോയിസ് ഇല്ലാതിരുന്നൊരു സമയം അങ്ങനെ ഞാനും ഇലക്ട്രിക്കൽ എൻജിനിയറായി. പഠിച്ച ജോലി തന്നെ ചെയ്യണം എന്ന നിർബന്ധം ഇല്ല. ഇഷ്ടമുള്ളടത്തേക്ക് എത്തിച്ചേരാൻ നമുക്കിന്ന് പല പ്ലാറ്റ്ഫോമുകളുമുണ്ട്. അത് മനസ്സിലാക്കി പ്രയത്നിക്കുക. എറണാകുളത്തും മറ്റുമായി ഓഡീഷന് ഞാനും പോയിട്ടുണ്ട്. മൂന്നാർ ഷൂട്ടിംഗിന് ആൾക്കൂട്ടത്തിനിടയിലൂടെ ഞാനും ഒന്ന് മുഖം കാണിക്കാനായി മുന്നിൽ ചെന്ന് നിന്നിട്ടുണ്ട്. ഇഷ്ടമുള്ളടത്ത് എത്താൻ അത് നേടുന്ന വരെ പ്രയത്നിക്കുക.

*"ഞങ്ങൾ EEE ക്കാര് പെണ്ണിന് പകരം കറണ്ടിനെയാണ് പ്രണയിച്ചത് "*

# "പിക്ച്ചർ അഭി ബാക്കി ഹേയ് മേരി ദോസ്ത്"













Drawings by





ABHINAND M
EEE 2019 - 23

# ഭാവി ഭൂതം വർത്തമാനം

എന്താണ് Time Traveller? എവിടെ തിരിഞ്ഞാലും കേൾക്കുന്ന ഒരു വാക്കായി നമ്മുടെ ഈ Time Traveller ഉം, Time Machine ഉം ഒക്കെ. ഒരിക്കൽ എങ്കിലും നമ്മുടെ ഭാവി എന്താണെന്നറിയാനുള്ള ഒരു ആകാംക്ഷ നാം എല്ലാവരും പ്രകടിപ്പിക്കാറുണ്ട്. ഒരുപാട് പേർ എന്നോട് ചോദിക്കുന്നുണ്ട്, "അതേ, ഇനി എന്താണ് ഭാവി പരിപാടി?? വല്ല ബോധവുമുണ്ടോ??" തുടക്കത്തിൽ അത്ര ഗൗരവമായി എടുത്തിരുന്നില്ലെങ്കിലും പോകെ പോകെ ഈ ചോദ്യം ഉള്ളിൽ ഒരു ബുദ്ധിമുട്ടുണ്ടാക്കി. അപ്പോൾ എൻെറ മനസ്സിൽ വന്നൊരു ചിന്തയായിരുന്നു Time Machine കിട്ടിയിരുന്നെങ്കിൽ, ഒന്നു ഭാവി വരെ പോയി എല്ലാം കണ്ടും കേട്ടുമൊക്കെ വരാമെന്ന്. കല്ല്യാണവും ആദ്യരാത്രിയും കാണാനായിരുന്നു ഏറെ ആഗ്രഹം. അങ്ങനെ ഇതിൻെറ സാധ്യതകൾ തപ്പിയുള്ള പ്രയാണമായിരുന്നു പിന്നീടങ്ങോട്ട്, ഒരിക്കലും നടക്കില്ല എന്ന് ഉറപ്പുള്ള ഒരു സ്വപ്നം. പക്ഷെ എന്തു ചെയ്യാൻ, അപ്പോഴേക്കും എൻെറ മനോരാജ്യം എന്നെ കീഴ്പ്പെടുത്തിയിരുന്നു.

അങ്ങനെ ഒരു ദിവസം വൈകുന്നേരം നമ്മുടെ കൊച്ചിയിലെ പ്രസിദ്ധമായ Park Avenue റോഡിലൂടെ ഹരിതാഭവും പച്ചപ്പും കാണാനിറങ്ങി. കൊച്ചി പഴയ കൊച്ചിയല്ല എന്ന് പറയുന്നത് സത്യമാണെന്നേ!! പണ്ട് കൊച്ചി വളരെയേറെ സുന്ദരമായിരുന്നു. നയനമനോഹരമായ കാഴ്ചകളുമായി കൊച്ചിയുടെ സായാന്നം എന്നെ ഇരുകൈയ്യും നീട്ടി സ്വീകരിച്ചു. ഒരു സിംഗിൾ പസങ്കെ ആയതുകൊണ്ടുതന്നെ ഞാൻ അന്നൊറ്റക്കാണ് പോയിരുന്നത്.പെട്ടെന്ന് ഒരു ശബ്ദം എന്നെ തേടി വന്നു, "സേട്ടാ വരൂ..ഭാവി ഭൂതം വർത്തമാനം പറയാം, 100% സത്യമുള്ള കാര്യമാണ് സേട്ടാ, മടിക്കാതെ വരൂ.." എൻെറ ചെവിയിൽ ഇതു അലയടിച്ചുക്കൊണ്ടേ ഇരുന്നു. എന്തായാലും ഭാവി അറിയാനുള്ള വെഗ്രതയിൽ നടക്കുകയാണ്, എന്നാൽ പിന്നെ ഒരു കൈ നോക്കി കളയാം എന്ന് വിചാരിച്ചു. ശബ്ദത്തിൻെറ ഉടമസ്ഥനെ തേടി, കണ്ടുപിടിക്കാൻ വലിയ പ്രയാസമുണ്ടായിരുന്നില്ല. അയാളെ എനിക്ക് ദൃശ്യമായി.മിനുസമുള്ള വർണ്ണ വസ്ത്രമണിഞ്ഞൊരു പക്ഷിശാസ്ത്രം പറയുന്നൊരു മനുഷ്യൻ. ഞാൻ വളരെ പതിയെ അയാളുടെ അടുത്തേക്ക് ചെന്നു. "സേട്ടാ.. ബര്യ, താങ്കാളുടെ ഭാവി പ്രവചിക്കാം..." ഹൈ... കൊള്ളാലോ എന്ന പുച്ഛരഭാവത്തിൽ ഞാൻ അങ്ങോട്ട് ചെന്നു. അടുത്തേക്ക് ചെല്ലുതോറും എൻെറ കാഴ്ചകൾ മാറിക്കൊണ്ടേയിരുന്നു

അടുക്കും തോറും അയാളുടെ മുന്നിലുണ്ടായിരുന്ന പക്ഷിക്കൂടും ചീട്ടുകളുമൊക്കെ അദൃശ്യമായിക്കൊണ്ടിരുന്നു. “നിങ്ങളുടെ മുന്നിലുണ്ടായിരുന്ന തത്തയും, കൂടും, ചീട്ടുമെല്ലാം എവിടെ??” ഞാൻ ചോദിച്ചു. തൽക്ഷണം അയാളുടെ കണ്ണുകൾ സൂര്യനെ പോലെ തിളങ്ങാൻ തുടങ്ങി, എൻെറ കാലുകൾ അനങ്ങുന്നില്ല. എൻെറ കണ്ണിമ വെട്ടിക്കാൻ പോലും സാധിക്കാത്ത വിധത്തിൽ അയാളുടെ ദൃഷ്ടിയിൽ ഞാൻ ബന്ധനസ്ഥനായി കഴിഞ്ഞിരുന്നു. അയാളുടെ കയ്യിലുണ്ടായിരുന്ന ബാഗ് തുറന്ന് അതിമനോഹരമായ ഒരു വസ്തു എനിക്ക് കാണിച്ച് തന്നു. “ഇതെന്താ ചേട്ടാ..” ഞാൻ ആശ്ചര്യത്തോടെ ചോദിച്ചു. ജ്വലിക്കുന്ന കണ്ണുകളോടെ അയാൾ എന്നോട് പറഞ്ഞു, “ നിനക്ക് നിൻെറ ഭാവി കാണണ്ടേ!! നീ എന്നെ തേടിയല്ല, മറിച്ച് ഞാനാണ് നിന്നെ എൻെറ പക്കൽ എത്തിച്ചത്” , അയാൾ പറയുന്നതൊന്നും തന്നെ എനിക്ക് മനസ്സിലാവുന്നില്ലായിരുന്നു. എന്നോട് അധികം വൈകാതെ തന്നെ മനസ്സ് ഏകാഗ്രമായി വച്ചുകൊണ്ട് ആ വസ്തുവിലേക്ക് സ്പർശിക്കാൻ പറഞ്ഞു. അത് സ്പർശിച്ചതും അതിൻെറ പ്രകാശം വർദ്ധിച്ചു, എന്നെ പൂർണ്ണമായും വിഴുങ്ങിയിരുന്നു.

പിന്നീട് ഞാൻ കണ്ണ് തുറക്കുന്നത് 20 വർഷം മുൻമ്പിലാണ്. അതിൽ ഞാൻ കണ്ടത് വലിയൊരു ദുരന്തമായിരുന്നു. നമ്മൾ പ്രകൃതിയെ ദ്രോഹിച്ചതിൻെറ മൂന്നിരട്ടിയായി പ്രകൃതിയും കാലവും ചേർന്ന് മനുഷ്യനോട് പകവീട്ടുന്നു. അതിഭയാനകമായി കാട്ടുതീ ഉണ്ടാക്കി ഉഗ്രരൂപിണിയായ പ്രകൃതി സ്വയം നശിച്ചുകൊണ്ട് മനുഷ്യനെ ഇല്ലാതാക്കാൻ ശ്രമിക്കുന്നു. മറ്റുസ്ഥലങ്ങളിൽ, ഭൂമി കലിപൂണ്ട് വിറക്കുന്നു, ഭൂചലനം. വേദനകൊണ്ട് പ്രകൃതി കരഞ്ഞ്, അതൊരു പ്രളയം സൃഷ്ടിച്ചു. കാലം കടന്നു പോയി. മനുഷ്യൻ സുഖം പ്രാപിച്ചു. തീർത്തും ആർത്തി തീരാത്ത മനസ്സുമായി മനുഷ്യൻ പിന്നെയും പ്രകൃതിയെ നോവിച്ചു. അവളുടെ അന്തരീക്ഷം മലിനമാക്കിക്കൊണ്ടിരുന്നു. സർവ്വതും അവൾ സഹിച്ചു. ഒടുവിൽ അവളുടെ മരണം മുന്നിൽ കണ്ട് ഭയന്ന് വിറച്ചുകൊണ്ട് അവൾ, പ്രകൃതി, സർവ്വശക്തിയുമെടുത്ത് ആഞ്ഞടിച്ചു, ശപിച്ചു. “ മനുഷ്യാ, നിന്നെ പോലെ തന്നെ ഈ പ്രപഞ്ചത്തിലെ മറ്റു ജീവജാലങ്ങളും എൻെറ മക്കളാണ്. അവയെ ബന്ധന ത്തിലാക്കിയും, വേട്ടയാടി ഭക്ഷിക്കുകയും ചെയ്ത നീ കാലങ്ങളോളം നിൻെറ സ്വന്തം ഗ്രഹത്തിൽ കാരാഗ്രഹവാസം അനുഷ്ഠിക്കേണ്ടിവരും.” പിന്നിട് കാണുന്നത്, ലോകമെമ്പാടും മഹാവ്യാതിയുടെ പിടിയിൽ. പ്രകൃതി ശപിച്ചതുപോലെ നാം എല്ലാവരും സ്വന്തം ഗ്രഹത്തിൽ കാരാഗ്രഹവാസം, അതുകണ്ട് ആർത്തട്ടഹസിച്ച് മറ്റു ജീവജാലങ്ങളും.



ഭൂപടത്തിലെ തന്നെ പലയിടങ്ങളിലും ഈ മഹാവ്യാതി ദുരന്തം വിതച്ചു. ഈ ദുരന്തം നമ്മെ വിഴുങ്ങികൊണ്ടേയിരുന്നു. ആയിരങ്ങൾ, പതിനായിരങ്ങൾ, ലക്ഷങ്ങൾ, കണക്ക് അങ്ങനെ ഉയർന്നുകൊണ്ടേ ഇരുന്നു. ഇതെല്ലാം കണ്ടുകൊണ്ട് ഒരക്ഷരം പോലും മിണ്ടാനാവാതെ ഞാൻ. ഇതിനിടയിൽ എന്നെ ഞാൻ ഒരുപാട് അന്വേഷിച്ചു. അങ്ങനെ ഞാൻ വീട്ടിലെത്തി. പക്ഷെ 'എനിക്കവിടെ എന്നെ കാണാൻ സാധിച്ചില്ല, പകരം എൻെറ കുഴിമാടമാണ് കാണാൻ സാധിച്ചത്', അതെ പ്രകൃതിയുടെ ശാപത്തിൽ ഞാനും ഇല്ലാതെയായി. എൻെറ കൈകൾ ഇടറി, നെറ്റി വിയർക്കാൻ തുടങ്ങി, ഞരമ്പുകൾ വലിഞ്ഞു മുറുകാൻ തുടങ്ങി, പൊടുന്നനെ ഞാൻ ഞെട്ടി കണ്ണുതുറന്നു. നോക്കിയപ്പോൾ സമയം 4.40*,തീയതി 03/07/2000. " ഹാവൂ സ്വപ്നമായിരുന്നോ?? വെറുതെ മനുഷ്യനെ പേടിപ്പിക്കാൻ. എന്താലേ കാലം പോയൊരു പോക്കേ!! ഭാവി പറയാൻ തത്തയ്ക്കുപകരം Time Machine, ഹാ!! കൊള്ളാം എത്ര വിചിത്രമായ സ്വപ്നം." സ്വപ്നം വിവരിച്ചു കേട്ട കൂട്ടുകാരും വീട്ടുകാരും ആർത്തട്ടഹസിച്ചു. ഒപ്പം ചിരിച്ചുവെങ്കിലും അവൻെറ ഉള്ളിൽ ഭയം കൂടുകൂട്ടാൻ തുടങ്ങി. അങ്ങനെ അവൻ ഭയത്തോടെയാണ് വരാനിരിക്കുന്ന 2020 നെ പറ്റി ഓർക്കുന്നത്.

" അന്നവൻ കണ്ട സ്വപ്നം ഇന്ന് ഏറെക്കുറെ സത്യമായിക്കൊണ്ടിരിക്കുന്നു. പോകെ പോകെ അവൻ തിരിച്ചറിഞ്ഞു, അവൻ കണ്ടത് സ്വപ്നമല്ലായിരുന്നു എന്നും, മറിച്ച് 20 വർഷങ്ങൾ മുന്നോട്ട് സഞ്ചരിച്ചതായിരുന്നു എന്നും. അന്ന് അവൻ കണ്ടത് ഒരു ടൈം ട്രാവലർ തന്നെയായിരുന്നു."

"നമ്മുടെ ചിന്തകൾക്കും ശക്തികൾക്കും അപ്പുറം ഒരു ലോകമുണ്ട്."
നിങ്ങൾ ഉറക്കത്തിൽ കാണുന്ന സ്വപ്നങ്ങൾ ഒരിക്കലും കുറച്ച് ചിത്ര ശകലങ്ങൾ അല്ല. മറിച്ച്, എവിടെയോ അങ്ങ് അകലെ നിന്നുകൊണ്ട് നിങ്ങൾ നിങ്ങളോടു തന്നെ എന്തോ പറയാൻ ശ്രമിക്കുകയാണ്. നിങ്ങൾക്കുള്ള അപായ സൂചന നൽകുകയാണ്.!!..

- BIJISH KRISHNAN U K



# POSITIVE & NEGATIVE



AROMAL N M
MEC 2016- 2020

Even the shadow leaves you when you are surrounded by the darkness.
Light=+ve
Darkness =-ve

+ve + +ve = ?
Which is greater?
+ve x –ve = -ve always..

Whatever be the quality or the amount of the +ve ness; when its striked by the –ve it turns to –ve. -ve x –ve = +ve to find light from the darkness; its necessary to find the darkness. As the two darkness collide, they produce the light of +ve ness.Thank God..

There is only one darkness for each person. What we see it that darkness is purely the imagination, which are created by the subconscious mind, and it varies for each being.

There is still one doubt remains. How the darkness cover the light? Light cant be covered whatever the cost is, it always shines only the way to block the light is; the light itself has to be turned off the light have to accept the defeat and let the darkness cover it. But the origin of light is unknown. Resource of the light is unknown. The only thing that we know is that the new life starts its voyage with full of this. (and it diminishes as the voyage continues) which means that we are the light we  allow the darkness to late over ourselves. Its time to realize and spread light.

(still in the journey to find the way of spreading light)

# Feminism and Gender issues in India

I often wonder how lucky I am to be born as a man; wonder if all the women feel the same way. Well I just had to ask a woman to find out. Then I asked and well the answer was not surprising, she said yes, you are lucky to be a man. Well that was an interesting answer nothing to be laughed off. Many women at some point in their life wished if they were born as man not because they hate their biological body but due to all the restriction and discriminations faced throughout their life right from the womb. From home to workplace women are discriminated everywhere.

Let's focus on India throughout this article. The Indian constitution provides equality before law and rules out any gender-based discrimination as per article 14,15 and also has several other provisions to protect the rights and safety of particularly women.So, after all this, is women really free? Reality is different. India is a country with huge diversity. India is home to a number of religions and the country is proud to call itself secular. In all this differences there exist one common element, the oppression of women. Indian society even in 21st century is very conservative when it comes to women's right.

Most men in the country still believe in patriarchy and considers feminism as their enemy. Equal right is still a distant dream for many women. Often even the basic rights are violated. So much irony for a society which considers women as goddesses. The average literacy rate of women in India is 60.6% which is less than national average of 73% whereas men's literacy rate stands at 80%. The sex ratio in India is also not good which indicate how sex selective abortions are a matter of concern. This is just the tip of the big iceberg. Now these are things which is known and steps are being taken to improve the situation but what worse is the mainstream sexism which is widely accepted nay enforced by culture in this country. Let's talk about it.

casual sexism is what we are seeing since school. It is the direct result of gender gap and cultural appropriation of anti-feminist sentiments. The most surprising fact about casual sexism is there are women in the society who endorse it. Casual sexism begins in the family. I starts the moment when a mother asks her daughter to wash the dishes and help with the household while her son enjoys the complete immunity from all the household work even cleaning his own dishes.

Now this is gender role imposition. From the moment she attains menstrual age the society as a whole try to shape her to be a "traditional Indian wife". Now I am not saying that the traditional wife image is same through India but apart from the clothing style the core value is being submissive to their husband. This is done through a systematic approach throughout her teenage. I am not going into the description here; I am sure each one of us has seen it but has turned a blind eye to it. The girls are taught to dream less than boys at every point in their life, well, how could they? the walls of patriarchy are way too high for most of them to scale. After all the hoops many scale those walls and shine bright. Thanks to feminists' various inequalities and oppression is slowly fading away. Feminists are giving a hard time to patriarchy and hence they are often seen as enemies of mankind. This anti-feminist agenda is then followed by a bloat load of religious teachings, stone age era traditions and pseudoscience. Apparently, the community considers feminist a more severe threat than terrorist. Well why wouldn't they, gender equality is taking away the privilege men had over the years to dominate the opposite gender.

When talking about feminist movements in India, suffrage was never part of the movement since independent India treated all the citizens alike but the cause of concern was always the cultural appropriation of women's role in the society. Even after all the years the society has always tried to place women inside the four walls of the house.

We as a nation are in no position to cherish the literacy rate among women since most of them are never allowed to go to work or utilize their education. The advocates of patriarchy try to oppose feminism or gender equality by boasting the traditional family values which is again favor men. If the values are biased then is it really good? These traditional family values like all other patriarchal setup often assumes that women are happy in the role assigned which is often household chores and looking after baby. They continuously emphasize on the importance of adjustment that one needs to make for family to stay together but why women always women have to compromise? The answer to this is always given with another bloat load of stereotypes. Those who try to go against are dealt with rape threats and vulgar comments. This is a society where happiness of women is determined by a belief system designed by men. Women in social media is also defaced and bullied online for expressing their opinion. Almost every woman online has faced some or the other form of harassment online for expressing their strong feminist opinion. These harassments don't just stop at their posts but later the so called "online trollers" then creates memes and troll videos to harass them even more.

I am not against freedom of expression but when the agenda of the preachers is to just to fuel the sexism in the already biased society then it does raise concerns. The social media has really done some commendable job in giving voice to such people but then again, it's social media so it is you who decide what to hear and see.

Let's move our focus to Kerala which is the most literate state in India. The literacy rate of the state of Kerala is a whopping 93.91%. Male and female literacy rate standing at 96.02% and 91.98% which is higher than the national average. Also, the state with highest sex-ratio 1084 females per 1000 males. Now the thing that no one talks about is the employment rate which is 24.8%. Though this only includes formal sector but here too male employment rate is 57.8%. High on literacy but low on work-force. Where did all the women go? This is where it gets tricky.

Kerala is a state which displays excellent social indicators but shadow of patriarchy still looms hefty over the state. In fact, when it comes to Kerala, it is not much different from rest of India regarding even with such high literacy rate. This can be attributed to the gender gap in the state. Women in Kerala like rest of the India are made to follow a long list of informal laws setup by its male dominated society. The gender gap in Kerala is so bad that people will start to comment even if a boy and girl are seen talking together. The community is infamous for how people care too much about others personal business. Moral policing is a major issue in different parts of Kerala even in the 21st century. Objectifying and sexualizing women is now more common in the state than ever. Although in the surface everything seems happy but deep down the men in the state often considers feminism a threat to their existence. The men and many women are really skeptical about women who voice or challenge the prevailing patriarchy in the society.This is a hidden social evil which needs a reform. Men in Kerala show modernity only in their wardrobe collection, their mentality is yet to be modernized. Not everyone is a sexist in Kerala but a considerable amount is and this is challenging the very notion of gender equality. The society which had a good image of female friendly state is now changing due to increasing misogyny. The purity of the woman's body has emerged as a major topic of discussion, which again is a regressive trend. This again is equally supported by religious institution and regressive movies. Religion single handedly accounts for the most anti-feminist sentiments. There is an increasing notion of domestication of females in Kerala. Though the state boasts of its high literacy rate the nuns fighting for justice in Kerala never saw much solidarity and is instead getting slut shamed by the so-called progressive state.

There are so many contradictions when it comes to this state regarding women rights. The slut shaming of women is more common in the state than one's expectations. I could understand it in my last four year stay in Kerala. It might come as a surprise but as far as I have seen, Kerala is long way from reaching gender equality. Its not the law but the mentality of most people in Kerala. In general, they consider marring of a girl before the age of 24 a "safe choice". They are given education but not much time to utilize their education. The family often care too much about their reputation

than the daughter. Its funny but people start asking questions if they see a girl above the age of 20 staying in her house. Her own house!! And voluntarily bring relations for marriage. A young girl staying at house without marriage brings bad name they say. Working elite class women like everywhere enjoys immunity in Kerala too. But even they are made to scrutinize by the so-called progressive society.

I am a Man and I don't have any shame in calling myself a feminist in fact if you have felt women should be given privileges enjoyed by men at any point of your life then you too are a feminist. It does not make you any less of a man to accept the right of a women. Patriarchy does not get to dictate what empowers a woman. Empowerment is about choice. Give women their choice to live. They know how to live like how we know. Respect their choices. Don't enforce your choice on them. Kerala is a land which saw many feminist movements which is why we as a state have reached this height. There are no weak women, give them their space and they will be empowered.

One thing about the state is that unlike other states in India, there is an increasing voice among its youth for gender equality which is a good sign for the future of the women of the state. To an extend this can be attributed to education, freethinkers and social workers of the state. Better gender education is needed to eliminate sexism and women atrocities in the society and hope Kerala be a model to the rest of the states in India in thefuture.

Only a handful of issues were mentioned in the article. The issues faced by women is much more than this. My aim was to give you a peek into the subject. Fight for equality will continue to challenge the age-old gender stereotyping, sexist rules, obnoxious gender roles, religious teachings and anti-feminist traditions. It will not be easy but it's not impossible. Whether you like it or not, this is not just a man's world, it's woman's too. Not subordination but cooperation is what would make this world a better place.



MELBIN MATHEW
CSE 2016-20

# The Alteration

Things were never like before
I felt a taste of sour.
Fire igniting right through my bone
And i hear only a faded tone

I used to be kind
Open hearted as if i never mind
Never insisted anything in return
But all of them where a wrong turn

Now that the sun died
I shall rise against the tide
With a past of pain and taunt
The soul in me reeks for a hunt

They've altered every aspect in me
Killed something there was good in me
To all of them who pulled out the the devil
He never rests untill he destroy it all.

- JAGATH SHEKAR
CSE 2016 - 20



# A Call From Heaven

When she was standing
Alone in a rosarium.
She heard a twinkling voice
That comes over her.
She followed it with
An insuperable dilemma.
For a second, she thinks
Herself as a rose
And leads the way like
A precursor of success
If she thinks for a rain
The nature makes it happen
If she wishes for
A smoothing music,
The wind make it rest.
Whatever she likes
The whole world
Leaves their hands for
Her beautiful blooming days.
It is only a mantic cell
From heaven..........

- SUNANDA S
CSE 2016 - 20

# ഒന്ന് പുഞ്ചിരിക്കൂ

ചിരിക്കാം ചിരിക്കാം ചിരിച്ചു കൊണ്ടിരിക്കാം. ചിരിയുടെ അമിട്ടിനു തിരി കൊളുത്താം. റേഡിയോയിൽ നിന്നും ആ ഗാനം ഒഴുകിവീഴുകയായിരുന്നു. അനുഗ്രഹീതമായ ഗായകൻെറ നാദം ഹൃദയത്തെ തൊട്ടുണർത്തി. എല്ലാവരുടെയും മുഖത്ത് പുഞ്ചിരി വിടർന്നിട്ടുണ്ട്. എല്ലാവരും ആ ഗാനത്തിൽ അലിഞ്ഞു ചേർന്നു കഴിഞ്ഞു.

"ലോകം ശോകപാതം" എന്നു ശങ്കരാചാര്യർ പറഞ്ഞുവച്ചിട്ടുണ്ട്. അത് പരമാർത്ഥമല്ലേ?. എവിടെ നോക്കിയാലും നമ്മെ വേദനിപ്പിക്കുന്ന കാഴ്ചകളും അനുഭവങ്ങളുമല്ലേ അധികം? ഒരു വേദന മാറിക്കഴിയുമ്പോൾ മറ്റൊന്ന് വന്നു കഴിഞ്ഞു. ചൊട്ട മുതൽ ചുടലവരെ ദുഃഖങ്ങളുടെ ഒരു ഘോഷയാത്ര. അതാണു മനുഷ്യജീവിതം.

പുഞ്ചിരിക്കാൻ കഴിയുന്നതാണു മനുഷ്യൻെറ ഏറ്റവും വലിയ അനുഗ്രഹം. മറ്റൊരു ജീവിക്കുമില്ലാത്ത ഭാഗ്യം. പുഞ്ചിരി നമ്മുടെ ജീവിതം ധന്യമാക്കും. അതുപോലെ തന്നെ സഹജരുടെയും. നമ്മെ കാണുമ്പോൾ സ്വയം മറന്ന് ആഹ്ലാദിക്കാൻ, പുഞ്ചിരിപ്പൂക്കൾ പൊഴിക്കാൻ കഴിയുമെന്നത് എത്രയോ ധന്യമാണ്. നർമബോധം ഒരു വലിയ വരദാനമാണ്. അതില്ലാത്തവൻെറ ജീവിതം ശുഷ്കവും ശൂന്യവുമായിരിക്കും. ആർക്കും അവരെ അഭിനന്ദിക്കനോ ആരെയും അവർക്ക് അഭിനന്ദിക്കനോ സാധ്യമല്ല. മനസ്സ് പ്രസാദകരവും നമ്മെ ആലിംഗനം ചെയ്യുന്നതുമാണെങ്കിൽ മറ്റൊന്നും കൊണ്ടും ആർജിക്കാനാവാത്ത സൗഭാഗ്യം ഈ ലോകത്തു നാം കൈവരിക്കും.

നന്മയെ കാണുന്നവർക്കും അത് തിരിച്ചറിഞ്ഞു ആസ്വദിക്കുന്നവർക്കുമാണ് പുഞ്ചിരിക്കാൻ കഴിയുന്നത്. നമ്മുടെ ഹൃദയത്തിൻെറ ഭാവം സർവ്വപ്രധാനമാണ്. പുഞ്ചിരിയെപ്പറ്റി ഒരെഴുത്തുകാരൻ ഇപ്രകാരം വിവരിക്കുന്നു : "ഒരു പുഞ്ചിരിക്ക് വിലയൊന്നും കൊടുക്കേണ്ടാ. എന്നാലത് അമൂല്യമായ അനുഭവം പ്രധാനം ചെയ്യുന്നു. പുഞ്ചിരി നൽകുന്ന ആളിനു നഷ്ടമൊന്നും സംഭവിക്കുനില്ല. എന്നാലതു സ്വീകർത്താവിനു സന്തുഷ്ടി നൽകുന്നു. ഒരു പുഞ്ചിരിക്കു ഒരു നിമിഷം മാത്രമേ ആവശ്യമുള്ളൂ. എന്നാൽ സ്വീകർത്താവിൽ അതിൻെറ സ്മരണ ഏറെകാലം - ചിലപ്പോൾ ആയുഷ്ക്കാലം - നീണ്ടുനിൽക്കും. അതു കൂടാതെ കഴിയാൻ തക്കവണ്ണം ആരും കരുത്തരോ, സമ്പന്നരോ, ദരിദ്രരോ അല്ല. എന്നാൽ ആരെയുമതു സമ്പന്നതയുടെ സംതൃപ്തിയിൽ എത്തിക്കും. ഒരു പുഞ്ചിരി ഭവനത്തിൽ സന്തോഷം പരത്തുന്നു. സൗഹൃദത്തിൻെറ മുദ്രയും അടയാളവും ആണ് പുഞ്ചിരി. തളർന്നിരിക്കുന്നവർക്ക് വിശ്രാന്തി നൽകുന്നു. നിരാശിതർക്ക് ഉന്മേഷം നൽകുന്നു. ദുഃഖിതർക്ക് പ്രസന്നത പ്രദാനം ചെയ്യുന്നു. പ്രശ്നങ്ങൾക്കു മുന്നിൽ ഫലപ്രദമായ മാധ്യമമായി വർത്തിക്കുന്നു."

ഭക്തിയോടു നിരക്കാത്തതാണു പുഞ്ചിരി എന്നു ചിലർ ധരിച്ചുവച്ചിട്ടുണ്ട്. കനപ്പിച്ച ഭാവവും മൗനമുദ്രിതമായ മുഖവുമാണ് ഭക്തിയുടെ ഭാവമെന്നവർ തെറ്റായി ധരിക്കുന്നു. നിഷ്കളങ്കവും സ്വച്ഛവുമായ ഹൃദയത്തിൽ നിന്നാണ് പുഞ്ചിരി വിടരുന്നത്. നിഷ്കളങ്കരായ ശിശുക്കൾ ഉറക്കത്തിൽ കിടന്നുകൊണ്ടു ചിരിക്കുന്നത് പരിചിതമായ കാഴ്ചയാണ്.

പുഞ്ചിരി വിടർന്ന ഒരു രംഗം കൂടി ഓർക്കുന്നു. ഒരു കൊച്ചു പെൺകുട്ടി വിടർന്ന പുഞ്ചിരിയോടെ ഒരു മിഠായി ചോദിച്ചുകൊണ്ടു ഒരു വൈദികൻെറ അടുക്കലെത്തി. അടുത്ത നിമിഷം ഒരു ആൺകുട്ടിയും അടുത്തെത്തി. പോക്കറ്റിൽ തപ്പിയപ്പോൾ ആ വൈദികൻെറ കൈയ്യിൽ ഒരു മിഠായി കിട്ടി. കുട്ടികൾക്ക് കൊടുക്കാൻ പോക്കറ്റിൽ മിഠായി സൂക്ഷിക്കുന്ന പതിവുകാരനാണ് അദ്ദേഹം. " ഒരെണ്ണം മാത്രമേ എൻെറ കയ്യിലുള്ളൂ". മുതിർന്ന പെൺകുട്ടി അതു വാങ്ങി അനുജനു കൊടുത്തു. അപ്പോൾ ഇളയ കുട്ടിയുടെ മുഖത്ത് പുഞ്ചിരി വിടർന്നു. മാത്രമല്ല പെൺകുട്ടിയുടെ മുഖത്തും. അത് അവളുടെ ഇളയ സഹോദരൻെറ സന്തോഷ ത്തിൻെറ പ്രതിഫലനമായിരിക്കുന്നു. രണ്ടു കുട്ടികളുടേയും പുഞ്ചിരി രണ്ടു വികാരത്തിൽ നിന്നായിരുന്നു. ഒന്നു ലഭിച്ചതിനുള്ള സന്തോഷം. മറ്റേത്, നൽകിയതിലും സഹോദരനെ സന്തോഷത്തിൽ വരുത്തിയതിലും.

- SIMI ANN ABRAHAM
ECE 2016 - 20

**പുഞ്ചിരിക്കുക പുഞ്ചിരി പൊഴിക്കുക**
**ലോകം മൊത്തം നിങ്ങളോടൊത്ത്**
**പുഞ്ചിരിപ്പൂക്കളെ പൊഴിക്കും.**
**ഹൃദയം വിഷാദകുലക്ഷമാക്കി**
**നിങ്ങൾ കരയുക**
**നിങ്ങൾ മാത്രം ഈ ലോകത്ത്**
**കരഞ്ഞുകൊണ്ടിരിക്കും.**



A new form of ground transport currently in the process of development. Elon Musk was the first one to mention the concept “fifth mode of transport “calling it the hyperloop in the year 2012.This concept operates by sending specially designed “capsules” also known as “pods”. These capsules travel through a tube, either above or below the ground. Most of the air is removed from the tubes using pumps, thus making it partial vacuum to reduce friction. Overcoming air resistance is one of the biggest uses of energy in high speed travel. According to Elon’s Concept, the pressure inside the hyperloop tube is about one sixth the pressure of the atmosphere on Mars. These pods can travel at up to 750 miles per hour and they are designed to float on air skis.

# HYPERLOOP
## THE GAME CHANGING TRANSPORT

Hyperloop could be cheaper and faster than traditional train and car travel. They are less pollutant as compared to air travel. Hyperloop is the successor of the concept “vactrain” developed by Robert Goddard early in the twentieth century. As the coin have both head and tail, Critics argued that travelling in the tube might be an uncomfortable experience, due to nausea-including acceleration. But some others argued the hyperloop will feel about the same as riding in an elevator or a passenger plane. Traveling in a concrete pipe and capsule is windowless means that there isn’t going to be much to look at, Musk’s original vision said the “beautiful landscapes” will be displayed in the cabin, and each passenger can access their own personal entertainment system. Many companies are now trying hard to develop a successful hyperloop. It is estimated to be on ground by 2022.



ANNA NEBU
CSE 2016- 20




MARVEL

# AGENTS OF S.H.I.E.L.D.

## *(Agents of shield season 5 review )*

Looking for a change of pace with a familiar story all blended into one story line which at some point we all imagined while watching a marvel or dc superhero movie?

Follow Phil Coulson (Clark Gregg) and Daisy “Quake” Johnson (Chloe Bennet) with the rest of the Agents of shield on their new adventure which takes them into a brand-new mess in space.The season opens where the last season left off... at the diner where they’re captured.They’re taken away from the diner only to find themselves in front of another monolith, which transports them into a hostile territory in space.

The series take a rather dark turn in the season promoting significant character growth to the supporting cast members and fills in some prominent plot holes mentioned in the previous seasons.

How the series completely contradicts what the viewers imagine in the 1st episode is a refreshing phase. The realization that the monolith did not take them into space, instead has transported them into the future where the earth was shattered was unexpected.It’s nice to explore how different individuals deal with the superpower and the ensuing chaos is not what we usually expect from a marvel TV show. The reluctant anti-hero “Deke” (Jeff Ward) was a delight to watch.

The show explores how a person from the future react if he were to be transported to this time.However, the series shows us the actual downside to the superhero business, as the inhuman heroes finds out something about themselves in the future.






GANESH KRISHNA
ECE 2016 - 20



This season explores the dark sides of most of the characters, their fears and how a man reacts to this statement “What if our brain is being simulated with electricity to revive it and this is your consciousness trying to make sense of random synapses firing in our brain?”It makes Coulson realize the hardest part of dying “The life I have yet to live

*“A delightful mix of action,drama and comedy”*

It’s an interesting travel from the past to the future and then back to the past all the while questioning whether you can change the outcome If you are new to the series, this is one new season which does not heavily rely on the previous seasons. A moderately eventful season with some twists and narrative which asks the characters questions which would usually occur to the viewers in the show.

# പാംഗോങ് തടാകക്കരയിലെ ത്രിവർണ്ണ പുഷ്പങ്ങൾ

ഹലോ, ഞാൻ മേജർ മഹാദേവൻ. സുഖാണല്ലോ അല്ലേ? ശ്വേതയുടെ ഫോണിലൂടെ വന്ന ശബ്ദം അവിടെ നിലച്ചു. ബസ്സിലെ ആളോളുടെ കലപില വർത്താനോം, കണ്ടക്ടറുടെ ടിക്കറ്റ്, ടിക്കറ്റ് എന്ന ശബ്ദവും തുടർന്ന് കേട്ടു.

ബസ്സ് നേര്യമംഗലം കഴിഞ്ഞിരിക്കുണു. ഫോൺ റേഞ്ച് ഇല്ലാതെ കട്ടായതാണോ അതോ മറുതലയ്ക്കൽ സംഭാഷണം അവസാനിച്ചതാണോ എന്നു വ്യക്തമല്ല. ലഡാക്ക് മേഖലേലെ പാംഗോങ് മലനിരകളിലെ ഫിംഗർ പോയിൻറുകളിൽ മേജർ മഹാദേവൻ ചുമതലേറ്റപ്പോൾ മുതൽ കാര്യങ്ങൾ അങ്ങിനാണ്!

ബസ്സ് നേര്യമംഗലത്തെ വൻ മരങ്ങളെ വകഞ്ഞുമാറ്റി വളഞ്ഞു പുളഞ്ഞു കിടക്കുന്ന ടാർ റോഡിലൂടെ പൊയ്ക്കൊണ്ടിരിക്കുമ്പോൾ ശ്വേത മനസ്സിൽ ഒരു നിമിഷം ലഡാക്കും, ഫിംഗർ പോയിൻറ് മലനിരകളും, പട്രോൾ സംഘങ്ങളുക്കെ ഒന്നുന്നായി കടന്നുപോയി. എത്രോണ അവയൊക്കെ കേട്ടിരിക്കിണു. ചീന പട്ടാളക്കാർ ആളും അർത്ഥവുമായി അപ്പുറത്തും ഇന്ത്യൻ ധീര ജവാന്മാർ ജാഗ്രതയോടെ ഇപ്പുറത്തുമായി മുഖാമുഖം കൊമ്പുകോർക്കുന്ന സ്ഥലങ്ങൾ!



സമുദ്രനിരപ്പേൽ നിന്നും ഏതാണ്ട് പതിനാലായിരത്താളം അടിയായി കാതങ്ങളോളം ഉയർന്നു പൊന്തി നിൽക്കുന്ന മലനിരകളിലെ ശൈത്യകാലം അതി കഠിനമെന്നു മഹിയെന്ന മഹാദേവൻ എപ്പോഴും പറയാറുണ്ട്. ഒരുതരം ചെറു വന സസ്യങ്ങൾ അപ്പോഴാകെ പൂത്തുലയുന്ന കാഴ്ച്ച നയനാന്ദകരാന്നു എത്രോണയാ സന്ദർഭികായും അല്ലാതേം സൂചിപ്പിച്ചിട്ടുള്ളത് മരവും, ഇലച്ചാർത്തുകളുടെ നിഴലും വീഴാത്ത മലനിരേളിലെ ടെൻറ് ജീവിതം ഒട്ടും തന്നെ സുഖകരാല്ലെന്നു ഈ ഹൈറേഞ്ച് ജീവിതം ചൂണ്ടിക്കാട്ടി കളി പറഞ്ഞതും എങ്ങനെ മറക്കാനാ? ഇന്ത്യൻ മണ്ണിലെ ലഡാക്കിൽ തുടങ്ങി ചൈനേടെ തിബത്യൻ സ്വയാധികാര ഭൂപ്രദേശം വരെ നീണ്ടുനിവർന്നു കിടക്കുന്ന ഭൂപ്രകൃതി മഹിക്ക് ഹൃദിസ്ഥമാണ്. ഏറ്റോം വിസ്തൃതീള്ളിടത്തു അഞ്ചു കിലോമീറ്റർ വരെ വ്യാപ്തി ഉണ്ടത്രേ! തടാകത്തിലെ വെള്ളം ഐസ് കഷ്ണങ്ങളോട് സമരസപ്പെട്ടു നിൽക്കുന്ന കാഴ്ച കാണേണ്ട തന്ന്യാന്നാ മഹീടെ പക്ഷം. ഇങ്ങനെ കാഴ്ചവട്ടങ്ങൾ വിവരിക്കുന്നതിൽ ഒരു റിപ്പോർട്ടറുടെ കൃത്യതാണ് മഹിക്കെന്നു പലപ്പോഴും തോന്നീട്ടുണ്ട്.

അടുത്തോണ പോകുമ്പോൾ പെർമിഷൻ മേടിക്കാം. അപ്പോൾ നിന്നേം കൊണ്ടുപോകാം, മലനിരകളിലേക്ക്. എന്നുള്ള വാക്കുകൾ മനോമുകുരത്തിൽ ഒരു വർണ്ണാഭമായ കാഴ്ചയായി മാറീരിക്കണു. ഹിമാലയ സാനുവോടു ഇഴ ചേർന്നു കിടക്കുന്ന അവാച്യ സുന്ദരമായ പ്രദേശം കാണുകേന്നത് പൂർവ്വ ജന്മ സുകൃതം അല്ലാണ്ട് മറ്റെന്താണ്? ഇതിനിടേൽ ആനവണ്ടി അടിമാലീം, കല്ലാറും കഴിഞ്ഞു പള്ളിവാസലിലെത്തീരുന്നു. മൂന്നാറിൻെറ തനതു പ്രകൃതിയുടെ സ്വത്വ താളോം, ആത്മ പ്രകടനങ്ങളുടൊക്കെ തുടക്കം ഇവിടുന്നാണ്. കയറീം ഇറങ്ങീമുള്ള കുന്ന്വോളിലും താഴ്‌വരേളിലും പച്ചപ്പട്ടു വിരിച്ചു കിടക്കുന്ന തേയിലച്ചാർത്തുകളുടെ നറുമണം ശ്വസനനാളികളിൽ ആന്ദോളനം ആടിക്കഴിഞ്ഞിരിക്കുന്നു. കുളിരലകൾ ശരീരത്തിൻെറ സപ്ത നാഡികളിലും ആഴത്തിൽ സ്പർശിച്ചും തുടങ്ങീരിക്കണു.

ഇന്ന് മെയ് അഞ്ച്. പ്രസൻേറഷൻ ചെയ്യേണ്ടത് നാളെയാണ്. അതായത് മെയ് ആറാം തീയതി രാവിലെ കൃത്യം ഏഴു മണിക്ക്. ഓൺലൈൻ പ്ലാറ്റ്ഫോമിലൂടാണ് പ്രെസൻേറഷൻ. ലോകമാകെ ഒരു വൈറസിനു ചുറ്റും കറങ്ങിത്തിരിയുന്ന ഈ കോവിഡ് മഹാമാരീടെ കാലത്ത് കാര്യങ്ങൾ ഓൺലൈൻ ആകുന്നതിൽ അതിശയമെന്ത്? രൂപപ്പെടുത്തുന്ന ആപ്പിൻെറ ഫൈനൽ കീ വിവരങ്ങൾ ട്രെയിനിംഗ് സ്ഥലത്തെ അവളുടെ റൂമിൽ ആയിരുന്നു. കോവിഡും ലോക്ക്ഡൗണും കാരണം പോകാനാകാഞ്ഞ സാഹചര്യം മൂലമാണ് അവ അവിടെ കുടുങ്ങിപ്പോയത്. അല്ലേലും പാലക്കാടും മൂന്നാറിനൂടയിൽ ദൂരോട്ടും കുറവൂല്ലല്ലോ? പ്രെസൻേറഷൻ വളരെ പെട്ടന്നൊരു തീരുമാനത്തിലായതാണു അവൾക്കു തലേദിവസം സഞ്ചരിക്കേണ്ട സാഹചര്യം വന്നു ഭവിച്ചത്. ശ്വേത മൂന്നാറിലെത്തുമ്പോൾ ഉച്ച കഴിഞ്ഞിരുന്നു. ടൗണിൽ സാധാരണേലേറ തിരക്ക് അനുഭവപ്പെട്ടിരുന്നു. പകലോൻ വെള്ളിവെളിച്ചത്തിൽ തിളങ്ങുന്ന കുപ്പായം ധരിക്കയും, കാർമേഘക്കെട്ടുകൾക്കൊപ്പം കരിവർണ്ണമണിഞ്ഞും മാറിമറിഞ്ഞു കാണപ്പെട്ടോണ്ടിരിക്കുന്നു. ഇടക്കിടെ വീശുന്ന നനുനനുത്ത കാറ്റ് കുളിരിൻെറ തോത് ഉത്തരോത്തരം കൂട്ടുകേം, അതുപോലെ കുറയ്ക്കുകേം ചെയ്യോണ്ടിരുന്നു. സമയം അതിൻെറ സ്വതസിദ്ധ ശൈലിയിൽ മുതിരപ്പുഴയാറിനൊപ്പം മുന്നിലേയ്ക്ക് നീങ്ങിക്കൊണ്ടിരുന്നു. ഇതിനിടയിൽ അവൾ പലോണ മഹീനെ വിളിച്ചെങ്കിലും കോൾ കണക്റ്റ് ആയതേയില്ല!

പിരിമുറുക്കങ്ങൾക്കൊടുവിൽ രാത്രി വൈകി ഉറങ്ങാൻ കിടക്കുമ്പോഴാണ് മഹീടെ ശബ്ദം കാതിലെത്തുന്നത്. നീ ഉറങ്ങിയായിരുന്നോ? ഇന്ന് ഒത്തിരി തിരക്കുള്ള സായാന്തനായിരുന്നു. അതോണ്ട നേരത്തെ വിളിക്കാൻ കഴിയാണ്ടിരുന്നത്. ഇനീം കൊറേ പണികൾ ബാക്കീണ്ട്. അതൊക്കെ പോട്ടെ നാളെ എല്ലാം നന്നായി ചെയ്യണേ. ഫോൺ ചാർജ് തീരെ കുറവാ. അപ്പോഴേയ്ക്കും ചുറ്റിലുള്ള സഹപ്രവർത്തകരുടെ ശബ്ദം ഉയർന്നു കേട്ടു. സർ, തിരച്ചിലിനുപോകാൻ ഞങ്ങൾ റെഡിയാ. ഇപ്പോൾ തന്നെ പോയാലോ? ഓ.കെ എന്ന വാക്കുകൾ എന്നോടെന്നില്ലാതെ പറയുന്നത് കേട്ടു. പിന്നെ വണ്ടീടെ ഇരമ്പൽ ശബ്ദം മാത്രം..



ഫോൺ ഓണായിരിക്കുന്നതിനാൽ പലവുരു വിളിച്ച് നോക്കി. കേൾക്കുന്ന ശബ്ദഘോഷങ്ങളിൽ നിന്നാണ് ആ വസ്തുത അവൾ മനസ്സിലാക്കിയത്. മേജർ ഫോൺ ഓഫ് ചെയ്യാണ് പാൻറ്സിൻ കാലുളിലെ പ്രത്യേകമായ പോക്കറ്റൊന്നിൽ ധൃതിയിൽ സൂക്ഷിച്ചിട്ടുള്ളത്. സൈലൻറ് മോഡിലായ കാരണം ഒച്ച കേൾക്കാനുമാവില്ല. യുദ്ധമില്ലാത്ത സമാധാന കാലങ്ങളിൽ ഫോൺ ചില പ്രത്യേക സാഹചര്യങ്ങളിൽ മാത്രം സുപ്പീരിയേഴ്സിനു അനുവദീയമത്രെ. സമയം കുറെയേറെ കഴിഞ്ഞിരുന്നു. ഇപ്പോൾ അവ്യക്തമായി കേൾക്കുന്നത് ചൈനീസിലും ഹിന്ദിയിലുമായി അത്യുച്ചത്തിലുള്ള വർത്തമാനങ്ങളാണ്. ഈ ബഹള കോലാഹങ്ങൾക്കിടയിലും മേജറിൻെറ കഠിന സ്വര ശബ്ദം പലവട്ടം കാതിൽ ഇരമ്പിയെത്തി. പിന്നാലെ ആർത്ത നാദങ്ങളും, ആളാരവങ്ങളും, അക്രോശങ്ങളും മാത്രം. "ജയ് ഹിന്ദ്" എന്നൊരു മന്ത്രണത്തിനൊടുവിൽ ഫോൺ സ്വിച്ച് ഓഫുമായി. എന്തോ അരുതാത്തത് നടക്കുന്നുവെന്ന ചിന്ത അവളെ തളർത്തി. ശ്വസന താളം വേഗത്തിലായി. എങ്കിലും മേജർ പകർന്നു തരാറുള്ള അപരിമേയമായ ശുഭാപ്തി വിശ്വാസം ഉള്ളിൽ നിറച്ചു അവൾ എപ്പോഴോ നിദ്രയിൽ ആകൃഷ്ടയായി.

പിറ്റേന്ന് പുലർച്ചെ എണീറ്റയുടൻ ശ്വേതയുടെ കരങ്ങൾ നീണ്ടത് ഫോണിലേക്കായിരുന്നു.തുരുതുരെ പലതവണ അവൾ മേജറിനെ വിളിച്ചു. ഫോൺ സ്വിച്ച് ഓഫ് എന്ന മറുപടി മാത്രം തിരികെയെത്തി. എങ്കിലും രാത്രി വൈകി ലഭിച്ച ഒരു മെസ്സേജ് അവൾക്ക് ആശ്വാസവും, പ്രത്യാശം പകർന്നു നൽകി. അതിങ്ങനെ ആയിരുന്നു. പ്രസൻേറഷൻ കലക്കൂ, ഓൾ ദി ബെസ്റ്റ്. പ്രസൻേറഷൻ കൃത്യസമയം നടന്നു. വൈകാതെ റിസൾട്ടും ലഭിച്ചു. ശ്വേതയുടെ പ്രസൻേറഷൻ ഒന്നാമതും ഒപ്പം മൾട്ടി നാഷണൽ കമ്പിനീടെ വമ്പൻ ഓഫറും.

സന്തോഷാതിരേകത്താൽ ഫോണിൽ മേജറിനെ വിളിക്കുമ്പോഴാണ് മിലിറ്ററി ഓഫീസറുടെ ശോകമൂകമായ വാക്കുകൾ കൂരമ്പുകളായി അവളിൽ പതിച്ചത്. ഇന്നലെ മിലിറ്ററി ഓപ്പറേഷനിൽ മേജർ മഹാദേവൻ.....! തുടർന്നുള്ള വാക്കുകൾ ശ്വേതയിലെത്തും മുമ്പ് അവൾ ബോധതലങ്ങളിൽ നിന്നും പുറത്ത് കടന്നിരുന്നു. തീവ്രമായൊരു മഴയിൽ സ്വപ്നങ്ങൾ ലക്ഷ്യമില്ലാതൊഴുകി ആദ ്യന്തമില്ലാതെ കയത്തിൽ അകപ്പെട്ടതുപോലെയായി പ്രകൃതി. കാലം തെറ്റി പൂത്ത നീലകുറിഞ്ഞിപ്പൂക്കൾ ഒന്നാകെ വാടുകയും, വാനം വിണ്ടുകീറി വെണ്ണീർ പൊഴിക്കയും ചെയ്തു. എന്നിരിക്കിലും മേജർ ചൊരിഞ്ഞ വാക്കുകളിൽ പ്രജ്ഞ വീണ്ടെടുത്ത ശ്വേത ശാന്തവും ശക്തവുമായ ഭാഷയിൽ തെളിമയോടെ പറഞ്ഞത് കേട്ടിരുന്നോരുടെ നെഞ്ചിൽ ആത്മഹർഷം നിറച്ചു. 'മേജർ മഹാദേവൻ അമർ രഹേ!'



JAYAN S KUMAR
ADMINISTRATIVE OFFICER



ALTHAF MUHAMMAD
CSE 2016 -20

As Covid 19 strikes wide all over the world, causing an escalated rate of fatalities and shoving the human brains into the grasp of fear and anxiety.

But there is still someone who is so happy and relieved. Who is it?
Yes,it's our mother Earth.

Since people are confined in their houses , they have deserted their automobiles in garages and shut the factories and other enterprises curbing the global level of pollutants. The Earth belongs to all. Her children are not only humans. So we humans are greedy and selfish to keep her warmth just to ourselves . So this is the time to rethink, to validate the existence of other organisms and to know the value of coexistence. You all may have seen the videos of living creatures bravely coming out to cities and towns. We have seized their land and now it's their opportunity to explore them. We can get a small relief from the grief or can bring atleast a small change in our minds knowing the fact that Earth is healing. Nature is refreshing.

The year 2019 has witnessed many disasters including Amazon wildfires and Kerala floods which had captured numerous lives and destroyed vast biodiversity. But these all are consequences of deforestation , mining and other such human activities. Nature was warning us. But nothing has changed. In beginning of 2020, Corona virus marched into China and thus spreading rapidly. Number of infected and deaths increased. Social distancing came into action. Factories and offices were shut down. Vehicles were dumped. Roads become empty. Pollution levels began to lower. Nature and Earth started to replenish. Therefore take this chance to plant some plants on your empty yards and to think and create innovative solutions for saving our planet. And try to use carpooling and other such methods in future to reduce pollution. So gets up and heal our Earth for a better tomorrow.

# OUR MOTHER EARTH

# 2121

(1000 വർഷങ്ങൾക്ക് ശേഷം ഞാനും എന്റെ കുടുംബവും ഒരു family holiday പോകുന്നതിന്റെ തികച്ചും സാങ്കൽപ്പികവും എന്നാൽ സാധ്യമാവാമെന്നുള്ളതുമായ ഒരു യാത്ര...)

ടൈം ട്രാവലിലൂടെ ഞങ്ങൾ 1000 വർഷങ്ങൾ കഴിഞ്ഞ് 2121 എത്തിയിരിക്കുന്നു. രണ്ട് ദിവസത്തെ Holiday trip ന് എന്റെ അച്ഛൻ പദ്ധതിയിട്ടു. ഇപ്പോൾ യാത്രകൾ പോകാൻ എത്ര സൗകര്യമാണ്. എന്റെ അച്ഛനും അമ്മയ്ക്കും എനിക്കും പല ആവശ്യങ്ങളായിരുന്നു ഈ യാത്രയ്ക്ക്. അമ്മയ്ക്ക് നന്നായി ഷോപ്പിങ് ചെയ്യണം, എനിക്ക് പുതിയ ഒരു സ്ഥലത്തേക്ക് പോകണം, എന്റെ അച്ഛനാകട്ടെ ഇതെല്ലാം തന്റെ ബഡ്ജറ്റിൽ ഒതുക്കണം. ഞങ്ങളുടെ Super smart phone ലെ Trip finder എന്ന ആപ്ലിക്കേഷൻ ഉപയോഗിച്ചുകൊണ്ട് വളരെ എളുപ്പത്തിൽ പോകേണ്ട സ്ഥലം കണ്ടെത്തി ചന്ദ്രനിലേക്ക് ഒരു യാത്ര. ആപ്ലിക്കേഷൻ സ്വയം തന്നെ യാത്രയ്ക്കുള്ള ടിക്കറ്റുകളും താമസസൗകര്യവും മറ്റും ഒരുക്കി. ശേഷം ഞങ്ങൾ ചന്ദ്രന്റെ മനോഹരമായ ചിത്രങ്ങളും വീഡിയോ ബ്ലോഗുകളും കണ്ടു.അടുത്ത ദിവസം ഞങ്ങളുടെ "Hyper Cell Vehicle" അതിവേഗത്തിൽ Space Port ൽ എത്തിച്ചു. വാഹനത്തിൽ ഇരുന്നുകൊണ്ട് തന്നെ Checkin ഉം Boarding ഉം ചെയ്തു. super space craft മിനിട്ടുകൾ കൊണ്ട് ചന്ദ്രനിൽ എത്തി. Hyper Cell Vehicle ന് എല്ലാ വിവരങ്ങളും കൈമാറിയതുകൊണ്ട് ബുക്ക് ചെയ്തിരുന്ന Smart Hotel ൽ എത്തിച്ചു. ആദ്യം ഞങ്ങൾ ഭക്ഷണം കഴിക്കാനായി Digital Restuarant ൽ കയറി. Robot കൾ ഞങ്ങൾക്ക് ഭക്ഷണം വിളമ്പി. അപ്പോഴാണ് അടുത്ത ടേബിളിൽ ഇരുന്ന Alien Family യെ പരിചയപ്പെടുന്നത്. അവർ പറയുന്ന ഭാഷ മനസിലാകാത്തതുകൊണ്ട് smart phone ലെ Translator പ്രയോജനപ്പെടുത്തി. പിന്നീട് Hyper Loop ഉപയോഗിച്ച് ചന്ദ്രനിലെ പല ടൂറിസ്റ്റ് സ്പോർട്ടുകളിലായി ഞങ്ങൾ പോയി.

പഴയ Space craft ൽ അമേരിക്ക ആദ്യമായി നാട്ടിയ കൊടി, Neil Amstrong സ്മാരകം എന്നിങ്ങനെ അനവധി കാഴ്ചകൾ. അടുത്തായി കണ്ട Chandrayan Park ൽ സമയം ചിലവഴിച്ചു, അവിടെ നിന്ന് നാലര billion വർഷം പഴക്കമുള്ള ഭൂമിയെ ഞാൻ ആദ്യമായി നോക്കി കണ്ടു. എന്റെ വംശപരമ്പരകൾ ഭൂമിയിലായിരുന്നു ജീവിച്ചിരുന്നതെന്നും, അപ്പൂപ്പന്മാരുടെ കാലത്തായി പിന്നീട് ജോലി ആവശ്യങ്ങൾക്കുവേണ്ടി എല്ലാവരും ചൊവ്വയിൽ താമസം ആരംഭിച്ചുവെന്നും അമ്മ പറഞ്ഞ് ഞാനറിഞ്ഞു. അതിമനോഹരമാണ് ഭൂമിയെന്ന് വിവരിച്ച നിമിഷം മുതൽ ഞാൻ ആഗ്രഹിച്ചു, ഇനിയൊരു യാത്ര ഞാനിതുവരെ കാണാത്ത ഭൂമിയിലേക്ക്. കാഴ്ചകളെല്ലാം കണ്ട് Alien കുടുംബത്തെ ചൊവ്വയിലെ ഞങ്ങളുടെ വീട്ടിലേക്ക് ക്ഷണിച്ചശേഷം തിരിച്ചു മടങ്ങി, ഭൂമിയിലേക്കുള്ള അടുത്ത യാത്ര സ്വപ്നം കണ്ടുകൊണ്ട്.



ഇത് തികച്ചും സാങ്കൽപ്പികമായ ഒരു കഥയാണ്. എന്നാൽ വർഷങ്ങൾക്ക് ശേഷം മനുഷ്യരുടെ ജീവിതത്തിൽ സംഭവിക്കാൻ പോകുന്നത് എന്ന് പറയപ്പെടുന്ന ചില കാര്യങ്ങൾ. അസാധ്യം എന്ന് കരുതപ്പെട്ടിരുന്ന പല കാര്യങ്ങളും ഇന്ന് നാം ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് നിഷ്പ്രയാസം ചെയ്യുന്നു. വരുംവർഷങ്ങളിൽ സാങ്കേതിക വിദ്യയുടെ വളർച്ച ഇതിലും വേഗത്തിലാകും. മനുഷ്യരെക്കാൾ മികവോടെ ജോലികൾ ചെയ്യാൻ കഴിവുള്ള റോബോട്ടുകൾ വരെ നിർമ്മിച്ചു കഴിഞ്ഞിരിക്കുന്നു. ഇനി വരുംകാലങ്ങളിൽ മനുഷ്യരെപ്പോലെ ചിന്തിക്കാനും പ്രവർത്തിക്കാനും കഴിയുന്ന റോബോട്ടുകൾ ജനിക്കുമെന്നും അവ ഭൂമിയെ കീഴടക്കുമെന്നും പറയുന്നവരും കുറവല്ല. മറ്റു രാജ്യങ്ങളിലേക്ക് വിനോദസഞ്ചാരം ഇന്ന് അസാധാരണമായെങ്കിൽ ഭാവിയിൽ space tourism എന്ന തലത്തിലേക്കാണ് വിനോദസഞ്ചാരത്തിന്റെ സാധ്യതകൾ വളരുന്നത്. ചൊവ്വ പോലെയുള്ള ഗ്രഹങ്ങളിലായിരിക്കും വർഷങ്ങൾക്ക് ശേഷം മനുഷ്യജീവിതം തുടരുക എന്നും പ്രവചനങ്ങളുണ്ട്. പണ്ട് കാലങ്ങളിൽ മനുഷ്യർ സ്വപ്നം മാത്രം കണ്ടിരുന്ന കാര്യങ്ങൾ യാഥാർത്യമാകുന്ന കാലത്ത് മനുഷ്യവികാരങ്ങളായ സ്നേഹം, കരുണ, വിശ്വാസം എന്നിവ സ്വപ്നമായി മാറാതെയിരിക്കാൻ കൂടി നമുക്ക് പ്രയത്നിക്കാം.



# 'ഒജി' ആണോ



പ്രകൃതി രമണീയമായ സ്ഥലം. പച്ച പരവതാനി വിരിച്ച കുന്നുകളും, ഇളം കാറ്റും, തണുപ്പും എവിടെ നിന്നോവന്ന് കാഴ്ച്ച മറയ്ക്കുന്ന കോടയും, ചെറിയ ചാറ്റൽ മഴയും. അങ്ങനെ മൂന്നാർ ജീവിതത്തിൻെറ ആദ്യനാളുകൾ ആസ്വദിക്കുകയായിരുന്നു. കോളേജിൽ പുതിയ കൂട്ടുകാരും, പുതിയ സ്ഥലവും. കുറച്ചു നാളുകൾക്ക് ശേഷം മൂന്നാർ എന്ന സ്ഥലത്തെ കണ്ടറിയാൻ ഉള്ള ആവേശം ആയിരുന്നു മനസ്സിൽ. അങ്ങനെ ഒരിക്കലാണ് ഞാൻ ആദ്യമായി "ലോഡ്ജ് ഹൈദർ" എന്ന് കേൾക്കുന്നത്. ലോഡ്ജ് എന്ന് കേട്ടപ്പോൾ ആദ്യം വലിയ അതിശയമൊന്നും തോന്നിയില്ല. പിന്നീട് സുഹൃത്തുകളിൽ ചിലർ പറഞ്ഞു തുടങ്ങി "അതങ്ങനെ സാധാരണ ഒരു സ്ഥലമൊന്നുമല്ല. എന്തൊക്കെയോ പ്രത്യേകതകൾ ഉണ്ട്. പകൽ സമയം പോലും ആരും അവിടെ പോകാറില്ല. വളരെ നിഗൂഢത നിറഞ്ഞൊരു സ്ഥലം. വർഷത്തിൽ ഒരിക്കൽ എന്തൊക്കെയോ നടക്കാറുണ്ടത്രെ. പക്ഷെ അതിനുള്ളിൽ എന്താ, ഏതാ എന്നൊന്നും ആർക്കും അറിയില്ല. അതൊക്കെ വലിയ രഹസ്യമാണ്. 'മണ്ടവെട്ടികോവിൽ' എന്നൊരു പേരും ലോഡ്ജ് ഹൈദറിനുണ്ട്". ഇതൊക്കെ കേട്ടപ്പോൾ ആദ്യം കരുതിയത് പേടിപ്പിക്കാൻ മാത്രമായി പറഞ്ഞ കാര്യങ്ങൾ ആണെന്നാണ്. പക്ഷെ അങ്ങനെ ഉള്ള കഥകളിലും പ്രേതങ്ങളിലും ഒക്കെയാണല്ലോ എല്ലാവർക്കും ചർച്ചചെയ്യാൻ താൽപ്പര്യം. എപ്പോഴും ചർച്ചകളിൽ ലോഡ്ജ് ഹൈദർ ഒരു സ്ഥിരം അതിഥിയായി. ഇത്രയൊക്കെ പറഞ്ഞുകൂട്ടിയ സ്ഥലത്തെ പറ്റി ഒരു ഭാർഗ്ഗവീനിലയത്തിൻെറ ഇമേജായിരുന്നു മനസ്സിൽ. പ്രേതത്തിലും ഭൂത ത്തിലുമൊന്നും വിശ്വാസമില്ല, എന്നാൽ ഭയത്തിൻെറ കാര്യത്തിൽ ആരും പുറകിലുമല്ല. ഇതൊക്കെയാണെങ്കിലും രാത്രി 2 മണിക്ക് പ്രേതപടങ്ങൾ കണ്ടില്ലേലും വീജാ ബോർഡ് കളിച്ചില്ലേലും ആർക്കും സാമാധാനവുമില്ല. അങ്ങനെയിരിക്കെയാണ് ആദ്യമായി ഞങ്ങൾ 4 സുഹൃത്തുക്കൾ CSI പള്ളിയിലേക്ക് പോയത്.

എത്രയോ വർഷങ്ങൾക്ക് മുമ്പ് പണിത പള്ളിയാണ്. ആ പഴയ മണം ഇപ്പോഴുമുണ്ട് ഉള്ളിൽ. പള്ളിയുണ്ടാക്കുന്നതിനു മുൻമ്പേ സെമിത്തേരിയുണ്ടായ കഥ- ആ പ്രണയകുടീരത്തിൻെറ കഥ. കേട്ടപ്പോൾ ഒരു ദീർഘനിശ്വാസവും. അവിടെ നിന്ന് ഇറങ്ങിയപ്പോഴാണൊരു സുഹൃത്ത് പറഞ്ഞത് " നീ ലോഡ്ജ് ഹൈദർ കണ്ടിട്ടില്ലല്ലോ.. വാ.. .ഞാൻ കൊണ്ടുപോകാം". മറുത്തൊന്ന് ആലോചിക്കാതെ കഥകളിലും ചർച്ചകളിലും മാത്രം കേട്ട ലോഡ്ജ് ഹൈദർ കാണാൻപോയി. എൻെറ പ്രതീക്ഷകളിൽ നിന്നും തികച്ചും വ്യത്യസ്തമായ സ്ഥലം. മൂന്നാർ പ്രധാനപാതയിൽ നിന്ന് കുറച്ചു ഉള്ളിലേക്ക് മാറി നിശബ്ദമായൊരു സ്ഥലം. ഒരു മൈദാനത്തിൽ തികച്ചും സാധാരണമായ ഒരു കെട്ടിടം. ആദ്യ കാഴ്ച്ചയിൽ ഞാനൊന്നമ്പരന്നു. അതാണ് ലോഡ്ജ് ഹൈദർ എന്ന് വിശ്വസിക്കാൻ ഗേറ്റിനരികെയായി വച്ച ബോർഡ് വായിക്കേണ്ടി വന്നു. മനസ്സിൽ കരുതിയ ചിത്രത്തിൽ നിന്നും തികച്ചും വ്യത്യസ്തം. എന്നിരുന്നാലും ആ സ്ഥലത്തെ നിശബ്ദത, ചുറ്റിനും ഒരു മനുഷ്യ കുഞ്ഞുങ്ങൾ പോലുമില്ല. രാത്രിസമയങ്ങളിൽ വന്നാൽ കേട്ടറിഞ്ഞ കഥകളും കൂടെ ഓർത്ത് ആരായാലും ഒന്ന് പേടിക്കും. പകൽ സമയങ്ങളിൽ പോലും ആരും പോകാൻ മടിക്കുന്ന ഈ സ്ഥലത്തിൻെറ പ്രത്യേകത എന്താണ്? ഈ ചോദ്യത്തിന് ഉത്തരം കണ്ടെത്താൻ ഒരു വർഷത്തിലധികം എനിക്ക് വേണ്ടിവന്നു.

ദിവസങ്ങളും മാസങ്ങളും കടന്നുപോയി. പഠനത്തിനപ്പുറം സൗഹൃദത്തിൻെറ കെട്ട് മുറുകി വന്ന കാലം. അതിനിടയിൽ ചിലരൊക്കെ ലോഡ്ജ് ഹൈദറിൻെറ നിഗൂഢതകൾ തേടിയുള്ള യാത്രകളിലെ ഒരുപാട് ദൂരമൊന്നും സഞ്ചരിക്കാനാവാതെ പകുതി വഴിയിൽ അന്വേഷണം മതിയാക്കി തിരിച്ചു മടങ്ങേണ്ടി വന്ന കഥകളും കേട്ടു.

ആ സമയത്താണ് ചർച്ചകൾക്ക് CSI പള്ളിയും, ലോഡ്ജ് ഹൈദറുമെല്ലാം വഴി മാറി ത്രികോണത്തിൻെറ വരവ്. ഇലുമിനാറ്റി ആദ്യമായിട്ടായിരുന്നു ഞാൻ അങ്ങനെയൊരു വാക്ക് പോലും കേൾക്കുന്നത്. എവിടെ നക്ഷത്രം കണ്ടാലും ത്രികോണം കണ്ടാലും ഇലുമിനാറ്റി. "ഇലുമിനാറ്റി, ഇലുമിനാറ്റി" എന്ന് ഉച്ചവെച്ച് നടക്കുന്ന മഹാന്മാർക്ക് പോലും അതെന്താണെന്ന് വലിയ നിശ്ചയം ഒന്നുമില്ല. ട്രോളുകളിലും വാട്സ്ആപ്പ് സ്റ്റാറ്റസുകളിലുമായി അതങ്ങനെ ഒതുങ്ങി. അപ്പോഴായിരുന്നു ലൂസിഫർ ൻെറ വരവ്. ചുരുളഴിയപ്പെടാത്ത ഒട്ടനവധി രഹസ്യങ്ങൾ എക്കാലവും മനുഷ്യമനസ്സുകളുടെ ജിജ്ഞാസയുടെ മുൾമുനയിൽ നിർത്തിയ ഒരു പേരാണ് ഇലുമിനാറ്റി. 2019ൽ മലയാളി പ്രേക്ഷകർ ഇരു കൈയ്യും നീട്ടി സ്വീകരിച്ച സിനിമയാണ് ലൂസിഫർ. അതിൻെറ വരവോടെ മലയാളികൾക്കിടയിൽ ഇല്ലുമിനാറ്റിയെ പറ്റിയുള്ള ചർച്ചകൾ ഒന്നുകൂടി വിപുലമായി. ഞാൻ ഉൾപ്പെടെ പലരും പിന്നീട് എന്താണ് ഇലുമിനാറ്റി എന്ന തിരച്ചിലും തുടങ്ങി. പിന്നീടങ്ങോട്ട് സോഷ്യൽ മീഡിയകളിൽ ഈ വിഷയത്തെപറ്റിയുള്ള ചർച്ചകളുടെ ഘോഷയാത്രയായിരുന്നു. എല്ലാത്തിനും ഒടുവിൽ ഒരു ചോദ്യവും. പ്രിഥ്വിരാജ് ഇലുമിനാറ്റിയാണോ??

ഒരാശയത്തെ ബന്ധപ്പെടുത്തി എന്തെല്ലാം കഥകൾ. ലോകത്തിലെ ഏറ്റവും രഹസ്യാത്മക സ്വഭാവമുള്ള സംഘടനയാണ് ഇലുമിനാറ്റി.അവ സത്യമാണെന്നും മിഥ്യയാണെന്നും അവകാശപ്പെടുന്ന ആളുകളുണ്ട്. അവ പണ്ട് നിലനിന്നിരുന്നതിൻെറ തെളിവുകൾ ലഭ്യമാണെങ്കിലും ഇപ്പോൾ ഉണ്ടോ എന്നതിന് തെളിവ് ആർക്കും ലഭ്യമല്ല. ഈ സംഘടന ഇപ്പോഴും നിലനിൽക്കുന്നുണ്ട് എങ്കിൽ ലോകത്തിൻെറ മുഴുവൻ നിയന്ത്രണവും ഇവരുടെ കൈകളിൽ തന്നെ ആയിരിക്കും. ഇവർ നമ്മോടൊപ്പം നമുക്ക് ചുറ്റും തന്നെയുണ്ട്, നാം തിരിച്ചറിയുന്നില്ല എന്ന് മാത്രം. ഇലുമിനാറ്റിയുടെ നിലനിൽപ്പ് തന്നെ ഒരു ചോദ്യചിന്നമായാൽ അതിനെപറ്റി അറിഞ്ഞിട്ടുള്ള വസ്തുതകളും സംശയത്തിൻെറ നിഴലിൽ തന്നെയാണ്. ചരിത്രം തേടി പോയപ്പോഴും ഉണ്ടായിരുന്ന 3 കഥകൾ. ഒന്ന് ഈ സംഘടനയുടെ ഉറവിടം ഇന്ത്യയാണന്ന് തന്നെയാണ്. കലിംഗയുദ്ധത്തിനു ശേഷം അശോകചക്രവർത്തിക്കുണ്ടായ വെളിപാട്. തങ്ങളുടെ ശക്തിയും ബുദ്ധിയും യുദ്ധത്തിനല്ലാതെ മനുഷ്യ നന്മക്കായി ഉപയോഗപ്പെടുത്താൻ ഒൻപത് പേർക്കായി എല്ലാ അറിവുകളും അദ്ദേഹം പകർന്നു നൽകി. അറിവുകൾ പുതുക്കി ഒരോ തലമുറയിലേക്കും ഈ ഒൻപത് പേരും പകർന്ന് കൊടുക്കുന്നു. അങ്ങനെ ലോകമെങ്ങും പല സ്ഥലങ്ങളിലായി ഇലുമിനാറ്റി അംഗങ്ങൾ ജീവിച്ചുവരുന്നു. പക്ഷെ ഈ കഥയെക്കാൾ ജനആകർഷണം നേടിയതും, ഇലുമിനാറ്റി എന്ന സംഘടന മുൻപ് ഉണ്ടായിരുന്നുവെന്നും തെളിവുകൾ തരുന്ന മറ്റൊരു കഥയാണ്. 1700 കളിൽ പള്ളിയും പട്ടക്കാരും ജനങ്ങളെ നിയന്ത്രിച്ചിരുന്ന കാലം.

ക്രിസ്ത്യൻ പള്ളികളായിരുന്നു ഭരണാധികാരികളെക്കാൾ ശക്തർ. തീവ്രമായ മതാചാരങ്ങൾ, അന്ധവിശ്വാസങ്ങൾ, അശാസ്ത്രീയത എന്നിവയിൽ നിന്നും ജനങ്ങളെ രക്ഷിക്കാൻ 1776 ൽ പ്രൊഫസർ ആദം വെയ്ഷെയ്പ്ട് തൻെറ 4 ശിഷ്യന്മാരുമൊത്ത് ഒരു യുക്തിവാദി സംഘടന രൂപീകരിച്ചു. 1778ൽ 'ദി ഓർഡർ ഓഫ് ഇലുമിനാറ്റി' എന്ന പുനർനാമകരണവും ചെയ്തു. ഒരു വർഷത്തിനു ശേഷം സംഘടനയുടെ ബലം കൂട്ടാനായി അക്കാലത്ത് പ്രവർത്തിച്ചുവന്നിരുന്ന മറ്റൊരു രഹസ്യ സംഘടനയായ ഫ്രീ മസോൺസിനൊപ്പം ഒത്തുചേർന്നു. ശാസ്ത്രത്തിൻെറ വളർച്ചയോടെ ബൈബിളിൻെറയും ക്രിസ്തു മതത്തിൻെറയും അടിസ്ഥാന തത്വങ്ങൾ പലതും ചോദ്യം ചെയ്യപ്പെട്ടു. ദൈവനിന്ദയാകയാൽ 1785 ൽ എല്ലാ രഹസ്യ സംഘടനകളും ബാൻ ചെയ്യുകയും, സംഘടനകളിൽ ഉണ്ടായിരുന്ന മുഴുവൻ ആളുകളെയും കൊന്നൊടുക്കുകയും ആയിരുന്നു. അതോടു കൂടി ജർമ്മനിയിലെ ബവേറിയയിൽ ജനനം കൊണ്ട ഇലുമിനാറ്റി നശിക്കപ്പെട്ടു എന്ന് എല്ലാവരും വിശ്വസിച്ചു. പക്ഷെ കുറച്ചു വർഷങ്ങൾക്ക് ശേഷം ' ദി പ്രൂഫ് ഓഫ് എ കോൺസ്പിറൻസി" എന്ന ഗ്രന്ഥത്തിലൂടെ ഞങ്ങൾ എങ്ങും പോയിട്ടില്ല, ഇവിടെ തന്നെയുണ്ട് എന്ന് അവർ ലോകത്തെ അറിയിച്ചു. അതിലൂടെ ഇലുമിനാറ്റി എന്ന ലോകം കണ്ട ഏറ്റവും വലിയ കോൺസ്പിറസി തിയറിയുടെ കനൽ ജനമനസ്സുകളിൽ നിക്ഷേപിക്കപ്പെടുകയും ചെയ്തു.

ഈ രഹസ്യസംഘടനയെപറ്റി വിശ്വസിക്കാൻ സാധിക്കുന്നതിലുമധികം കഥകൾ കേട്ടിട്ടുണ്ട്. അതിലെ വസ്തുതകൾ എത്രയുണ്ടെന്ന് ആർക്കും പറയാൻ സാധിക്കില്ല. കാരണം ഇലുമിനാറ്റി എന്നത് ഒരു കോൺസ്പിറസി തിയറിയാണ്. അത് ഉണ്ട് എന്നും ഇല്ലാ എന്നും വിശ്വസിക്കുന്നവർക്ക് അവരുടേതായ തെളിവുകളും ഉണ്ട്. 1700 കളിൽ അങ്ങനെയൊരു രഹസ്യ സംഘടന ഉണ്ടായിരുന്നു എന്നതിൽ ആർക്കും തർക്കമില്ല. എന്നാൽ പിന്നീട് ഇലുമിനാറ്റി എങ്ങനെ ഒരു കോൺസ്പിറസി തിയറിയായി? ടൈറ്റാനിക് കപ്പൽ മുങ്ങിയിട്ടില്ലായെന്നും, ഭൂമി ഉരുണ്ടതല്ല എന്നുമുള്ള ഒട്ടനേകം വരുന്ന കോൺസ്പിറസി തിയറികളിൽ ഒന്ന് മാത്രമാണ് ഇലുമിനാറ്റി. എന്നാലും ഇലുമിനാറ്റി കോൺസ്പിറസി തിയറിയോട് മാത്രം എന്താണ് ജനങ്ങൾക്ക് കൂടുതൽ കൗതുകം. നാം സ്വയം ആകൃഷ്ടരായതാണോ അതോ ആക്കപ്പെട്ടതോ??ചിന്തകൾ മാറി ചിന്തകരും മാറി. നാം ഇന്ന് ചർച്ച ചെയ്യുന്ന ഇലുമിനാറ്റി പരിണാമങ്ങൾക്ക് ശേഷം നവരൂപം കൈകൊണ്ടു എന്ന് പറഞ്ഞാലും തെറ്റാവില്ല. ഒരൊറ്റ ഭരണാധികാരം, ഒറ്റ രാജ്യം, ഒരു കറൻസി, ലോകം മുഴുവൻ ഒരു ശക്തിക്കു താഴെ എന്നതാണ് ലക്ഷ്യം. ഇന്ന് സമ്പന്നരും വ്യവസായികളുമായ 13 കുടുംബങ്ങളാണ് ഇലുമിനാറ്റിയുടെ തലപ്പത്ത്. ഇവർ സാത്താൻ സേവകർ ആണെന്നും പറയപ്പെടുന്നു.

അതിൽ ROTHCHILD എന്ന കുടുംബമാണ് ലോകത്തിൻെറ സാമ്പത്തിക ശക്തി. 90 ശതമാനേത്താളം ലോകസമ്പത്ത് ഈ കുടുംബത്തിൻെറ നിയന്ത്രണത്തിലാണ്. പല രാജ്യങ്ങൾ കെട്ടിപ്പടുക്കാനും യുദ്ധകാലങ്ങളിൽ കടം നൽകാനുവോളം സമ്പന്നരാണ് ഇവർ. സാമ്പത്തികം മാത്രമല്ല ശാസ്ത്രം, രാഷ്ട്രീയം, കല തുടങ്ങിയ മേഖലകളും ഇന്ന് ഇലുമിനാറ്റിയുടെ കൈകളിലാണെന്നാണ് പറയപ്പെടുന്നത്. ഇലുമിനായിയുടെ കൈകളിൽ ഒതുക്കുന്നതിനായി അംഗങ്ങൾ തമ്മിലുള്ള ആശയവിനിമയത്തിനും മറ്റുമായി ചില രഹസ്യ കോടുകളും ഉണ്ട്. അങ്ങനെ പല മേഖലകളിലേയും ഉന്നതരും പ്രമുഖരും സംഘടനയിലെ അംഗങ്ങളാണെന്ന് പറയപ്പെടുന്നു. സാധാരണക്കാരെ സ്വാധീനിക്കാൻ കഴിയുന്ന ഈ പ്രമുഖർ നാം അറിയാതെ തന്നെ ഇലുമിനാറ്റി അജണ്ടകൾ നമ്മിലേക്ക് എത്തിക്കുന്നു. ഇതെല്ലാം തന്നെ കോൺസ്പിറസികളുമാണ്. ഇത്തരം കാര്യങ്ങളെല്ലാം വിഢ്ഢിത്തരങ്ങളാണെന്ന് വിശ്വസിക്കുന്നവരും കുറവല്ല. ഇതുപോലെ ഒട്ടനവധി കോൺസ്പിറസികളാണ് ഇലുമിനാറ്റിയെ ചുറ്റിപറ്റി തിരിയുന്നത്. അതിൽ പ്രധാനപ്പെട്ട ഒന്നാണ് ബോബ് മാർളി, മൈക്കിൾ ജാക്സൻ, ജോൺ കെന്നടി തുടങ്ങിയ പ്രമുഖരുടെ മരണത്തിനു പിന്നിൽ ഇലുമിനാറ്റിയുടെ കരങ്ങൾ ആണെന്നുള്ളത്. ഏറ്റവും ചർച്ചചെയ്യപ്പെട്ട ഒന്നാണ് മൈക്കിൾ ജാക്സൻെറ മരണം. അദ്ദേഹത്തിൻെറ അവസാന ഗാനത്തിൽ " അവർ വരുന്നു" എന്ന് പറഞ്ഞിരുന്നു. ആര്? എന്തിന്? എന്നിങ്ങനെയുള്ള ഒരു സൂചനയും ലഭിച്ചിരുന്നില്ല. അവർ ഇലുമിനാകികളാണെന്നാണ് നിഗമനങ്ങൾ.. എങ്ങനെയാവാം ഈ പറഞ്ഞ പ്രമുഖരുടെ മരണത്തിൽ ത്രികോണക്കാർക്ക് പങ്കുണ്ടാവുക? ഇവയിൽ എന്തെങ്കിലും സത്യമുണ്ടോ?. രണ്ടാമത്തെ ചോദ്യത്തിന് തെളിവുകളില്ല, ഊഹങ്ങൾ മാത്രമേ ഉള്ളൂ. എന്നാൽ പറയപ്പെടുന്നത് ഒരിക്കൽ സംഘടനയുടെ അംഗമായാൽ ത്രികോണത്തിൻെറ പരിധിയിൽ നിന്നു പുറത്തിറങ്ങൽ അസാധ്യമാണെന്നാണ്.

ഇന്ന് ഇലുമിനാറ്റി എന്ന പേരിൽ പ്രവർത്തിക്കുന്ന സംഘടനകൾ ഓൺലൈനായി പ്രത്യേക നിയന്ത്രണങ്ങളൊന്നുമില്ലാതെ തന്നെ ആളുകളെ അംഗങ്ങളാക്കുന്നു."ഇലുമിനാറ്റിക്ക് വിശ്വാസങ്ങളില്ല പക്ഷെ അത് മനുഷ്യവർഗ്ഗത്തിൻെറ പരമാധികാരമാണ്. ഇതൊരു പള്ളിയോ, മതമോ, രാഷ്ട്രീയ പാർട്ടിയോ അല്ല, പകരം മനുഷ്യവർഗ്ഗത്തിൻെറ താൽപ്പര്യങ്ങൾ വർധിപ്പിക്കുന്നതിനായി പ്രവർത്തിക്കുന്ന ആഗോള സ്വാധീനം ചെലുത്തുന്നവരുടെ കൂട്ടയ്മയാണ്.. തീരുമാനങ്ങൾ സ്വതന്ത്രമാണ്. മനുഷ്യരെ സംരക്ഷിക്കാനും അവരുടെ നന്മയ്ക്കും വേണ്ടി പ്രവർത്തിച്ചുവരുന്നു. ആയതിനാൽ അംഗങ്ങൾക്ക് ഇഷ്ടമുള്ളതിൽ വിശ്വസിക്കുവാനും ജീവിക്കുവാനും സാധിക്കും." എന്നാണ് വെബ്സൈറ്റിൽ പറയുന്നത്.അങ്ങനെ ഈ പേരിൽ പ്രവർത്തിക്കുന്ന പല സംഘടനകൾ നോക്കുമ്പോൾ അവ തമ്മിൽ ഒരു പൊരുത്തക്കേട് തോന്നാം.

ചിലർ ബവേറിയൻ ഇലുമിനാറ്റിയുമായി ബന്ധമുണ്ട് എന്ന് പറയുന്നു, ചിലർ ഇല്ലാ എന്നും. മറ്റുചിലർക്ക് പേരിലുള്ള സാമ്യം മാത്രമാണ് ബന്ധം. അങ്ങനെ ഇന്നത്തെ സമൂഹത്തിൽ നിലനിൽക്കുന്നതൊന്നും 18 ാം നൂറ്റാണ്ടിൽ പള്ളികളേയും ഭരണാധികാരത്തെയും വേർതിരിച്ച് അനീതിയെ സംരക്ഷിക്കുന്നവരുടെ ഗൂഢാലോചനകൾ അവസാനിപ്പിക്കാൻ ശ്രമിച്ച സംഘടനയുടെ തുടർച്ച അല്ല എന്ന് കോൺസ്പിറസി തിയറിസ്റ്റുകൾ ഉറപ്പിച്ചു പറയുന്നു. പിന്നെ നാം ഇന്ന് ചർച്ച ചെയ്യുന്ന രഹസ്യ സംഘടനകൾ എന്താണ്?

ഇത്രയൊക്കെ അറിഞ്ഞപ്പോൾ തന്നെ സാമാന്യ മനുഷ്യന് കൺഫ്യൂഷൻ ഉണ്ടാക്കാവുന്ന തെല്ലാമായി. ഒരാൾ പറയുന്നു ഉണ്ടെന്ന്, മറ്റൊരാൾ പറയുന്നു ഇല്ലെന്ന്. പക്ഷെ എൻെറ അന്വേഷണം നിർത്താൻ ഞാൻ തയ്യാറായില്ല. കൂടുതൽ വിവരങ്ങൾ പരതി പോയപ്പോൾ വീണ്ടും കണ്ടത് കോൺസ്പിറസികളുടെ കൂമ്പാരമാണ്. ഇതിൽ രസകരമായി തോന്നിയതും ചിന്തിപ്പിച്ചതുമായ പലതും ഉണ്ട്. അതിൽ പ്രധാനപ്പെട്ട ഒന്നാണ് ചന്ദ്രനിൽ മനുഷ്യൻ ഇറങ്ങിയിട്ടില്ല എന്നും, അത് ക്ക"ഞ്ഞക്ക 51 ൽ നിർമ്മിച്ച സെറ്റിൽ ചിത്രീകരിച്ച ഒരു രംഗം മാത്രമാണെന്നും. അംഗീകരിക്കാൻ ഒരു ബുദ്ധിമുട്ടൊക്കെ തോന്നുന്നുണ്ടാവും. പക്ഷെ ലോകത്ത് ലക്ഷ കണക്കിനു ജനങ്ങൾ ഇത് വിശ്വസിക്കുന്നവരാണെന്ന് നമുക്ക് വിശ്വസിക്കാൻ കഴിയില്ല. മറ്റൊരു കോൺസ്പിറസിയാണ് ഏലിയൻസിനെ കുറിച്ച് പറയുന്നത്. അമേരിക്കയിൽ തന്നെ ഏറ്റവും അധികം ചർച്ച ചെയ്യപ്പെട്ട ഒരു സ്ഥലമാണ് ഏരിയ 51. അവിടെ അമേരിക്കയുടെ ശാസ്ത്രജ്ഞർ ഏലിയൻസിനെ സൂക്ഷിച്ചുവച്ചിട്ടുണ്ടെന്നും അവയെ പഠനം നടത്തിവരികയാണെന്നുമാണ്. പ്രസിഡൻറിന് പോലും കയറാൻ നിയന്ത്രണമുള്ള സ്ഥലത്തെ പറ്റിയുള്ള കഥകൾ കേൾക്കുക മാത്രമെ നമുക്ക് ചെയ്യാൻ സാധിക്കുകയുള്ളൂ. അതുകൊണ്ടുതന്നെ വർഷങ്ങൾ ഈ പറഞ്ഞ കാര്യങ്ങൾ നാം വിശ്വസിച്ചു. പിന്നീട് ഏരിയ 51 നെ കുറിച്ചുള്ള ദുരൂഹകഥകളുടെ കെട്ടഴിച്ച് പുതിയ കഥകൾ പുറത്തുവന്നു. അതും വിശ്വസിക്കാൻ പലർക്കും സാധിച്ചില്ല. ഒടുവിൽ വീണ്ടും ഒരു കോൺസ്പിറസി രൂപംകൊണ്ടു. ജാതിയുടെയും മതത്തിൻെറയും പേരിൽ മനുഷ്യർക്ക് വിഭജിക്കാമെങ്കിലാണോ വിശ്വാസങ്ങളുടെ പേരിൽ ആകാൻ കഴിയാത്തത്. ഇന്ത്യയിൽ നോട്ട് നിരോധനം ചെയ്തതും, പെട്രോൾ വില കൂട്ടുന്നതും ടൈറ്റാനിക് അറ്റ്ലാൻറിക് സമുദ്രത്തിൽ മുങ്ങാൻ കാരണമായതും തുടങ്ങി എല്ലാം ഇലുമിനാറ്റിയാണ് ചെയ്യുന്നത് എന്ന് വിശ്വസിക്കുന്ന ഒരു കൂട്ടം ആളുകളുമുണ്ട്. ബിൽ ഗേറ്റ്സ് മുതൽ ബോബ് മാർളി വരെ എല്ലാവരും ഇതിൽ അകപ്പെട്ടവർ. കൊറോണ രൂക്ഷമായതിനു ശേഷം സോഷ്യൽ മീഡിയയിൽ വന്ന ഒരു കമൻറും ശ്രദ്ധേയമായിരുന്നു.കൊറോണ സൃഷ്ടകരും ഇലുമിനാറ്റി തന്നെയാണോ എന്ന സംശയം. കണ്ടതും കേട്ടതുമായ കഥകൾ കൂട്ടിവായിക്കുമ്പോൾ ഊഹം തെറ്റായി എന്നും പറയാൻ സാധിക്കുന്നില്ല.

ഈ ലോകത്തെ മനുഷ്യരുടെ എണ്ണം കുറച്ച് ഇലുമിനാറ്റികൾ മാത്രമായൊരു ലോകം എന്നും കേട്ടിരുന്നു. അങ്ങനെ കോർത്തുപോയാൽ എല്ലാവർക്കും കണ്ടെത്താനാകും ഒരോരൊ കോൺസ്പിറസികൾ. വർഷങ്ങൾ കഴിഞ്ഞു തിയറിസ്റ്റുകളും വിശ്വാസികളും മാറിനിന്ന് യുക്തിയെ കുറിച്ച് ആധികാരികമായി ചർച്ച ചെയ്യുവാനും പുതു തലമുറ എത്തിയപ്പോൾ ഇലുമിനാറ്റിയുടെ വ്യാസം മുഴുവനായി ഒന്നുമാറി. ഇന്ന് ഇലുമിനാറ്റി രഹസ്യമല്ല, എല്ലാവർക്കും അറിയാം കഥകളും ചിഹ്നങ്ങളും കോടുകളും. പണ്ടെപ്പോഴോ രഹസ്യ സംഘട ഈ പേരിൽ ഉണ്ടായിരുന്നു. ഇന്ന് നമ്മുക്ക് ഇഷ്ടപ്പെടാത്തതും വിശ്വസിക്കാൻ ബുദ്ധിമുട്ടുള്ളതുമായ എല്ലാം ഇവരിലേക്ക് ഇട്ടു കൊടുക്കുന്നു. പറഞ്ഞ കഥകളൊക്കെ കഥകൾ മാത്രമാണെന്ന് പറയുവാൻ ഒട്ടേറെ ആളുകൾ എത്തിയപ്പോൾ ആരും തന്നെ ഇവ സത്യമാണെന്ന് സ്ഥാപിക്കുവാനും എത്തിയില്ല. പകരം ആ പേരു കൊണ്ടു ലോകം മുഴുവൻ ഉണ്ടായ വാണിജ്യ നേട്ടം വളരെ വലുതാണ്.

ഇലുമിനാറ്റി എന്ന പേരുപോലും ഒരു ബ്രാൻഡ് എന്ന പോലെ ലോകമെങ്ങും പല രീതിയിലും ഉപയോഗിച്ചു വരുന്നു. ഈ ആശയത്തെ മലയാള പ്രേക്ഷകരിലേക്ക് എത്തിച്ച സിനിമകൾ തന്നെ ഉത്തമ ഉദ്ധാഹരണമാണ്. മറഞ്ഞു കിടക്കുന്ന എന്തിലേയും നിഗൂഢത കണ്ടെത്താനുള്ള മനുഷ്യ മനസ്സിൻെറ വെഗ്രതയെ മാർക്കറ്റിംഗിൻെറ പ്രധാനഘടനയാക്കി മാറ്റാനും സാധിച്ചു. ത്രികോണവും ഒറ്റകണ്ണും വച്ച് എല്ലാം ഇലുമിനായിയുമായി ബന്ധപ്പെടുത്താൻ സാധിക്കുമെങ്കിൽ അതൊരു മാർകറ്റിംഗ് തന്ത്രമായി എന്നും വിശ്വസിക്കുന്നതിൽ തെല്ലല്ലോ. ലോകത്തേ ഭരിക്കാൻ ഇവരുണ്ടോ എന്ന് വ്യക്തമല്ല. എന്നാൽ ഈ പേരിൽ അനേകം ഇലുമിനാറ്റികൾ രഹസ്യമായും പരസ്യമായും പ്രവർത്തിക്കുന്നുണ്ട്.

നാം ഭയപ്പെട്ട ലോഡ്ജ് ഹെദറിൻെറ പുറത്ത് പലരും കണ്ട ചിന്നം കൊണ്ടാവാം ഊഹങ്ങളിലും കഥകളിലും ചുറ്റപ്പെട്ട് ഇന്ന് ആ സ്ഥലം നിഗൂഢതയുടെ മറവിൽ കിടക്കുന്നത്. ഫ്രീ മസോൺസ് എന്ന സംഘടന നിലനിൽക്കുന്നതിൽ തർക്കമില്ല. എന്നാൽ 18 ാം നൂറ്റാണ്ടിൽ ഇലുമിനാറ്റി സംഘടനയുമായി യോജിച്ച സംഘടന ഇപ്പോഴും അങ്ങനെ തന്നെയാണ് തുടരുന്നത് എന്നതിൽ വ്യക്തതയില്ല. ഫ്രീ മസോൺസ് ഒത്തുകൂടലും ആരാധനയും പുറം രാജ്യങ്ങളിൽ പരസ്യമായി തന്നെയാണ് നടന്നുപോകുന്നത്.

ഈ പറഞ്ഞ കാര്യങ്ങൾ എന്തെല്ലാമായാലും 1776 ൽ സ്ഥാപിച്ച ഇലുമിനാറ്റി സംഘടനയാണ് ഇന്നും നിലനിൽക്കുന്നതെങ്കിൽ അവർ മനുഷ്യ നന്മയ്ക്ക് വേണ്ടി പ്രവർത്തിക്കുന്നവർ ആകേണ്ടതാണെന്ന് പറയപ്പെടുന്നു. ഇവയെല്ലാം തന്നെ കെൾവിക്കാരൻെറ ചിന്തകളോട് വഴങ്ങുന്നവയാണ്. അതുകൊണ്ട് എന്ത് വിശ്വസിക്കണം വിശ്വസിക്കണ്ട എന്ന് നമുക്ക് തന്നെ തീരുമാനിക്കാം. യുട്യൂബ് വീഡിയോകളുടെ സ്വാധീനം ഞാൻ ഉൾപ്പടെയുള്ള പലരേയും നിഗൂഢതകൾ തേടിപോകാൻ പ്രേരിപ്പിക്കാറുണ്ട്.ഇലുമിനാറ്റി തേടിയുള്ള യാത്രയ്ക്ക് ഒടുവിൽ, വീണ്ടും അതൊരു കോൺസ്പിറസി തിയറിക്കപ്പുറം വിശദീകരിക്കാൻ കഴിയില്ലാത്ത ഒന്നാണെന്ന് പറയുവാൻ മാത്രമേ ഇപ്പോൾ സാധിക്കൂ. ലൂസിഫർ, ഡാർക്ക്മോഡ് വീഡിയോസ്, സമുസേം, ഇലുമിനാറ്റിയും എല്ലാം പക്ഷെ കൊറോണ നിഷ്പ്രയാസം തുടച്ചുമാറ്റി എന്ന വസ്തുത ആർക്കും വിശ്വസിക്കാം. ചർച്ചകൾക്ക് പുതിയ വിഷയങ്ങളും ലഭിച്ചു, ഇലുമിനാറ്റി കോൺസ്പിറസി തിയറിസ്റ്റുകൾക്ക് പുതിയ ഇരയേയും.

**- അനോണിമസ് -**

“എല്ലാം കാണുന്ന കണ്ണ് ആരുടേതാണെന്ന് കാഴ്ചക്കാരന് തീരുമാനിക്കാം.....”

# HUMANOIDS

For the past couple of years, the term "Humanoid" becomes so much popular in the world. So what is a humanoid? Is it just a robot? A lot of people will have doubt on this topic. A humanoid robot is a robot which have the human physical attributes, but also they have the intelligence to communicate with humans & other robots. Actually they are provided with preprogramed sensors & actuators for some specific activities.

What do you think about the future of humanoid ? It's an interesting question. Everyone will have different opinion about the future of Humanoid. But, according to me, Humanoid will be the technology of future . Humanoid robots have an enormous application in our society. They can be used in the field of Health care, Education, Entertainment,...etc. In Every moment the world around us are changing in a rapid manner. AI, Space Stations, Nano Technolgy etc... were unimaginable in hundred years ago. But what happened now ? As we all know these technologies have become fundamentals of our time. Now days, robots are doing some our jobs like delivering lecturers, guiding visitors, factory works,...etc.



What happens after 100 years? Does anyone ever think about it? I think the number of robots will be huge. It may match 1% of Human Population, i.e around 1,00,000,000. Also they will have their own mind. Currently, they can feel fear. So, after 100 years they will surely attain our stability, i.e they can feel like us, talk like us. They will become replica of us. I even wondering that, there will exist a community for them. Humanoid Marriages, Humanoid Space travellers, Humanoid Priests etc..may happen in future. Engineers, Doctors, Journalists all will run for their survival in future. I would like to ask a question, what if they started to play with our emotions? I hope that everyone of us have watched the transformers movie series. The answer lies in the movie itself. Even Human Marrying robots can also happen in future.

For the last few years a lot of movies have made with these topics. It all showed us the future. Robots can be used in positive as well as negative ways. They can be used in Exploration activities, Rescue operations, Mining...etc in future. At the mean time they can be used for Fraudulent activities, Terrorism, and other harmful activities also in future.

Each and every day the applications as well as popularity are increasing. We can't imagine a future without Humanoids. Opinion of the people towards the use of Humanoid varies from user to user. But, over dependence of Humanoid is not Good. It may lead to the destruction of Humanity, as well as Human Race similiar to the Hollywood movie Prometheus shown.

- ARJUN M V
CSE 2016 - 20

"
**Will robots**
**Inherit the earth?**
**yes, but they will be**
**our children**
"

**-Marvin Minsky**

# The Ever-changing Computers and Future

People often wonder how the future will look like. Movies depict future with interactive systems having holographic displays, flying cars and what not. Did we see fly cars yet? No one can accurately predict how the technology would look like in the future and those who did were not quite accurate too. The reason simply being technology is unpredictable. The best we can have is a vague insight into the future with respect to our current technologies. I will be talking with this insight throughout.

The future of computing is not defined by a single system or entity. Even today, there are a huge variety of computers. We have PCs, servers, mainframes, Internet of Things (IoT) devices and the list goes on and on. So, to say there will be a quantum computer in every office or house would certainly be too short sighted. One thing that everybody agrees on is that quantum computing will become a major technology in the future but it would not mean traditional desktops or laptop systems will be eliminated. I am quite affirmative that these systems would still cease to exist but with different architecture which might be far away from our current technology. The stress is on the usage of the system and the role. This can be understood from the past technology changes. Personal Computers have been existing for years but with changing architecture.



The understanding capabilities of computing devices are on a fast track since 2000s and this trend will mostly lead to computers mimicking human brain to a large extend. Researches are still going on these fields and researchers are evident that this will change the way computers interact with the information provided to them. At this point we can agree that Artificial Intelligence (AI) will become main stream. Every task our computer perform would be dictated by an AI. Traditional programming will be replaced to a large extend by AI. AI will be part of our day to day life. As did mentioned earlier computing is not limited to a single device, AI will be the foremost example of how computing will no longer be centralized and literally be moving from devices to devices.

As Brien Posey said "The future computers would process even more data than today and for that computers would require variety of data and to input these data, computer would have highly sophisticated sensors".One of the things that makes modern mobile devices so powerful is that these devices include so many different sensors that can be utilized

by applications. A modern mobile device can sense GPS position, light, temperature, sound, touch input and much more. Imagine a world were devices would be equipped with thermal sensing, 3-D Vision and holographic sensors, this opens limitless possibilities for the developers. As electronic components continue to shrink in size and processing power continues to increase, having an increasingly exotic array of sensors embedded into a computing device will become ever more practical.

More changes in processing terms would take place in coming decades. As we already have computer with multiple cores, from this it is evident that in future, we will work with computers having hundreds of cores. Apart from the limited use of these in software today, which uses it for simple multi-threading.

With all this said you may still wonder if this is what holds for the future of digital computing but the truth is, these are just some educated guesses. No one really knows what holds in the future for digital computers. But as we are moving towards more and more automation it is evident that future computers will be more intelligent and quicker but as years will go by our needs too increases so it concludes to an important conjunction, in technology it is never enough.




What's important is we continue to develop and continue pushing ourselves forward. As Bill gates was once quoted "We always overestimate the change that will occur in the next two years and underestimate the change that will occur in the next 10. Don't let yourself be lulled into inaction.

(Bill gates, The Road Ahead)

Melbin Mathew
CSE 2016-20



# AT A GLANCE

SEETHAL ANNA THOMAS
CSE 2016-20

We are sure that many of you know something about our planet's past.... Dinosaurs, huge meteorites, ancient architectural monuments… Information about these are available to everyone…

But have you ever wondered what will happen to our world in next 10000 years? Many modern scientists have been concerned about this issue for several decades. There exist a lot of assumptions and predictions on the future of our planet and the human zodiac. The entire universe will be conquered by robots, the entry of aliens, human will become an interplanetary species, and may be researches will discover ways to make human immortal…

Though these being the famous ones, let us look at the few of them…

## 2021



Universe will depend more on the renewable energy like wind energy, solar energy etc… which will bring along a positive impact on the environment. Echo-cities will be established over the world. Petrol/diesel cars will be replaced by electric cars.

## 2035



AI powered Google assistant, Siri and so on… will become more and more interactive with human. These computer programs will start to communicate with human as if humans communicate with each other.

## 2060



More than 10 lakhs of people will inhabit at Mars with the help of different space agencies.

## 2078

Head start of era of robots. As if now each of us have a mobile phone, we will own a robot later at that time. Sophia, a social humanoid robot which is one of the best representation of Artificial Intelligence.Technologies to control the climatic change will be emerged. Researches have already started.



## 2110

All devices and instruments will be completely based on AI. Device that would allow for an extracorporeal pregnancy (Artificial Womb) by growing a foetus outside the body of an organism will be discovered. This can greatly influence the population control.




## 3000

There will be variations in the physical appearance of human. Height and strength will be increased along with the brain power. Love, sympathy, trust, respect which are vital in relation will get abated. There will be technologies like Gene Editing. Gene Editing or Genome Engineering or Genome Editing is a type of genetic engineering in which DNA is inserted, deleted, modified or replaced in the genome of a living organism.



## 4000

Cyborgs will turn habitual. Cyborg, a contraction of “Cybernetic Organism” is a being with both organic and biometric body parts. Neil Harbisson is the world’s first legally recognised cyborg. He has an antenna implanted into his skull that gives him access to something he was born without, the ability to perceive colour. The universe will speak a common language. The world will get into the time of digital money.Interpalnetary transportation become simpler.



## 7000

Solar energy will be completely used by human using some kind of technologies. Dyson Sphere which is a hypothetical mega structure that completely encompasses the star and capture a large percentage of its power



## 10000

Era of Nanobots.Nanobots can have a size of 0.1 micrometre which is equal to the size of a single cell. With the help of nanobots diseases will be cured with no time. Spaceships can have a speed of light which makes transport much easier. In this Era, aliens may meet humans.Teleporatation and worm hole travel become practically possible. Even time machines will be discovered which can control time.



***Well these all are assumptions and predictions.***
***SO live until these come true…***



ഓളപ്പരപ്പുകൾ കടലാസുവഞ്ചിയേ
സമുദ്രത്തിൽ എത്തിച്ചിരിക്കുന്നു.
ആർത്തിരമ്പുന്ന തിരമാലകളിൽ,
കടലാസുവഞ്ചി എത്തി വലിഞ്ഞ്
നീലാകാശത്തെനോക്കി. അതിലേക്ക്
ഇനിയും അനന്തമായ ദൂരം ഉണ്ട്
പകുതിയോളം നനഞ്ഞ്
അലിഞ്ഞിരിക്കുന്നു. യൗവ്വനത്തിന്റെ
ചുറുചുറുക്കോടെ കടലാസുവഞ്ചി
തന്റെ
യാത്ര പിന്നെയും തുടർന്നു.
യാത്ര ഇവിടെ അവസാനിക്കുന്നില്ല..



ഇവിടെയുണ്ടു ഞാൻ
എന്നറിയിക്കുവാൻ
മധുരമായൊരു
കൂവൽ മാത്രം മതി

ഇനിയുമുണ്ടാകുമെന്നതിൻ
സാക്ഷ്യമായ്
അടയിരുന്നതിൻ
ചൂടുമാത്രം മതി.

ഓരോ കാലത്തിന്റെയും
ഓർമ്മപ്പെടുത്തലാണ് ഓരോ
ഫോട്ടോ ഫ്രെയിമും.
കാലം ബാക്കിവെച്ച
ഓർമ്മച്ചെപ്പുകൾ ഇവിടെ തുറക്കട്ടെ. ..





# ONAM 19


















HAPPY
ON M


HAPPY
ON M


HAPPY
ON M






HAPPY
ON M






# ILIAD 19


















ILIAD19






FELL IN
WITH THE WAY

~ ART SPEAKS WHERE








# KAIZEN 7






































KAIZEN










# ASHWAM 19












# COLLEGE KABADI TEAM
## (STATE LEVEL WINNERS)











# UNION INAUGURATION














COLLEGE OF ENGINEERING MUNNAR


EVENSIA 3.0

# EVENSIA






IEEE
EVENSIA 3.0










IEEE
EVENSIA 3.0




EVENSIA 3.0
















**NATIONAL SERVICE SCHEME**
**TECHNICAL CELL**
COLLEGE OF ENGINEERING MUNNAR

# CONGRATULATIONS

## FENEESHYA ELIZABETH
*Volunteer Secretary, NSS Unit 173*

For being selected for the
71st Republic Day Parade Camp
on behalf of NSS Kerala- Lakshadweep
Contingent

Unit 173

# Placement Cell















# Alumini Meet 2020



# Computer Science & Engineering 2016-20 Batch



HoD : Dr. Deepa S Kumar



Tutor : Soumya S



Abdul Basith Abdul Kalam | Aiswarya Lakshmi | Akshaya Anand | Althaf Muhammad | Anjana Chandran | Anna Nebu | Ansiya Mohammed | Arjun M V | Ashil K P | Bijish Krishnan U K | Christopher Varghese Mathala | Clintu Tom Chacko | Ditto Alex | Gopika Gopakumar | Jagath Sekhar | Jerrin Francis | Karthik T Sajeev | Megha Manoj | Melbin Mathew | Namitha Narayanan | Nandu B S | Navaneetha U S | Prabilal V P | Saranya M | Seethal Anna Thomas | Shilpa Murali | Shincy Paul | Sunanda S | Varsha Paul | Vinotha G | Nikhil Tomy | Amrita M.S | Annie Devasia | Tony Joseph | Manikandan M | Manacy K R | Jilan Jude Jose | Muhammed Nabeel P



HoD : Biju K

# Electrical & Electronics Engineering 2016-20 Batch



Tutor : Shahimol Basheer



Abhijith S Pillai | Ajsal M | Anjana S | Anjana Sivan | Aparna T M | Aswin Krishna P | Drowpathy B | Faslu Rahman N C | Jobin Johnson |
Melbin Mathew | Melbin Simon Rodrigues | Nandhu Sathyan | Nigima Krishna | Ramshid N K | Sony Joy | Sourav A S | Swetha M | Tharun Thamby |
Ahlad I S | Ajay Vishnu G K | Akhilesh Arjun | Aravind C V | Eby Paul | Hafis K M | Rahul V R | Sreeraj K G | Favas P K | Sufi C J |Vineeth Gopalakrishnan |



HoD : Anilkumar K R

# Mechanical Engineering 2016-20 Batch



Tutor : Ramesh Chand K A





Abhin T.A | Adarsh Ajish | Adarsh P T | Akhil C | Amal K B | Anandhu Jinan | Anpin K Abraham | Aravind Mohan | Aromal N M | Ashish Joshy | Asif Ansari |Aswanth A P | Bibin Sunny | Bipin Krishnan P | Gishnu Gopakumar | Haneen Ahammed K |Ijas Ahammed K | Irfan U | Jerry A | Jipun S Shaji | Jithin N | Joel Babu | Manikandan D | Mohammed Shibil | Mohammed Junaiz A P | Muhammed Afsal | Muhammed Nissam | Musabah K | Noel Bosco A | Praveen K Prasad | Riyan Zacharia | Saijo George | Sakhil T S | Shijo K Shaji | Tijo Alex Vaidyan | Vishnu N P | Vishnu Raj M | Abhigith Ramesh | Abhin Varghes | Ajith Cp | Arun P Tom | Basil Shaju | Akshay Shambu K | Harisanth K | Jemshid Sha Ali | Munna Saadh P K | Sooraj M T | Vinu G | Ajo Ram

# Electronics & Communication Engineering 2016-20 Batch


HoD : Dr. Ramesh P


Tutor : Anith Mohan















Abishek V Kartha | Akhil Jacob Jaison | Amal P Menon | Aparna Ramesh | Bisliya Babu K | Colin Chacko | Hepzibha D | Joel M James | Midhun Suresh | Navaneeth P | Samin Thejas | Simi Ann Abraham | Vishnu Pavithran

# HEAD OF DEPARTMENTS


ANILKUMAR
HOD-Dept of MEC


Dr RAMESH P
HOD-Dept of ECE


Dr DEEPA S KUMAR
HOD-Dept of CSE


BIJU K
HOD-Dept of EEE


BIJU CV
HOD-Allied Dept,
PTA Secretary


Dr BIJU V G
Academics


AMAL THUKKU
Training and
Placement Officer


JAYAN KUMAR
Administrative Officer


ANISH R
Physical Education

# COLLEGE OF ENGINEERING MUNNAR
(ACADEMIC YEAR 2019-20)



TEACHING STAFF



ADMINISTRATIVE STAFF



TECHNICAL STAFF



വലിയ കാര്യങ്ങളല്ല ....ചെറിയ കാര്യങ്ങൾ ചെയ്യുന്ന
നിങ്ങളാണ് Super Heros

# COLLEGE UNION 2018-19



KURUVILLA KURIAN
Chairman



FENEESHYA ELIZABETH
Vice-Chairperson



RAHUL V R
General Secretary



CLINTU TOM CHACKO
Arts Club Secretary



NAVANEETHA U S
Magazine Editor



ARYA P S
Lady Representative



AKSHAY S PRATHAP
Sports Captain

# Crew



Navaneetha U S



Abhijith S Pillai



Sourav A S



Athul AjayGhosh



Sunanda S



Anjana S



Bijish Krishnan U K



Seethal Anna Thomas



Manoj R



Abdul Basith



Clintu Tom Chacko



Rahul V R



Arjun M V



Vaishagh P



Adarsh Ajish



Vinu G S



Manikandan D



Nandu B S



Ganesh Krishna



Joel M James



Ashil K P



Karthik Sajeev

# അവസാന വരി

ഈ മാഗസിൻ ഇവിടെ അവസാനിക്കുന്നതോടൊപ്പം നാലു വർഷത്തെ കലാലയ ജീവിതവും ഇവിടെ അവസാനിക്കുകയാണ് കാലം ഒരു വിട പറയാൻ പോലും അവസരം തരാതെ. ഒരു സാധാരണ കടലാസിൽ നിന്നും തുടങ്ങി പല പല രൂപകല്പനയിലൂടെ കടന്നുപോയി അവസാനം അതൊരു കടലാസുവഞ്ചിയായി രൂപം കൊണ്ടു...ഒരുപാട് സ്ഥലത്തേക്ക് നേരിട്ട് തുഴഞ്ഞു പോകണം എന്നായിരുന്നു ആഗ്രഹം...പക്ഷെ വഞ്ചിയെ മുക്കാൻ പാകത്തിന് വില്ലനായി കൊറോണ ഉഗ്രരൂപം കൊണ്ട് നില്പ്പുണ്ടായിരുന്നു. ലോക്ഡൗൺ ആയി വീട്ടിൽ കുടുങ്ങിപ്പോയപ്പോൾ മഴയത്ത് ഒറ്റക്കായ ഒരു കുട്ടിയെ പോലെ ആയി ഞാൻ. അന്ന് എനിക്ക് കുട ചൂടി തന്ന് എന്റെ കൈയ്യിലുള്ള കടലാസിനെ സംരക്ഷിച്ചുകൊണ്ട് എനിക്ക് പൂർണ പിന്തുണയേകിയ എന്റെ സുഹൃത്തുക്കളോടുള്ള എത്ര നന്ദി പറഞ്ഞാലും മതിവരില്ല. തുടക്കം മുതൽ ഒടുക്കം വരെ നിർദ്ദേശങ്ങളും ആശയങ്ങളും നൽകിയ മനോജ് സർ, ഇനിയെന്ത്? എന്ന് അലോചിക്കുമ്പോൾ ഇനിയുമൊരുപാടുണ്ട് എന്ന് പറഞ്ഞുകൊണ്ട് എന്റെ കടലാസുവഞ്ചിയെ ഒരു ചുളുക്ക് പോലും ഏൽപ്പിക്കാതെ പുറത്ത്കൊണ്ട് വരാൻ സഹായിച്ച കോളേജിന് അകത്തും പുറത്തുമുള്ള എല്ലാ മിത്രങ്ങൾക്കും നന്ദി.. കടലാസുവഞ്ചിയെ വാക്കുകൾ കൊണ്ട് വർണ്ണാഭമാക്കി തീർത്ത വിജയൻ മോഹന ദമ്പതികൾ, സ്ട്രെൽ, സുജിത്തേട്ടൻ, അനുചേട്ടൻ, റോഷൻ ചേട്ടൻ എന്നിവർക്കും നന്ദി. ചിന്തകൾ മരവിച്ചപ്പോഴും, പ്രശ്നങ്ങളിൽ അറച്ചുനിന്നപ്പോഴും ധൈര്യം പകർന്ന് മുമ്പോട്ട് നയിച്ച ആ സുഹൃത്തിനും, വീടുകളിലെ മറ്റുകാര്യങ്ങൾ മാറ്റിവെച്ച് മാഗസിൻ പണികളിൽ മാത്രം മുഴുകിയിരുന്നപ്പോഴും പരിഭവം പറയാതെ യഥാസമയവും ഭക്ഷണം തന്ന അമ്മമാർക്കും നന്ദി. എല്ലാത്തിനും ഉപരിയായി കൂടെയുണ്ടായ അജ്ഞാത ശക്തിക്കും, ദൈവത്തിനും ഒപ്പം ക്ഷമയോടെ ഞങ്ങളുടെ ഈ ചെറിയ മാഗസിൻ വായിച്ച നിങ്ങൾക്കും നന്ദി

നവനീത
എഡിറ്റർ
കടലാസുവഞ്ചി



Send us your feedback:
cemmagazine2020@gmail.com
9562453407




കടലാസുവഞ്ചി

Copyright © 2020
All Rights Reserved